# ദൈവത്തിന്റെ വചനം



ദൈവത്തിന്റെ വചനം നമ്മുടെ ഹൃദയത്തിലും വായിലും വസിക്കണം
എന്നാണ് ദൈവം ആഗ്രഹിക്കുന്നത് (ആവർത്തനപുസ്തകം 30:11–14)

**അഷീഷ് റായിച്ചൂർ**

അച്ചടിച്ചതും വിതരണം ചെയ്തതും
എല്ലാ ജനങ്ങളുടെയും സഭ & വേൾഡ് ഔട്ട്റീച്ച്, ബാംഗ്ലൂർ
ഒന്നാമത്തെ പുസ്തകപ്പതിപ്പ് അച്ചടിച്ചത്: നവംബർ 2012

ഭരണാധികാരമുള്ള പത്രാധിപർ/പ്രസിദ്ധീകരണ പ്രമാണി: വാലന്റീന ഹ്യൂബെർട്ട്
വിവർത്തനം: എം.പി. കോശി
അവതരണവും വരച്ച ബാഹ്യരൂപ ചിത്രണവും: കരുണ ജറോം, byFaith Design

സമ്പർക്ക വിവരം:
എല്ലാ ജനങ്ങളുടെയും സഭ & വേൾഡ് ഔട്ട്റീച്ച്
നമ്പർ 7എം-319, സെക്കന്റ് ഫ്ളോർ, സെക്കന്റ് ബ്ലോക്ക്
എച്ച്.ആർ.ബി.ആർ. ലേ-ഔട്ട്, കല്യാൺ നഗർ, ബാംഗ്ലൂർ 560 043
കർണ്ണാടക, ഇൻഡ്യ

ഫോൺ: +91-80-65970617
ഇമെയിൽ: contact@apcwo.org
വെബ്സൈറ്റ്: www.apcwo.org

മറ്റുവിധത്തിൽ സൂചിപ്പിക്കാതെയിരുന്നാൽ, എല്ലാ തിരുവെഴുത്തു ഉദ്ധരണികളും എടുത്തിരിക്കുന്നതു വിശുദ്ധ വേദപുസ്തകത്തിൽ നിന്നുമാണു, പുതിയ കിംഗ് ജയിംസ് ഭാഷ്യം.

**സൗജന്യമായ വിതരണത്തിനു വേണ്ടി**

ഈ പ്രസിദ്ധീകരണത്തിന്റെ സൗജന്യമായ വിതരണം സാധ്യമാക്കിത്തന്നതു എല്ലാ ജനങ്ങളുടെയും സഭയിലെ അംഗങ്ങളുടെയും, പങ്കാളികളുടെയും, സുഹൃത്തുക്കളുടെയും ധനപരമായ സഹായത്തിലൂടെയാണു. ഈ സൗജന്യ പ്രസിദ്ധീകരണത്തിലൂടെ നിങ്ങൾ സമ്പന്നനായെങ്കിൽ, ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു ധനപരമായി സംഭാവന ചെയ്യുവാൻ, എല്ലാ ജനങ്ങളുടെയും സഭയിലെ സൗജന്യ പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സഹായിക്കുവാൻ. നന്ദി.

(Malayalam book - God's Word)

# ദൈവത്തിന്റെ വചനം

# ഉള്ളടക്കം

1. ദൈവത്തിന്റെ വചനം:

നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം............ 1

2. ദൈവത്തിന്റെ വചനം:

അതിന്റെ വിശുദ്ധിയും ശക്തിയും........................ 15

3. ദൈവത്തിന്റെ വചനം:

അത്ഭുതത്തിന്റെ വിത്ത്............................................ 29

4. ദൈവത്തിന്റെ വചനത്തിൽ

ധ്യാനിക്കുന്നത്.......................................................... 42

# 1

# ദൈവത്തിന്റെ വചനം: നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം

നമ്മുടെ ക്രിസ്തീയ നടപ്പിൽ ഏറ്റവും പ്രധാനമായതും ശക്തമായതുമായ ഒന്നുണ്ട്, ഏറ്റവും അത്യന്താപേക്ഷിതമായതും നമ്മുടെ മുഴുവൻ ക്രിസ്തീയ അനുഭവങ്ങളുടെയും യോഗ്യതയെ ഉറപ്പുവരുത്തുന്നതും. അതാണ് ദൈവത്തിന്റെ വചനം. നമ്മൾ വളർന്നുകൊണ്ടിരിക്കുന്ന പക്വതയുടെ അളവും ദൈവത്തിൽ നമുക്ക് എത്തിച്ചേരാവുന്നതിന്റെ ആഴവും ഉറപ്പുവരുത്തുന്നത് നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ വചനത്തിന് നമ്മൾ കൊടുക്കുന്ന സ്ഥാനം അനുസരിച്ചായിരിക്കും. നമ്മൾ വിജയത്തിൽ നടന്നാലും ഇല്ലെങ്കിലും നമ്മൾ യഥാർത്ഥമായി അനുഭവിക്കുന്ന അനുഗ്രഹത്തിന്റെ അളവ് അതിയായി സ്വാധീനം ചെലുത്തുന്നത് നമുക്കു സ്വീകരിക്കുവാൻ കഴിയുന്നതും നമ്മുടെ ദൈനംദിന ജീവിതത്തിൽ നിബിഡമായി അനുഷ്ഠിപ്പിക്കുന്നതും ആയ ദൈവത്തിന്റ വചനത്തിന്റെ അളവിൽനിന്നുമാണ്.

എന്നാൽ പ്രതിഭാസത്തിനു കൊടുത്തിരിക്കുന്ന ഒരു ലോകത്തിൽ, അവിടെ കൗതുകാത്മകമായത് പിന്നീട് അന്വേഷിക്കുന്നതും, 'പുരാതനമായ ഒരു പുസ്തകത്തിന്റെ' ഉള്ളടക്കത്തിന് അനേകരും ശ്രദ്ധ കൊടുക്കുവാൻ തയ്യാറില്ലാതെയുമിരിക്കുന്നു. സാമൂഹികമായും, സാംസ്ക്കാരികമായും സദാചാരപരമായും അസംബന്ധമെന്ന് ചിലർ അവകാശവാദം പുറപ്പെടുവിക്കുന്നതും വ്യക്തമായി എഴുതിയിട്ടില്ലാത്തതും കേവലമായി മതപരമായ ഒരു പുസ്തകത്തിന് എന്തിനുവേണ്ടി ചിലർ സമയം ചെലവഴിക്കണം? എന്നാൽ ഖേദകരമായി, വിശ്വാസികളുടെ ഇടയിൽപോലും, സ്വസ്ഥമായി സമയം ചെലവഴിക്കുന്ന കടപ്പാട് നിറവേറ്റുന്നതൊഴികെ, എഴുതപ്പെട്ട തിരുവെഴുത്തിന് ഒരുത്തന്റെ ജീവിതത്തിൽ ആഴമായി വരു

ത്തുന്ന ശക്തിയായ സ്വാധീനത്തെയും, സ്വാധീനം ചെലുത്തുന്നതിനെയും കുറിച്ച് അനേകർക്കും ശരിയായി തിരിച്ചറിവു ലഭിച്ചിട്ടില്ല. താൽക്കാലികമായ ഒരു വായനക്കാരന് ആരംഭത്തിൽ തിരുവെഴുത്ത് ജീവനില്ലാത്തതായും ഒരുപക്ഷെ മുഷിവുതോന്നുന്നതും വളരെ സത്യമാണ്. എന്നാൽ ദൈവത്തിന്റെ വചനത്തിൽ അന്തർലീനമായ ശക്തിയുടെ തിരിച്ചറിവു ലഭിച്ചവർക്കും ദൈവത്തിന്റെ ജനങ്ങൾക്കു ദൈവം തന്നെ ഏല്പിച്ച ദൈവത്തിന്റെ വചനത്തിന്റെ സ്ഥാനം ഗ്രഹിച്ചവർക്കും, ദൈവവചനം ജീവൻ ആകുന്നു. അവർക്ക് ദൈവവചനം ശക്തിയുടെയും, ആശ്വാസത്തിന്റെയും, പ്രത്യാശയുടെയും, വിശ്വാസത്തിന്റെയും, ബോധനത്തിന്റെയും, ജ്ഞാനത്തിന്റെയും ഉറവിടം ആകുന്നു. തിരുവെഴുത്തുകൾ പറഞ്ഞിരിക്കുന്ന പ്രകാരം അവരുടെ ഇപ്പോൾ ഉള്ളതും ഭാവിയിലുള്ളതുമായ മുഴുവനിലും അവർ ആശ്രയിച്ചു. ജീവിതത്തിലെ കൊടുങ്കാറ്റുകളുടെ നടുവിലും വചനം അവരെ താങ്ങിനിർത്തുമെന്നും കരുതുമെന്നും അവർക്ക് അറിയാം. രോഗങ്ങളുടെ നടുവിലും വചനം അവർക്ക് സൗഖ്യവും വിടുതലും നൽകുമെന്ന് അവർക്ക് അറിയാം. വെല്ലുവിളികളുടെയും സമ്മർദ്ദങ്ങളുടെയും നടുവിലും വചനത്തിന്റെ വാഗ്ദത്തപ്രകാരം അവർ ഉറച്ചുനിൽക്കും. അസാദ്ധ്യങ്ങളെ അവർക്ക് പരിഹസിക്കുവാൻ സാധിക്കും, എന്തുകൊണ്ടെന്നാൽ വചനത്തിലെ സാദ്ധ്യതകളെ അവർക്ക് കാണുവാൻ സാധിക്കും. അവർക്ക് കാണുവാനോ, തൊടുവാനോ, കേൾക്കുവാനോ, മണക്കുവാനോ, രുചിക്കുവാനോ സാധിക്കത്തില്ലായെങ്കിലും ദൈവത്തിന്റെ വചനം അവരിൽ പൂർണ്ണവിശ്വാസമുള്ള ഒരു ഉറപ്പും, ശക്തവും ഇളക്കുവാൻ സാധിക്കാത്തതുമായ ദൃഢവിശ്വാസവും ഉൽപാദിപ്പിച്ചിരിക്കുന്നു എന്നുള്ളത് അവർക്ക് നല്ലതുപോലെ അറിയാം.

ഞങ്ങളുടെ ഹൃദയത്തിലെ ആഗ്രഹം, ഈ പുസ്തകത്തിലെ മാദ്ധ്യമങ്ങളിലൂടെ ഞങ്ങൾക്ക് എത്തിച്ചേരുവാൻ കഴിയുന്ന വിശേഷഭാഗ്യത്തിലൂടെ ഓരോരുത്തരും കർത്താവിനോടുകൂടെയുള്ള അവരുടെ നടപ്പിൽ ഈ പൂർണ്ണവിശ്വാസമുള്ള ഉറപ്പുനൽകലിൽ

കൊണ്ടുവരിക എന്നുള്ളതാണ്. വചനത്തിലെ വിവേകത്തിന്റെ ഒരു അളവ് നിങ്ങൾ ഇതുവരെ പ്രാപിച്ചിട്ടുണ്ടെങ്കിൽ, ഞങ്ങൾ ആഗ്രഹിക്കുന്നത് നിങ്ങൾ കൂടുതലായി ശക്തിപ്പെടുമെന്നും പ്രോത്സാഹിക്കപ്പെടും എന്നാണ്.

## പ്രസംഗത്തിന്റെ ഭോഷത്വത്തിലൂടെ

"ദൈവത്തിന്റെ ജ്ഞാനത്തിൽ ലോകം ജ്ഞാനത്താൽ ദൈവത്തെ അറിയായ്കകൊണ്ടു വിശ്വസിക്കുന്നവരെ പ്രസംഗത്തിന്റെ ഭോഷത്വത്താൽ രക്ഷിപ്പാൻ ദൈവത്തിനു പ്രസാദം തോന്നി" (1 കൊരിന്ത്യർ 1:21).

നിത്യതയെക്കുറിച്ചുള്ള ദൈവകൽപിതം ഒരു മനുഷ്യന്റെ ജീവിതത്തിൽ തീരുമാനിക്കപ്പെടുന്നത് നിസ്സാരമായ സുവിശേഷ സന്ദേശപ്രസംഗത്തിലൂടെയാണെന്നാണ് ദൈവം തന്റെ ജ്ഞാനത്തിൽ നിർണ്ണയിച്ചിരിക്കുന്നത്. ഇത് വിചിന്തനം ചെയ്യുക. എല്ലാ മനുഷ്യരുടെയും രക്ഷക്കുവേണ്ടിയുള്ള ദൈവശക്തിയായ "കർത്താവായ യേശുക്രിസ്തുവിന്റെ സുവാർത്താദൂത്" അറിയിക്കുന്നതിന് ദൈവം ചില വലിയ അമാനുഷികമായ വാഹനങ്ങളെയല്ല തിരഞ്ഞെടുത്തത്. അതിനുപകരം, ഭോഷത്വമായ പ്രസംഗം എന്ന അഭ്യാസത്തിലൂടെ ഇതു ചെയ്യേണ്ടിയതിന് ദൈവം നശ്വരമായതും അപൂർണ്ണമായതുമായ പാത്രങ്ങളോടാണ് ആജ്ഞാപിച്ചത്. നഷ്ടമായതിനെ ജയിക്കുവാനാണ് ദൈവം തിരഞ്ഞെടുത്തത്. ഇതുകൊണ്ടാണ് സുവിശേഷം പ്രസംഗിക്കുന്നതും അറിയിക്കുന്നതും ഏറ്റവും പ്രധാനമായിട്ടുള്ളത്. പൗലോസ് അപ്പൊസ്തലൻ വിശദീകരിച്ചിരിക്കുന്നത്, സന്ദേശവും പ്രസംഗവും ചിലർ പരിഗണിക്കുന്നത് ഭോഷത്വമായിട്ടാണെന്നാണ്. എന്നാൽ വിളിക്കപ്പെട്ടവർക്ക് സന്ദേശവും പ്രസംഗവും, ശക്തിയും ദൈവത്തിന്റെ ജ്ഞാനവുമായ ക്രിസ്തുവിനെ വെളിപ്പെടുത്തുന്നു (1 കൊരിന്ത്യർ 1:24). ഇതുപോലെയുള്ള ഒരു രീതിയിൽ, ദൈവം ആജ്ഞാപിച്ചിരിക്കുന്നത്, എഴുതപ്പെട്ട തിരുവെഴുത്ത്, ഒരു വിശ്വാസിയുടെ ജീവിതത്തിൽ കൊണ്ടുവരുന്ന ശക്തിയുടെയും ദൈവത്തിന്റെ ജ്ഞാന

ത്തിന്റെയും ഒരു ഉപകരണം ആണ് എന്നാണ്. ഇത് മിക്കവാറും ഒരു മർമ്മമായി കാണാം, വേദപുസ്തകം എന്നു നാം വിളിക്കുന്ന പുസ്തകത്തിന്റെ ഓരോ താളുകളിലും എഴുതപ്പെട്ടിരിക്കുന്ന വചനത്തിലൂടെ ദിവ്യമായ ശക്തിയും ജ്ഞാനവും നമ്മുടെ ജീവിതങ്ങളിലേക്കു സംപ്രേക്ഷണം ചെയ്യപ്പെടുന്നു. എങ്ങനെയാണ് സാധാരണമായതും നമ്മുടെ ദൈനംദിന ജീവിതത്തിൽ നാം ഉപയോഗിക്കുന്നതുമായ വാക്കുകൾക്ക്, അതു വേദപുസ്തകത്തിൽ അച്ചടിച്ചിരിക്കുന്നതുകൊണ്ട്, അതിവേഗത്തിൽ ദിവ്യമായ ഒരു മൂല്യമായിത്തീരുവാൻ കഴിയുന്നത്? വേദപുസ്തകത്തിലെ വചനങ്ങൾ സാധാരണ വചനങ്ങൾ ആണെങ്കിലും അതിലെ സത്യം കാഴ്ച വെക്കുന്നത് ദിവ്യമായിട്ടുള്ളതാണ്. വചനം കൂട്ടിയിണക്കിയത് മനുഷ്യൻ ആണെങ്കിലും അതിലെ ചിന്തകൾ പ്രചോദിപ്പിച്ചിരിക്കുന്നത് ദൈവമാണ്. ഈ ചിന്തകൾ ഗ്രഹിച്ചു സ്വീകരിക്കുന്നതിലൂടെയും അച്ചടിച്ച വചനസത്യങ്ങൾ എത്തിക്കുന്നതിലൂടെയും ഒരാൾ ദൈവത്തിന്റെ ജ്ഞാനത്തിലേക്കും ശക്തിയിലേക്കും ഉള്ള അനുഭവത്തിൽ പ്രവേശിക്കുവാൻ തുടങ്ങുന്നു.

## എല്ലാ തിരുവെഴുത്തും "ദൈവശ്വാസീയമാണ്"

"നീയോ ഇന്നവരോട് പഠിച്ചു എന്ന് ഓർക്കുകയും ക്രിസ്തുയേശുവിങ്കലുള്ള വിശ്വാസത്താൽ നിന്നെ രക്ഷക്കു ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ ബാല്യം മുതൽ അറികയും ചെയ്യുന്നതുകൊണ്ട് നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനില്ക്ക. എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിനു ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളത് ആകുന്നു."

അപ്പൊസ്തലൻ വിശുദ്ധ തിരുവെഴുത്തുകളെക്കുറിച്ചു പ്രസ്താവിച്ചപ്പോൾ, എഴുതപ്പെട്ട തിരുവെഴുത്തുകളെക്കുറിച്ചാണ് സംസാരിച്ചത്. എല്ലാ തിരുവെഴുത്തും ദൈവത്തിന്റെ ദിവ്യജ്ഞാനത്താ

ലാണ് നൽകപ്പെട്ടിരിക്കുന്നത് എന്ന് അപ്പൊസ്തലൻ പറയുമ്പോൾ എഴുതപ്പെട്ട എല്ലാ തിരുവെഴുത്തിന്റെയും വിശുദ്ധ ഗ്രന്ഥകർത്തൃത്വത്തെയാണ് ആരോപിക്കുന്നത്. മനുഷ്യൻ വചനം എഴുതി എന്നാലും സന്ദേശത്തിന്റെ ഉത്ഭവസ്ഥാനവും പ്രചോദനവും ദൈവം ആയിരുന്നു. അപ്പൊസ്തലനായ പത്രോസ് കുറച്ചു വ്യത്യാസമായ രീതിയിലാണ് ഇതു കൊണ്ടുവന്നിരിക്കുന്നത്, അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചപ്പോൾ "തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല എന്ന് ആദ്യം തന്നേ അറിഞ്ഞുകൊള്ളേണം. പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വരുന്നതല്ല, ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് സംസാരിച്ചതത്രേ" (2 പത്രോസ് 1:20–21). എല്ലാ തിരുവെഴുത്തും പ്രവചനപരമാണ്, എങ്ങനെയെന്നാൽ ദൈവത്തിന്റെ ആത്മാവിന്റെ പ്രചോദനത്താലാണ് അവ ജന്മംകൊണ്ടത്. ഈ അടിസ്ഥാന സത്യമാണ് എഴുതപ്പെട്ട തിരുവെഴുത്തുകളെ ദിവ്യമൂല്യമുള്ളതാക്കുന്നത്. ഈ സത്യം നിങ്ങളുടെ ഹൃദയത്തിൽ വിശ്വസിക്കുമ്പോളാണ് തിരുവെഴുത്തിലെ നിങ്ങളുടെ വീക്ഷണത്തിന് പൂർണ്ണമായ രൂപാന്തരം ഉണ്ടാകുന്നത്. എല്ലാ തിരുവെഴുത്തും ദൈവത്തിന്റെ പ്രചോദനത്താലാണ് ഉണ്ടായതെന്ന് നിങ്ങൾ യഥാർത്ഥമായി വിശ്വസിക്കുമ്പോൾ നിങ്ങൾ ദൈവത്തിന്റെ വചനത്തിനു നിങ്ങളുടെ ജീവിതത്തിൽ ഏറ്റവും വലിയ പ്രാധാന്യം കൊടുക്കും. ഈ പ്രപഞ്ചത്തിന്റെ ദൈവം തന്റെ മനോരഥം നിങ്ങളിലേക്കു പകരുന്നു എന്നറിഞ്ഞ് നിങ്ങൾ നിങ്ങളുടെ വേദപുസ്തകം തുറക്കും. ദൈവത്തിന്റെ അനന്തമായ ജ്ഞാനത്താൽ അതിന്റെ ആകെത്തുകയുടെ സത്തെടുക്കാൻ ദൈവം തിരഞ്ഞെടുത്തു, അത് നമ്മുടെ ഈ ലോകത്തിലെ ജീവിതത്തിന് അത്യന്താപേക്ഷിതമാണെന്നും മതിയായതാണെന്നും ദൈവം പരിഗണിച്ച്, അതിനെ വേദപുസ്തകത്തിലെ ഓരോ താളുകളിലും ദൈവം വെച്ചു. തിരുവെഴുത്ത് വിദ്യാഭ്യാസവും (അനുശാസനം), ദൃഢവിശ്വാസവും നന്നാക്കലും അദ്ധ്യാപനവും ഉണ്ടാക്കിക്കൊടുക്കുന്നു.

## തിരുവെഴുത്തുകൾ – ദൈവത്തിങ്കലേക്കുള്ള നമ്മുടെ ജാലകം

"നിന്റെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ കാണേണ്ടതിന്ന് എന്റെ കണ്ണുകളെ തുറക്കേണമേ" (സങ്കീർത്തനങ്ങൾ 119:18).

തിരുവെഴുത്തുകൾ ജീവിക്കുന്ന ദൈവത്തിങ്കലേക്കു നമുക്ക് അന്തർദർശനം ഉണ്ടാക്കിത്തരുന്നു. അവ ദൈവത്തിന്റെ പ്രകൃതിയെയും സ്വഭാവഗുണത്തെയും ഗുണങ്ങളെയും ഹൃദയത്തെയും വെളിപ്പെടുത്തുന്നു. തിരുവെഴുത്തിലെ താളുകളിൽ, ദൈവം ആരാണെന്നും എന്തുചെയ്യുന്നുവെന്നും ദൈവത്തിന്റെ വികാരങ്ങളെയും ആഗ്രഹങ്ങളെയും കണ്ടുപിടിക്കുവാനുള്ള ഉൾക്കാഴ്ചയുണ്ട്. അനന്തരഫലമായി തിരുവെഴുത്തുകളിലൂടെയാണ് നാം ദൈവത്തെ അറിയാൻ തുടങ്ങുന്നതും അതിൻഫലമായി ദൈവവുമായി ഒരു വ്യക്തിബന്ധം പണിയുന്നതും. ഏതു ബന്ധവും അടിസ്ഥാനപ്പെട്ടിരിക്കുന്നത് പരിജ്ഞാനത്താലാണ്. വ്യക്തിപരമായ പരിജ്ഞാനം ഇല്ലാത്തയിടത്ത് ബന്ധം ഉണ്ടായിരിക്കുന്നതല്ല. തുടർന്ന്, പരിജ്ഞാനത്തിന്റെ ആഴത്തിലൂടെയും അടുത്ത സ്നേഹബന്ധം പ്രാപിക്കുന്നതിലൂടെയുമാണ് ബന്ധത്തിന്റെ ആഴം തീരുമാനിക്കുന്നത്. അതുകൊണ്ട്, ജീവിക്കുന്ന ദൈവവുമായിട്ട് ആഴമേറിയതും ഏറ്റവും അടുത്തതുമായ ഒരു ബന്ധം വേണമെങ്കിൽ, ദൈവത്തെ തിരുവെഴുത്തിൽ വെളിപ്പെടുത്തിയിരിക്കുന്നതുകൊണ്ട്, ഒരുവൻ ദൈവത്തെ ഏറ്റവും അടുത്ത് അറിയണം. വേദപുസ്തകത്തിലെ ഓരോ താളുകളും മറിക്കുന്നത് വളരെയധികം ആവേശമുണർത്തുന്നതാണ്, എന്തുകൊണ്ടെന്നാൽ അവ നമുക്ക് ദൈവത്തിങ്കലേക്കുള്ള ജാലകങ്ങൾ ആണ്. നമ്മൾ വായിക്കുന്ന ഓരോ വരികളുടെയും പിമ്പിലുള്ളത് കാണുവാൻ നമ്മുടെ കണ്ണുകൾ തുറക്കപ്പെടുമ്പോൾ നമുക്ക് ദൈവത്തിന്റെ തേജസ്സിന്റെയും വല്ലഭത്വത്തിന്റെയും വിവേകം പ്രാപിക്കുവാൻ സാധിക്കുന്നു. ദൈവത്തെക്കുറിച്ചുള്ള വിവേകം നാം വേറെ ഏതിലെങ്കിലും അടിസ്ഥാനപ്പെടുത്തിയാൽ – നമ്മുടെ അനുഭവങ്ങളോ, മറ്റുള്ളവരുടെ അഭിപ്രായങ്ങളോ അങ്ങനെ മറ്റും മറ്റും – എല്ലായ്പ്പോഴും കൃത്യമായിരിക്ക

ത്തില്ല. ദൈവം തന്നെത്തന്നെ മറ്റു സ്ഥലങ്ങളിൽ വെളിപ്പെടുത്തിയിരിക്കുന്നത് സത്യം തന്നെയാണ്, ഉദാഹരണമായി, ദൈവത്തിന്റെ സൃഷ്ടിയിൽ. എന്നാൽ, ഏതെല്ലാം വിവരങ്ങൾ നമുക്ക് മറ്റു മാർഗ്ഗങ്ങളിലൂടെ ലഭിച്ചാലും എഴുതപ്പെട്ടിരിക്കുന്ന തിരുവെഴുത്തിന്റെ വെളിച്ചത്തിൽ ആദ്യം പരിശോധിച്ചു നോക്കണം.

## തിരുവെഴുത്തുകൾ – നമ്മുടെ നിലവാരം, നമ്മുടെ ശരിയായ രീതി

"എന്റെ കാലടികളെ നിന്റെ വചനത്തിൽ സ്ഥിരമാക്കേണമേ; യാതൊരു നീതികേടും എന്നെ ഭരിക്കരുതേ" (സങ്കീർത്തനങ്ങൾ 119:133).

ജനങ്ങൾക്കു ശരിയെന്താണ്, തെറ്റെന്താണ് എന്ന് അറിയുവാൻ ശരിയായ ഒരു നിലവാരം ഇല്ലാത്ത ലോകത്തിൽ, നമ്മുടെ നിലവാരം ദൈവത്തിന്റെ വചനം ആക്കുവാൻ നാം തിരഞ്ഞെടുക്കുന്നു. നമ്മുടെ ജീവിതത്തിലെ എല്ലാക്കാര്യങ്ങളും സത്യമായിരിക്കുവാൻ തിരുവെഴുത്ത് എന്താണ് പറയുന്നത് എന്നതിനെ നാം മുറുകെ പിടിക്കുന്നു. ദൈവവചനം എന്തു പറയുന്നുവോ അതെല്ലാം ശരിയും മാഹാത്മ്യമുള്ളതും ആകുന്നു, നമ്മളും അത് ശരിയായും മാഹാത്മ്യമുള്ളതുമായി പരിഗണിക്കുന്നു. എന്തെല്ലാം തെറ്റാണെന്നു വചനം പറയുന്നുവോ അവയെ നാമും തെറ്റായി പരിഗണിക്കുന്നു. തിരുവെഴുത്തു സ്ഥാപിച്ചിരിക്കുന്ന സദാചാര നിലവാരങ്ങളെ നമ്മൾ യുക്തിചിന്താപരമായി വ്യാഖ്യാനിക്കുവാനോ (കാരണം) വിശാലമാക്കുവാനോ (വിശാലമനസ്സുള്ളവരാകാൻ ശ്രമിക്കുക) വിന്യസിക്കുവാനോ (സംസ്കാരികമായും സാമൂഹികമായും പ്രസക്തമാക്കുവാൻ) ശ്രമിക്കുന്നില്ല. തിരുവെഴുത്തുകളിൽ സ്ഥാപിച്ചിരിക്കുന്നതിൽനിന്നും അല്പംപോലും കുറവുള്ള യാതൊന്നും സ്ഥിരപ്പെടുത്തുവാൻ നാം തിരഞ്ഞെടുക്കുന്നില്ല.

ദൈവത്തിന്റെ വചനം നമ്മെ വഴികാണിക്കുന്ന പ്രധാന പ്രമാണം ആണ്. തിരുവെഴുത്തിൽ വിവരിച്ചിരിക്കുന്നതിനനുസ

രിച്ച് നാം നമ്മുടെ ജീവിതങ്ങളെ ആദർശഗുണമുള്ള ഉദാഹരണമാക്കിത്തീർക്കുന്നു. ഭർത്താക്കന്മാരുടെ, ഭാര്യമാരുടെ, മാതാപിതാക്കളുടെ, മക്കളുടെ, തൊഴിലുടമയുടെ, തൊഴിലാളിയുടെ, മന്ത്രിമാരുടെ, പൊതുവായി എല്ലാ വിശ്വാസികളുടെ - ഇവരുടെയെല്ലാം പെരുമാറ്റത്തിന്റെ ശരിയായ രീതിയെക്കുറിച്ചു തിരുവെഴുത്തുകളിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ പെരുമാറ്റം, ജീവിതരീതി, മൂല്യം, വിശ്വാസം, ലക്ഷ്യം, അഭിലാഷം ഇവയെല്ലാം ആദർശഗുണമുള്ള ഉദാഹരണങ്ങളാക്കിത്തീർക്കുവാൻ പരിശുദ്ധാത്മാവിന്റെ ശക്തിയോടെ നാം പരമാവധി ശ്രമിക്കുന്നുണ്ട്. നമ്മുടെ ജീവിതത്തിന്റെ മുഴുവനും ഗതി നിർണ്ണയിക്കുന്നത് ദൈവത്തിന്റെ വചനപ്രകാരമാണ്.

## തിരുവെഴുത്തുകൾ - നമ്മുടെ അധികാരം

“നിന്റെ വചനം പ്രമാണിക്കേണ്ടതിന് ഞാൻ സകലദുർമ്മാർഗ്ഗത്തിൽനിന്നും കാൽ വിലക്കുന്നു” (സങ്കീർത്തനങ്ങൾ 119:101).

നമ്മുടെ ജീവിതത്തിൽ, തിരുവെഴുത്തുകൾക്കു, അവസാന അധികാരമായി നമ്മെ ഏല്പിച്ചുകൊടുക്കുന്നു. മനുഷ്യനിർമ്മിതമായ യാതൊരു ഘടനയും നിയമവും നമ്മെ തിരുത്തുന്നില്ല എങ്കിലും, വചനത്തിന്റെ തിരുത്തലിന് നമ്മെ ഏല്പിച്ചുകൊടുക്കുന്നു. നമ്മുടെ തെറ്റുകൾ മറ്റാരെങ്കിലും നമ്മെ കാണിച്ചുതരുവാൻ നാം കാത്തിരിക്കുന്നില്ല, എന്നാലും ചില സമയങ്ങളിൽ ഇത് അത്യാവശ്യമാണ്. നമ്മൾ ചെയ്യുന്ന കാര്യങ്ങൾ തെറ്റാണെന്ന് വചനം പറയുന്നത് നമ്മൾ കണ്ടുപിടിക്കുമ്പോൾ, വചനം പറയുന്നത് അനുസരിക്കുവാനായി, മാറ്റങ്ങൾ വരുത്തുവാൻ നാം തയ്യാറാകുന്നു. വചനത്തോടുള്ള പൊരുത്തത്തിൽ നടക്കേണ്ടതിന്, നമ്മുടെ ജീവിതത്തിൽ അനുസരണം അഭ്യസിക്കുവാൻ നാം തിരഞ്ഞെടുക്കുന്നു. ദൈവത്തിന്റെ വചനത്തിന് കീഴ്പ്പെടുക എന്നാൽ ദൈവത്തിനു തന്നെ കീഴ്പ്പെടുക എന്നാണ്. തിരുവെഴുത്തിലെ ഉപദേശങ്ങൾക്ക് വഴങ്ങാതിരിക്കുക എന്നാൽ ദൈവത്തോട് മത്സരിക്കുക എന്നാണ്. കർത്താവായ യേശുക്രിസ്തു പറഞ്ഞു: “എന്റെ വചനം

കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവൻ ഉണ്ട്: ഞാൻ സംസാരിച്ച വചനം തന്നെ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും" (യോഹന്നാൻ 12:48). ദൈവത്തിന്റെ വചനം നിയമം ആയിരിക്കും, അതനുസരിച്ച് എല്ലാ മനുഷ്യരെയും ന്യായം വിധിക്കും.

ദൈവത്തിന്റെ ജനങ്ങൾക്ക്, എഴുതപ്പെട്ടിരിക്കുന്ന ദൈവവചനത്തോടുള്ള ഭക്ത്യാദരവോടുകൂടിയ ഭയം വർദ്ധിപ്പിക്കേണ്ട സമയമാണിപ്പോൾ. നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ വചനത്തിന്റെ അധികാരത്തിനു കീഴ്പ്പെടാതെ, നമുക്കു ദൈവത്തെ അനുഗമിക്കുന്നവരായിരിപ്പാൻ കഴിയുന്നതല്ല. ദൈവവചനത്തിനു വിരുദ്ധമായ കാര്യങ്ങൾ, നമ്മുടെ ശരീരത്തിന് ആനന്ദം തരുന്നതാണെങ്കിലും നമ്മുടെ കാരണങ്ങൾക്കു സ്വീകാര്യമായിരുന്നാലും, അത് നമ്മൾ തുടർന്നുകൊണ്ട് പോകുകയാണെങ്കിൽ നമുക്കു ശക്തിയേറിയ വിശ്വാസികളായിരിക്കുവാൻ കഴിയുന്നതല്ല.

നമ്മൾ വിശ്വാസികൾ ആയിരിക്കുമ്പോൾ, നമ്മുടെ വിചാരങ്ങളും പ്രവൃത്തികളും വചനപ്രകാരം കൊണ്ടുവരുവാൻ നാം പഠിക്കണം. എല്ലാ തെറ്റുകളിൽനിന്നും നാം ഒഴിഞ്ഞുനിൽക്കണം, ദൈവവചനത്തോട് നമ്മെത്തന്നെ പൊരുത്തപ്പെടുത്തണം, എന്തുകൊണ്ടെന്നാൽ വചനമാകുന്നു അവസാനത്തെ അധികാരം.

## തിരുവെഴുത്തും മാനുഷികമായ ബുദ്ധിശക്തിയും

"എന്നാൽ പ്രാകൃതമനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല; അത് അവന്നു ഭോഷത്വം ആകുന്നു. ആത്മീകമായി വിവേചിക്കേണ്ടതാകയാൽ അത് അവനു ഗ്രഹിപ്പാൻ കഴിയുന്നതുമല്ല" (1 കൊരിന്ത്യർ 2:14).

"നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും മഹത്വവുമുള്ള പിതാവുമായവൻ നിങ്ങൾക്കു തന്നെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ ജ്ഞാനത്തിന്റെയും വെളിപാടിന്റെയും ആത്മാവിനെ തരേണ്ടതിനും നിങ്ങളുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിച്ചിട്ട്..." (എഫെസ്യർ 1:17–18).

നമ്മുടെ ബുദ്ധിശക്തിയുടെ കഴിവു കൊണ്ടാണ് തിരുവെഴുത്തിലെ വചനങ്ങളുടെ അർത്ഥം നമ്മൾ വായിച്ചു മനസ്സിലാക്കുന്നത്. തിരുവെഴുത്ത് എഴുതപ്പെട്ടതിന്റെ ചരിത്രപരമായ പശ്ചാത്തലവും സന്ദർഭവും നമുക്ക് അംഗീകരിക്കുവാൻ കഴിയും. വിശ്വാസിയുടെ ജീവിതത്തിൽ മാനുഷികമായ ബുദ്ധിശക്തിക്കു തീർച്ചയായും ഒരു സ്ഥലമുണ്ട്.

| | | |
|---|---|---|
| തിരുവെഴുത്തിൽ നമ്മൾ വായിക്കുന്നതിന്റെ അർത്ഥം മനസ്സിലാക്കുന്നതിന് നമ്മുടെ ബുദ്ധിശക്തി നമ്മെ അനുവദിക്കുന്നു. | ദൈവത്തിന്റെ ആത്മാവ് തിരുവെഴുത്തിലെ ആത്മീയ സത്യങ്ങൾ കാണുവാൻ നമ്മെ സഹായിക്കുന്നു. | ഇപ്പോൾ നമ്മൾ കണ്ടുപിടിക്കുന്ന സത്യം നമ്മുടെ ബുദ്ധിശക്തിയെ സ്വാധീനിക്കണം |
| ഒന്നാമത്തെ പടി<br>അറിവ് | രണ്ടാമത്തെ പടി<br>വെളിപ്പെടുത്തൽ | മൂന്നാമത്തെ പടി<br>മനസ്സിന്റെ<br>രൂപാന്തരം |

എന്നാൽ വചനത്തിലൂടെ ദൈവത്തിന്റെ ആത്മാവ് അറിയിക്കുന്ന ആത്മീയസത്യങ്ങൾ അംഗീകരിക്കുവാൻ പ്രാകൃതമനുഷ്യന്റെ പ്രാകൃതമനസ്സിനു സാധിക്കത്തില്ല. ആത്മാവിന്റെ കാര്യങ്ങളെ സ്വീകരിക്കേണ്ടതിന് ആത്മീക വിവേകം (ഉൾക്കാഴ്ച) ആവശ്യമാണ്. ഇവിടെയാകുന്നു മാനുഷികമായ ബുദ്ധിശക്തിയുടെ കഴിവ് അവസാനിക്കുന്നതും പരിശുദ്ധാത്മാവിന്റെ പ്രവൃത്തികളിൽ ആശ്രയിക്കുവാൻ ആരംഭിക്കുന്നതും. പരിശുദ്ധാത്മാവ് വെളിപ്പെടുത്തലിന്റെ ആത്മാവ് ആകുന്നു. തിരുവെഴുത്തിൽ അടങ്ങിയിരിക്കുന്ന ആത്മീകസത്യങ്ങൾ കാണുവാൻ (ഉൾക്കാഴ്ച പ്രാപിക്കുവാൻ) പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുന്നു. പഴയ മനുഷ്യരാൽ എഴുതപ്പെട്ട വചനങ്ങളുടെ അർത്ഥത്തിന്റെ അപ്പുറത്തേക്ക് പരിശുദ്ധാത്മാവ് നമ്മെ കൊണ്ടുപോകുന്നു (ഒന്നാമത്തെ പടി), അവിടെനിന്നും ദൈവം പ്രദർശിപ്പിച്ചിട്ടുള്ള മൗലികത്വമുള്ള ദൈവത്തിന്റെ വിചാരങ്ങളിലേക്കും (രണ്ടാമത്തെ പടി). മനുഷ്യന്റെ വിചാരങ്ങൾക്കും ദൈവത്തിന്റെ വിചാരങ്ങൾക്കും തമ്മിൽ വലിയ

വ്യത്യാസമുണ്ട്. കർത്താവായ ദൈവം പറഞ്ഞു: "ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു" (യെശ 55:9). വെളിപ്പെടുത്തൽ എന്നു പറയുന്നത് ഒന്നാമത്തെ പടിയിൽനിന്നും രണ്ടാമത്തെ പടിയിലേക്കു നീങ്ങുന്ന പ്രക്രിയയാണ്. ഇത് ബുദ്ധിശക്തിക്കൊത്ത അറിവിൽനിന്നും ആത്മീയ അറിവിലേക്ക് നീങ്ങുന്ന പ്രക്രിയയാണ്. വെളിപ്പെടുത്തലിലൂടെയാണ് ദൈവത്തിന്റെ വിചാരങ്ങളെ നമുക്ക് സ്വീകരിക്കുവാൻ കഴിയുന്നത്. ആത്മീയസത്യങ്ങൾ മനസ്സിലാക്കുവാൻ ഇപ്പോൾ നമുക്ക് സാധിക്കും. ഒരു വ്യക്തി ആത്മീയസത്യത്തിന്റെ വെളിപ്പെടുത്തൽ സ്വീകരിക്കാത്തപ്പോൾ (അതായത്, വചനത്തിന്റെ ആത്മീയ അറിവു ലഭിക്കാത്തപ്പോൾ), യേശു പറഞ്ഞു: "ഒരുത്തൻ രാജ്യത്തിന്റെ വചനം കേട്ടിട്ടു ഗ്രഹിക്കാഞ്ഞാൽ ദുഷ്ടൻ വന്നു അവന്റെ ഹൃദയത്തിൽ വിതക്കപ്പെട്ടത് എടുത്തുകളയുന്നു" (മത്തായി 13:19).

വെളിപ്പാടുകളുടെ പ്രക്രിയയിലൂടെ ആത്മീയവിവേകം നമുക്കു ലഭിക്കുമ്പോൾ, നമുക്കു ചെയ്യുവാൻ സാധിക്കും "നിങ്ങളിലുള്ള പ്രത്യാശയെക്കുറിച്ച് ന്യായം ചോദിക്കുന്ന ഏവനോടും സൗമ്യതയും ഭയഭക്തിയും പൂണ്ട് പ്രതിവാദം പറവാൻ എപ്പോഴും ഒരുങ്ങിയിരിപ്പിൻ" (1 പത്രോസ് 3:15).

## വെളിപ്പെടുത്തലിൽനിന്നും പ്രവർത്തനത്തിലേക്ക് നീങ്ങുന്നത്

"എങ്കിലും വചനം കേൾക്കമാത്രം ചെയ്തുകൊണ്ട് തങ്ങളെതന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ."

"സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം ഉറ്റുനോക്കി അതിൽ നിലനിൽക്കുന്നവനോ കേട്ടു മറക്കുന്നവനല്ല, പ്രവൃത്തി ചെയ്യുന്നവനായി താൻ ചെയ്യുന്നതിൽ ഭാഗ്യവാൻ ആകും" (യാക്കോബ് 1:22, 25).

നമുക്കു വെളിപ്പെടുത്തിക്കിട്ടിയ ആത്മീയസത്യങ്ങൾ ഇപ്പോൾ നമ്മുടെ ബുദ്ധിശക്തിയെ സ്പർശിക്കണം. നമ്മുടെ ചിന്തകളുടെ ശരിയായ രീതികൾ, നമ്മുടെ കാരണങ്ങൾ, നമ്മുടെ അനുനയം ഇവയൊക്കെയും നമുക്കു ലഭിച്ചിരിക്കുന്ന ആത്മീയവിവേകത്താൽ ഇപ്പോൾ സ്വാധീനിക്കുകയും കൽപ്പിക്കുകയും വേണം. ഈ പ്രക്രിയയ്ക്കാണ് മനസ്സു പുതുക്കുക എന്നു പറയുന്നത്. ഇത് സംഭവിക്കുമ്പോൾ, ദൈവത്തിന്റെ വചനത്തിൽനിന്നും ലഭിച്ച വെളിപ്പെടുത്തൽ അനുസരിച്ച് നമുക്കു വിശ്വാസപ്രകാരം ജീവിക്കുവാൻ കഴിയും. ദൈവത്തിന്റെ വചനത്തിൽനിന്നും അനേകകാര്യങ്ങൾക്കു വെളിപ്പെടുത്തൽ ലഭിച്ച അനേകം വിശ്വാസികൾ ഉണ്ട്. അവർ ഒന്നാമത്തെ പടിയിൽനിന്നും രണ്ടാമത്തെ പടിയിലേക്കു പോയി. എന്നാൽ, ദൈവത്തിന്റെ വചനത്താൽ അവരുടെ ബുദ്ധിശക്തിയെ സ്വാധീനിക്കുവാൻ അവർ സമ്മതിച്ചില്ല, അതിന്റെ ഫലമായി ദൈവവചനത്താൽ അവർ ജീവിക്കുന്നില്ല.

തിരുവെഴുത്തു ദൈവം നമുക്കു തന്നതിന്റെ ഉദ്ദേശ്യം നാം തുടർച്ചയായി അവയാൽ ജീവിക്കുവാനാണ്. ദൈവത്തിന്റെ വചനം ഗ്രഹിക്കുവാൻ നമ്മെ സഹായിക്കുന്നതിന് ദൈവം തന്റെ ആത്മാവിനെ നമുക്കു ലഭ്യമാക്കിത്തന്നു. എന്നാൽ, വചനത്തിൽനിന്നു തന്നേ ഒരു വെളിപ്പെടുത്തൽ സ്വീകരിക്കുന്നത്, ദൈവത്തിന്റെ വാഗ്ദത്തങ്ങളുടെ മുഴുവൻ അനുഗ്രഹങ്ങളും അനുഭവമാക്കുന്നതിന് അതു മതിയായതല്ല. ഒരു വ്യക്തി വെളിപ്പെടുത്തലിന്റെ അർത്ഥം ധരിച്ചു പൊരുത്തമുള്ള പ്രവൃത്തികൾ ചെയ്യുമ്പോളാണ് ദൈവം വാഗ്ദത്തം ചെയ്തതിന്റെ ഐശ്വര്യത്തിൽ നടക്കുവാൻ കഴിയുന്നത്. ഞങ്ങൾക്കു നിങ്ങളോടുള്ള വെല്ലുവിളി, തിരുവെഴുത്തിലെ ഉൾക്കാഴ്ച പ്രാപിക്കേണ്ടതിന് നിങ്ങൾ പരിശുദ്ധാത്മാവിനെ ആശ്രയിക്കണം. എന്നിട്ട്, നിങ്ങൾക്കു ലഭിക്കുന്ന വെളിപ്പെടുത്തൽ അനുസരിച്ച് നിങ്ങളുടെ മനസ്സിനെ പുതുക്കാൻ അനുവദിക്കണം. അതിനുശേഷം നിങ്ങളുടെ ദൈനംദിന ജീവിതത്തിൽ വെളിപ്പെടുത്തലിനെ പരിഭാഷപ്പെടുത്തി ശിക്ഷണത്തോടു കൂടിയ

പ്രവർത്തനമാക്കുക. അപ്പോൾ, തിരുവെഴുത്തു പറയുന്നതുപോലെ, നിങ്ങൾ ചെയ്യുന്ന എല്ലാ പ്രവൃത്തികളിലും നിങ്ങൾ അനുഗ്രഹിക്കപ്പെട്ട ഒരു വ്യക്തിയായിത്തീരും.

## വചനം ഐശ്വര്യമായി നിങ്ങളിൽ വസിക്കട്ടെ

"സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീകഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും നന്ദിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിന് പാടിയും ഇങ്ങനെ ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകലജ്ഞാനത്തോടും കൂടെ നിങ്ങളിൽ വസിക്കട്ടെ" (കൊലൊസ്യർ 3:16). ദൈവവചനം നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം ആകുന്നു. ഇത് നമ്മുടെ ആത്മീക വളർച്ചക്കും പക്വതക്കും ഏറ്റവും അത്യാവശ്യമായ ഘടകപദാർത്ഥമാണ്. നമ്മൾ ക്രിസ്തുവിലും ക്രിസ്തുവിന്റെ വചനം നമ്മളിലും വസിക്കണം (യോഹന്നാൻ 15:7). ഞങ്ങൾ നിങ്ങളോട് ആജ്ഞാപിക്കുന്നത്, ക്രിസ്തുവിന്റെ വചനം സമൃദ്ധിയായി നിങ്ങളിൽ വസിക്കട്ടെ എന്നാണ്. തിരുവെഴുത്തു അന്വേഷിക്കുവാനും പഠിക്കുവാനും ധ്യാനിക്കുവാനും വളരെയധികം സമയം ചെലവഴിക്കുക. നിങ്ങൾക്കു ഉൾക്കാഴ്ചയും വെളിപ്പെടുത്തലും തരേണ്ടതിനു പരിശുദ്ധാത്മാവിനോട് ചോദിക്കുക. വെളിപ്പെടുത്തലിന്റെ പരിജ്ഞാനത്തിന്റെ നിക്ഷേപം ഐശ്വര്യമായി നിങ്ങളുടെ ഹൃദയത്തിൽ വസിക്കട്ടെ. നിങ്ങളുടെ ആത്മീക ഉൾക്കാഴ്ചയെ പതിവായി പുനർവിചാരണ ചെയ്യുന്നതിലൂടെ 'ജീവനുള്ളതായി' വെക്കുക. ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ കൊണ്ടുവന്ന ആത്മീയസത്യങ്ങളുടെ വിവേകത്തെ അപ്പോഴപ്പോൾ നിങ്ങളുടെ ഓർമ്മയിൽ കൊണ്ടുവരിക. വ്യക്തിപരമായി സങ്കീർത്തനങ്ങളും ആത്മീകഗീതങ്ങളും പാട്ടുകളും കർത്താവിന് പാടുന്നതിന് വചനം ഉപയോഗിക്കുക. വചനത്തിൽ മറ്റുള്ള വിശ്വാസികളെയും പഠിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. നിങ്ങൾക്കു പകർന്നുതന്ന വെളിപ്പെടുത്തലിന്റെ എല്ലാ പരിജ്ഞാനത്തെയും പ്രവൃത്തിയിൽ കൊണ്ടുവരിക. ഇപ്രകാരം നിങ്ങൾ കട്ടിയായ ഒരു അടിസ്ഥാനം

സ്ഥാപിക്കുകയും അതിന്മേൽ നിങ്ങളുടെ ക്രിസ്തീയ അനുഭവങ്ങളെ പണിയുവാനും സാധിക്കും. കർത്താവിന്റെ വചനപ്രകാരം ഒരു വ്യക്തി വചനം കേൾക്കുകയും അത് പ്രവൃത്തിയിൽ കൊണ്ടുവരികയും ചെയ്യുമ്പോൾ, ആ വ്യക്തി പാറമേൽ അടിസ്ഥാനമിട്ടു വീടുപണിത ആളിനോട് തുല്യനാകുന്നു (മത്തായി 7:24, 25). നിങ്ങളുടെ ജീവിതം ഏതു തരത്തിലുള്ള അടിസ്ഥാനത്തിലാണ് നിങ്ങൾ പണിയുന്നത്?

## 2

# ദൈവത്തിന്റെ വചനം: അതിന്റെ വിശുദ്ധിയും ശക്തിയും

ഇൻഡ്യയിൽ, മണിപ്പാലിലെ കോളേജിലെ ആവേശമുണർത്തുന്ന ഏകദേശം നാലു വർഷത്തിന്റെയൊടുവിൽ അതിശയമേറിയ അനേകം കാര്യങ്ങൾ സംഭവിച്ചു. എല്ലാറ്റിലും ഏറ്റവും പ്രധാനമായത് ഞങ്ങളിൽ ചില കോളേജുകുട്ടികളെ – സാധാരണ കോളേജ് കുട്ടികൾ – ഒരുമിച്ചു ജോലിചെയ്യുവാനും വിദ്യാർത്ഥിസമൂഹത്തിനിടയിൽ, അവസാനം ശക്തിയേറിയ ക്രിസ്തീയ കൂട്ടായ്മയിലേക്കു വളരുന്നതിനുള്ള ഒരു അസ്തിവാരം ഇടുന്നതിന് ദൈവം സഹായിച്ചു. ഇത് വർഷാർദ്ധത്തിന്റെ ഒടുവിലായിരുന്നു. എന്റെ അനേകം സ്നേഹിതന്മാരും അവരുടെ ഭവനങ്ങളിലേക്കു പോയി. താമസിക്കുന്ന ഇടം ഈ സമയത്ത് അസാധാരണമായി ബഹളമില്ലാത്തതാണെന്നറിഞ്ഞ് കർത്താവുമായി കുറച്ചുസമയം തനിയെ ചെലവഴിക്കാൻ കുറച്ചുദിവസം അവിടെത്തന്നെ താമസിക്കാൻ ഞാൻ തീരുമാനിച്ചു. നിയതമായി എന്റെ ഭാവിക്കുവേണ്ടിയും എന്റെ മുമ്പിൽ ഉണ്ടായിരുന്ന കാര്യങ്ങൾക്കുവേണ്ടിയും – ഒത്തിരികാര്യങ്ങൾ എനിക്ക് അറിയാമായിരുന്നില്ലെങ്കിലും, പ്രാർത്ഥിക്കുവാൻ ഞാൻ ആഗ്രഹിച്ചു. ഈ പ്രാർത്ഥനയുടെ കാലയളവിലാണ് യെശയ്യാവ് 45:1–3 ആഴമായി എന്റെ ആത്മാവിന് ഉൽബോധനം നൽകിയത്.

“യഹോവ തന്റെ അഭിഷിക്തനായ കോരെശിനോട് ഇപ്രകാരം അരുളിച്ചെയ്യുന്നു – അവനു ജാതികളെ കീഴടക്കി രാജാക്കന്മാരുടെ അരക്കച്ചകളെ അഴിക്കേണ്ടതിനും കതകുകൾ അവനു തുറന്നിരിക്കേണ്ടതിനും വാതിലുകൾ അടയാതിരിക്കേണ്ടതിനും ഞാൻ അവന്റെ വലങ്കൈ പിടിച്ചിരിക്കുന്നു:– ഞാൻ നിനക്കു മുമ്പായി ചെന്നു ദുർഘടങ്ങളെ നിരപ്പാക്കുകയും താമ്രവാതിലുകളെ തകർത്ത് ഇരുമ്പോടാമ്പലുകളെ ഖണ്ഡിച്ചു കളയുകയും ചെയ്യും.

നിന്നെ പേർചൊല്ലി വിളിക്കുന്ന ഞാൻ യഹോവ, യിസ്രായേലിന്റെ ദൈവം തന്നേ എന്നു നീ അറിയേണ്ടതിനു ഞാൻ നിനക്ക് ഇരു ട്ടിലെ നിക്ഷേപങ്ങളെയും മറവിടങ്ങളിലെ ഗുപ്തനിധികളെയും തരും" (യെശയ്യാവു 45:1–3).

എനിക്ക്, ഇവ, 'മൂലക്കല്ലായ വാക്യങ്ങൾ' ആകുന്നു – എന്റെ ഹൃദയത്തിൽ പ്രത്യേക സ്ഥലം കൈവശപ്പെടുത്തിയിരിക്കുന്ന വാക്യങ്ങൾ. ഈ വാക്യങ്ങളുടെ അർത്ഥവും എന്റെ ജീവിതത്തിൽ അവ പ്രയോജനപ്പെടുത്തുവാൻ പോകുന്ന വഴിയെയും ഞാൻ ഗ്രഹിച്ചു.

ഈ വാഗ്ദത്തത്തിന്റെ ഭാഗമായി, ദൈവം പറഞ്ഞു, ദൈവം ഞങ്ങൾക്കുമുമ്പെ പോയി ഞങ്ങൾക്കു കതകുകളെ തുറക്കുമെ ന്നും, അവ അടയ്ക്കപ്പെടത്തില്ലെന്നും. അപ്പോൾ മുതൽ അനേകം അവസരങ്ങൾ ഉണ്ടായി, അവിടെ ഞങ്ങൾ അസാദ്ധ്യങ്ങളുടെയും 'അടയ്ക്കപ്പെട്ട കതകുകളുടെയും' മുമ്പിൽ മുഖാമുഖമായി നിന്നു. പ്രവേശനം കിട്ടുന്നതിനും, സർവകലാശാലയിൽനിന്നും ധനപര മായ സഹായത്തിനും, വിദേശരാജ്യങ്ങളിലേക്കുള്ള വിസയ്ക്കും, അല്ലെങ്കിൽ 1993-ൽ വ്യക്തിപരമായ ഒരു ധനപരമായ ഉൽക്കണ്ഠ യിൽനിന്നും എഴുന്നേൽക്കുവാനും അതുപോലെ മറ്റനേകം സന്ദർഭങ്ങളിലും ഞങ്ങൾ ഈ വാക്യങ്ങളിലേക്ക് മടങ്ങിവന്നു ദൈവമുമ്പാകെ നിന്നു, ദൈവം വാഗ്ദത്തം ചെയ്തത് ദൈവം നിവർത്തിക്കും എന്ന് അംഗീകരിച്ചു. തിരുവെഴുത്തിലെ ഈ വാക്യ ങ്ങളാലും ക്രിസ്തുവിൽ ഞങ്ങൾക്കു തന്ന അധികാരത്താലും സാഹചര്യങ്ങളിലും സന്ദർഭങ്ങളിലും ഞങ്ങൾ അവയെ സമർത്ഥി പ്പിച്ചു, അങ്ങനെ മാറ്റങ്ങൾ വരുന്നത് ഞങ്ങൾ കണ്ടു. ഈ വാക്യ ങ്ങളുടെ വിശുദ്ധിയിലും ശക്തിയിലും ഞങ്ങൾ വിശ്വാസം അർപ്പിച്ചു, ഒരു പരിധിവരെ, വിവേകമുള്ള ഒരു മനസ്സിനു അകാര ണമായും ഒരുപക്ഷെ ഭോഷത്വമായും തോന്നിയേക്കാം. ദൈവ ത്തിന്റെ വചനം ഒരിക്കലും പരാജയപ്പെട്ടിട്ടില്ല എന്നുള്ളത് ഞങ്ങൾ സന്തോഷത്തോടെ സാക്ഷിക്കുന്നു. ഞങ്ങളെപ്പോലെ തന്നേ,

അനേകർ ലോകത്തിൽ എല്ലായിടത്തുമുണ്ട്, അവർക്ക് സാക്ഷ്യത്തിനുമേൽ സാക്ഷ്യം തരുവാൻ സാധിക്കും, അവർ അഭിമുഖീകരിച്ച വെല്ലുവിളികളെയും എങ്ങനെയാണ് അവർ കേവലം തങ്ങളുടെ ആശ്രയം ഒരിക്കലും തെറ്റുപറ്റാത്ത ദൈവവചനത്തിൽ വെക്കുകയും എങ്ങനെയാണ് ദൈവം തന്റെ വചനത്തിന്റെ ശക്തിയാൽ ജയോൽസവത്തിലൂടെ അവയെ കൊണ്ടുവന്നതെന്നും.

നമുക്കു വരാൻ കഴിയുന്ന ഒരു സ്ഥലമുണ്ട്, ദൈവത്തിന്റെ വിലയേറിയ വചനത്തെ നമ്മൾ സ്നേഹിക്കുകയും ഭയപ്പെടുന്നതുമായ സ്ഥലം; ദൈവത്തിന്റെ വചനത്തിന്റെ ശക്തിയെയും സത്യസന്ധതയെയും ചോദ്യം ചെയ്യാൻ കഴിയപ്പെടാത്ത ദൃഢവിശ്വാസത്തെ നമ്മുടെ ഹൃദയങ്ങൾ മുറുക്കിപ്പിടിച്ചിരിക്കുന്ന ഒരു സ്ഥലം; എല്ലാറ്റിനെക്കാളും ദൈവത്തിന്റെ വചനത്തെ നമ്മൾ ഉയർത്തുന്ന ഒരു സ്ഥലം; ദൈവത്തിന്റെ വചനം നമ്മുടെ സ്വഭാവത്തെ പരിണമിപ്പിക്കുന്നതും നമ്മുടെ വിചാരങ്ങളെ സ്വാധീനിക്കുന്നതും നമ്മുടെ പ്രവൃത്തികൾക്കു മാർഗ്ഗദർശനം തരുന്നതുമായ സ്ഥലം; ദൈവത്തിന്റെ വചനത്തിലൂടെ, ആത്മീക വിവേകത്തിനുവേണ്ടി നമ്മുടെ ഹൃദയങ്ങൾ കൊതിക്കുന്നതും വിശക്കുന്നതുമായ ഒരു സ്ഥലം; തിരുവെഴുത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന ദൈവതേജസ്സിനെ കൂടുതലായി നമ്മൾ കാണുവാൻ ആഗ്രഹിക്കുന്ന സ്ഥലം; ദൈവത്തിന്റെ വചനത്തിലെ നിർമ്മലമായ പരമാനന്ദം ഉള്ള സ്ഥലം. ഞങ്ങളുടെ പ്രാർത്ഥന നമ്മൾ ഓരോരുത്തരും ഈ സ്ഥലത്ത് തുടർച്ചയായി വസിക്കുന്നതിന്റെ സന്തോഷം അനുഭവമാക്കണം എന്നാണ്.

## ദൈവത്തിന്റെ പരമാധികാരമുള്ള കരം

"ഹാ, ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ് എന്നിവയുടെ ആഴമേ! അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു" (റോമർ 11:33). ദൈവത്തിന്റെ വഴികളെല്ലാം ഭൂതകാലത്തെ കണ്ടുപിടിക്കുന്നതും അല്ലെങ്കിൽ മാനുഷികവിവേകത്തിനു അപ്പുറവും ആകുന്നു. ദൈവത്തിന്റെ

പരമാധികാരമുള്ള കൈ ഇന്നുവരെയും, തുടർന്നും, അതിന്റെ വഴി ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു, മാനവചരിത്രത്തിന്റെ ഗതിയിലൂടെ, മിക്കവാറും അപ്രധാനമെന്നും മറഞ്ഞുകിടക്കുന്നതെന്നും തോന്നിക്കുന്ന വഴികളിലൂടെ. മിക്കവാറും സമയങ്ങളിൽ ദൈവം പണിയെടുക്കുന്നത് വളരെ ലൗകികമായും വളരെ സാധാരണമായും പ്രത്യക്ഷപ്പെട്ടേക്കാം, എന്നാൽ അവ ദൈവത്തിന്റെ കൈപ്പണിയിൽനിന്നും ഒട്ടും കുറഞ്ഞതല്ല, വർണ്ണശബളമായ അത്ഭുതസംഭവങ്ങൾ നടക്കുന്നതിനേക്കാളും. മോശെ തന്റെ വടികൊണ്ട് പാറയെ അടിച്ചപ്പോൾ തൽക്ഷണം പാറയിൽനിന്നും വെള്ളം പുറപ്പെടുവിച്ച അതേ ദൈവം ബെസലേലിനോടും കൂടെ പണിചെയ്തവരോടും കൂടെ പ്രവർത്തിച്ചു, മരുഭൂമിയിൽ സമാഗമനകൂടാരം ഉണ്ടാക്കുന്നതിന്റെ പണികൾക്കായി ഓരോ ദിവസവും അവർ അദ്ധ്വാനിച്ചപ്പോൾ, മാനുഷികമനസ്സിന്, ബെസലേലും അവന്റെ കൂടെയുള്ള ജോലിക്കാരും കഠിനാദ്ധ്വാനം ചെയ്തത്, അത് ദൈവത്തിന്റെ തന്നെ പ്രവൃത്തി ആയിരുന്നു എന്നുള്ളത്, സ്വീകരിക്കുവാൻ വളരെ പ്രയാസമായി തോന്നിയേക്കാം. എന്നാൽ, ദൈവത്തിന്റെ ആത്മാവായിരുന്നു, ആ കൈത്തൊഴിൽക്കാരെ, സമാഗമനകൂടാരത്തിന് പൊന്ന്, വെള്ളി, താമ്രം ഇവ കൊണ്ടുള്ള പണികൾക്കായി മാതൃകാരൂപമുണ്ടാക്കുന്നതിന് ജ്ഞാനത്താലും വിവേകത്താലും പരിജ്ഞാനത്താലും നിറച്ചത്, ഈ നിസ്സാരമായ വിശദീകരണത്തിന്റെ വിപുലീകരണത്തിലൂടെ നമുക്കു വളരെ ധൈര്യമായി പറയുവാൻ കഴിയും, സാധാരണ ജനങ്ങളുടെ ജീവിതത്തിലൂടെ, ദൈവം തന്റെ ദിവ്യമായ ഉദ്ദിഷ്ടകാര്യങ്ങളെ പ്രവർത്തിപ്പിച്ചിരുന്നു എന്ന്. അങ്ങനെ 66 പുസ്തകങ്ങളാൽ സമാഹരിക്കപ്പെട്ട ക്രിസ്തീയ വേദപുസ്തകത്തിലൂടെയും. തിരുവെഴുത്തിനെ പുണ്യവാളനാക്കുന്നതിലും ഒന്നിച്ചുചേർക്കുന്നതിലും കൂടെ ദൈവത്തിന്റെ പരമാധികാരമുള്ള കൈയുടെ പ്രവർത്തനം ഉണ്ടായിരുന്നു. ഇതുപോലെ അവകാശവാദം പുറപ്പെടുവിക്കുന്നതിന്റെ പ്രാബല്യത്തെ മാനുഷികബുദ്ധി ചോദ്യം ചെയ്തേക്കാം. എന്നാൽ ദൈവം തന്റെ പ്രവൃത്തികൾ മൗനമായി ചെയ്യുന്നു എന്നു ഗ്രഹി

ച്ചിരിക്കുന്ന നമുക്ക്, മനുഷ്യൻ തന്റെ വ്യാപാരങ്ങൾക്ക് ദിവസവും പൊയ്ക്കൊണ്ടിരിക്കുന്നു എങ്കിലും, ഇത് വ്യവസ്ഥപ്പെടുത്തിയ ഒരു സത്യം ആകുന്നു.

## അവന്റെ നാമത്തിനു മീതെ പോലും

"ഞാൻ നിന്റെ വിശുദ്ധമന്ദിരത്തെ നോക്കി നമസ്കരിച്ചു, നിന്റെ ദയയും വിശ്വസ്തതയും നിമിത്തം തിരുനാമത്തിനു സ്തോത്രം ചെയ്യും. നിന്റെ നാമത്തിനു മീതെ ഒക്കെയും നീ നിന്റെ വാഗ്ദാനം മഹിമപ്പെടുത്തിയിരിക്കുന്നു" (സങ്കീർത്തനങ്ങൾ 138:2).

ദൈവത്തിന്റെ വചനത്തിന് ദൈവത്തിന്റെ നാമത്തെക്കാളും വലിയ പ്രാധാന്യം ആണ് ദൈവം കൊടുത്തിരിക്കുന്നത്. ദൈവം തന്റെ വചനത്തെ തന്റെ നാമത്തേക്കാളും ഉന്നതപദത്തിൽ വെച്ചിരിക്കുന്നു. ദൈവത്തിന്, തന്റെ വചനം, അത് ദൈവം സംസാരിച്ചത്, ദൈവത്തിന്റെ കീർത്തിയെക്കാളും, വലിയ പ്രാധാന്യമുള്ളതാണ്. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ നാമം - ദൈവത്തിന്റെ കീർത്തി, അവന്റെ വചനംപോലെ മാത്രം നല്ലതാകുന്നു. ഇതിന്റെ ഒരു വിവേകം നമ്മൾ പ്രാപിക്കേണ്ടത് അത്യാവശ്യമാകുന്നു. ദൈവത്തിന്റെ കീർത്തി ദൈവത്തിന്റെ വചനത്തെ ആശ്രയിച്ചാണിരിക്കുന്നത്. ദൈവത്തിന്റെ നാമത്തിന്റെ കീർത്തിയും ബഹുമതിയും ഉത്ഭവിക്കുന്നത് ദൈവത്തിന്റെ വചനത്തിൽനിന്നുമാണ്. രണ്ട് അതിപ്രധാനമായ ഉൾപ്പെടുത്തലുകൾ ഉണ്ട്. ഒന്നാമതായി ദൈവത്തിന്റെ ഭാഗത്ത്, എന്തുകൊണ്ടെന്നാൽ ദൈവം തന്റെ നാമത്തിനു മേലായി ദൈവത്തിന്റെ വചനത്തെ ഉയർത്തി. ദൈവം ആയിരിക്കുന്നതിനെ തന്റെ വചനത്തിലൂടെ ഉയർത്തിപ്പിടിക്കും. ദൈവത്തിന്റെ വചനത്തെ പിന്താങ്ങുന്നത് ദൈവത്തിന്റെ തന്നെ സർവ്വശക്തിയെയും, സർവ്വവ്യാപകത്വത്തെയും, സർവ്വജ്ഞത്വത്തെയുമാണ്. ദൈവം പറഞ്ഞു "എന്റെ വചനം നിവർത്തിക്കേണ്ടതിനു ഞാൻ ജാഗരിച്ചുകൊള്ളും എന്നരുളിച്ചെയ്തു" (യിരെമ്യാവു 1:12). രണ്ടാമത്തേത്, നമ്മുടെ ഭാഗത്ത്, ദൈവത്തിന്റെ നാമത്തെ മാത്രം അറിയുന്നതിനുള്ള പ്രാധാന്യം നാം മനസ്സിലാക്കിയാൽ പോരാ, ദൈവത്തിന്റെ

വചനത്തിന്റെ പ്രാധാന്യവും മനസ്സിലാക്കണം. നമ്മൾ ദൈവത്തിന്റെ നാമത്തെ വിളിക്കുകയും രക്ഷിക്കപ്പെടുകയും ചെയ്തു (റോമർ 10:13). ഇപ്പോൾ, നമ്മൾ, അവന്റെ വചനത്തെ തുടർച്ചയായി അറിയണം, എന്തുകൊണ്ടെന്നാൽ, ദൈവം തന്നേ, ദൈവത്തിന്റെ വചനത്തിനു, ദൈവത്തിന്റെ നാമത്തേക്കാളും അതിപ്രധാനമായ കീർത്തിയുടെ ഒരു സ്ഥലം കൊടുത്തിട്ടുണ്ട്.

## ദൈവത്തിന്റെ വചനം ദൈവത്തിന്റെ സ്വഭാവഗുണം പോലെതന്നെ ശക്തമാണ്

"എന്നാൽ നിങ്ങൾ ഓരോരുത്തൻ പ്രത്യാശയുടെ പൂർണ്ണനിശ്ചയം പ്രാപിപ്പാൻ അവസാനത്തോളം ഒരുപോലെ ഉത്സാഹം കാണിക്കേണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. അങ്ങനെ നിങ്ങൾ മന്ദതയുള്ളവരാകാതെ വിശ്വാസത്താലും ദീർഘക്ഷമയാലും വാഗ്ദത്തങ്ങളെ അവകാശമാക്കുന്നവരുടെ അനുകാരികളായിത്തീരും. ദൈവം അബ്രഹാമിനോട് വാഗ്ദത്തം ചെയ്യുമ്പോൾ തന്നെക്കാൾ വലിയവനെക്കൊണ്ട് സത്യം ചെയ്‌വാൻ ഇല്ലാഞ്ഞിട്ടു തന്നെക്കൊണ്ടു തന്നെ സത്യം ചെയ്തു: "ഞാൻ നിന്നെ അനുഗ്രഹിക്കയും നിന്നെ വർദ്ധിപ്പിക്കയും ചെയ്യും" എന്ന് അരുളിച്ചെയ്തു. അങ്ങനെ അവൻ ദീർഘക്ഷമയോടിരുന്നു വാഗ്ദത്ത വിഷയം പ്രാപിച്ചു. തങ്ങളെക്കാൾ വലിയവനെക്കൊണ്ടല്ലോ മനുഷ്യർ സത്യം ചെയ്യുന്നത്; ആണ അവർക്ക് ഉറപ്പിനായി സകലവാദത്തിന്റെയും തീർച്ചയാകുന്നു. അതുകൊണ്ടു ദൈവം വാഗ്ദത്തത്തിന്റെ അവകാശികൾക്കു തന്റെ ആലോചന മാറാത്തത് എന്ന് അധികം സ്പഷ്ടമായി കാണിപ്പാൻ ഇച്ഛിച്ചു ഒരു ആണയാലും ഉറപ്പുകൊടുത്തു. അങ്ങനെ നമ്മുടെ മുമ്പിൽ വെച്ചിട്ടുള്ള പ്രത്യാശ പിടിച്ചുകൊൾവാൻ ശരണത്തിനായി ഓടിവന്ന നാം മാറിപ്പോകാത്തതും ദൈവത്തിനു ഭോഷ്കു പറവാൻ കഴിയാത്തതുമായ രണ്ടു കാര്യങ്ങളാൽ ശക്തിയുള്ള പ്രബോധനം പ്രാപിപ്പാൻ ഇടവരുന്നു" (എബ്രായർ 6:11–18).

ദൈവം അബ്രാഹാമിനു ഒരു വാഗ്ദത്തം ചെയ്തപ്പോൾ ദൈവം തന്നെക്കൊണ്ടു തന്നെ സത്യം ചെയ്താണ് ആ വാഗ്ദത്തത്തെ

പിൻതാങ്ങിയത്. ദൈവം പറഞ്ഞു “ഞാൻ നിന്നെ അനുഗ്രഹിക്കയും” “ഞാൻ നിന്നെ വർദ്ധിപ്പിക്കയും” ചെയ്യും. ദൈവം അബ്രാഹാമിനു “മാറ്റമില്ലാത്ത രണ്ടു കാര്യങ്ങൾ” കൊടുത്തു – ദൈവത്തിന്റെ വാഗ്ദത്തം (വചനം), ദൈവത്തിന്റെ സത്യപ്രതിജ്ഞ. “ഞാൻ ചെയ്യും” എന്ന് എപ്പോളെല്ലാം ദൈവം പറഞ്ഞുവോ, ദൈവം മാറ്റമില്ലാത്ത രണ്ടു കാര്യങ്ങളാണ് നമുക്ക് തരുന്നത് – ദൈവത്തിന്റെ വാഗ്ദത്തം (ദൈവത്തിന്റെ വചനം), ദൈവത്തിന്റെ സത്യപ്രതിജ്ഞ (ആണ, ഉറപ്പുവാക്ക്) ആ വാഗ്ദത്തത്തെ പിൻതാങ്ങുവാൻ. ദൈവത്തിന്റെ എല്ലാ വചനവും (വാഗ്ദത്തം) സത്യം ചെയ്ത സാക്ഷിമൊഴികളാണ്, മഹിമയുടെ വാക്കുകളാണ് എന്തുകൊണ്ടെന്നാൽ ഇത് ഒരു വാഗ്ദത്തവും ഒരു സത്യപ്രതിജ്ഞയും രണ്ടും ആണ്. “ദൈവം തന്നെക്കൊണ്ടുതന്നേ ആണയിട്ടു.” ദൈവത്തിന്റെ ആണയിടലിന്റെ സ്ഥിരപ്പെടുത്തൽ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് ദൈവത്തിന്റെതന്നെ സ്വയത്തിലാണ്. ദൈവത്തിന്റെ സ്വയത്തെപ്പോലെ മാറ്റമില്ലാത്ത വേറെ യാതൊന്നുമില്ല, എന്തുകൊണ്ടെന്നാൽ അവൻ ദൈവം ആകുന്നു, ദൈവത്തിന്റെ സ്വഭാവത്തിന് ഒരിക്കലും മാറ്റം വരത്തില്ല. ദൈവം പറഞ്ഞു “യഹോവ ആയ ഞാൻ മാറാത്തവൻ” (മലാഖി 3:6). അതുകൊണ്ട് ദൈവത്തിന്റെ എല്ലാ വചനവും പിൻതാങ്ങിയിരിക്കുന്നത് ദൈവത്തിന്റെ മാറ്റമില്ലാത്ത സ്വഭാവഗുണത്താലാണ്. ദൈവത്തിന്റെ സ്വഭാവഗുണത്തിന്റെ മർമ്മപ്രധാനമായ ഒരു വീക്ഷണം ദൈവത്തിനു ഭോഷ്കു പറയുവാൻ സാദ്ധ്യമല്ല എന്നുള്ളതാണ്.

അവൻ “ഭോഷ്കു പറയുവാൻ കഴിയാത്ത ദൈവം ആകുന്നു” (തീത്തോസ് 1:2). അതുകൊണ്ട് ദൈവം പറയുന്ന എല്ലാ വചനവും സത്യമാണ്. യേശു പറഞ്ഞതുപോലെ “നിന്റെ വചനം സത്യം ആകുന്നു” (യോഹന്നാൻ 17:17). “ഭോഷ്കു പറയുവാൻ ദൈവം ഒരു മനുഷ്യനല്ല, അനുതപിക്കുവാൻ അവൻ ഒരു മനുഷ്യപുത്രനുമല്ല.” ദൈവം പറഞ്ഞത് ദൈവം ചെയ്യത്തില്ലയോ? താൻ അരുളിച്ചെയ്തതു നിവർത്തിക്കാതിരിക്കുമോ? (സംഖ്യാപുസ്തകം 23:19).

ദൈവത്തിന്റെ മാറ്റം വരാത്ത സ്വഭാവഗുണത്തിന്റെ വീക്ഷണം എന്ന സ്ഥലത്തു വിശ്രമിക്കുവാൻ നാം വരേണ്ടതാവശ്യമാണ്. ദൈവത്തിന് ഒരിക്കലും ഭോഷ്കു പറയുവാൻ കഴിയത്തില്ല എന്ന് നമുക്ക് അറിയാം. അതുകൊണ്ട് ദൈവം പറഞ്ഞ ഓരോ വചനങ്ങളും കലർപ്പില്ലാത്ത സത്യം ആണ്. ഇത് നമുക്ക് ഉറപ്പുതരുമ്പോൾ, അപ്പോൾ തിരുവെഴുത്ത് പറയുന്നതുപോലെ നമുക്ക് ശക്തിയേറിയ സാന്ത്വനമുണ്ട്. നമുക്ക് ശക്തിയേറിയ വസിക്കുന്ന ബലവും ശക്തിയേറിയ ഉത്തേജിപ്പിക്കലും ഉണ്ട്.

## നിർമ്മല വചനങ്ങൾ

"യഹോവയുടെ വചനങ്ങൾ നിർമ്മലവചനങ്ങൾ ആകുന്നു; നിലത്ത് ഉലയിൽ ഉരുക്കി ഏഴുപ്രാവശ്യം ശുദ്ധിചെയ്ത വെള്ളിപോലെതന്നെ" (സങ്കീർത്തനങ്ങൾ 12:6).

നമ്മുടെ ദൈവം സത്യത്തിന്റെ ഒരു ദൈവം ആകുന്നു. അവന്റെ വചനങ്ങൾ സത്യവചനങ്ങൾ ആകുന്നു; നിർമ്മല വചനങ്ങൾ ആകുന്നു. ദൈവത്തിന്റെ വചനം തെറ്റില്ലാത്തതാകുന്നു. "നിന്റെ വചനത്തിന്റെ സാരം സത്യംതന്നെ" (സങ്കീർത്തനങ്ങൾ 119:160). "അവൻ തന്റെ ദാസനായ മോശെ മുഖാന്തരം അരുളിച്ചെയ്ത അവന്റെ നല്ല വാഗ്ദാനങ്ങളെല്ലാറ്റിലും വെച്ച് ഒന്നെങ്കിലും നിഷ്ഫലമായിട്ടില്ലല്ലോ" (1 രാജാക്കന്മാർ 8:56 b). വളരെയധികം ദൃഢനിശ്ചയത്തോടെ അവയിൽ വിശ്വാസം അർപ്പിക്കാവുന്നതാണ്. അവന്റെ വാഗ്ദത്തങ്ങളിൽ യാതൊരു സംശയവുമില്ലാതെ വിശ്വസിക്കാവുന്നതാണ്. അവന്റെ നിർദ്ദേശങ്ങൾ പൂർണ്ണഹൃദയത്തോടെ സ്വീകരിക്കാവുന്നതാണ്. ദൈവത്തിന്റെ വചനം സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്നു (സങ്കീർത്തനങ്ങൾ 119:89). അവയെ രൂപാന്തരപ്പെടുത്തുകയോ മാറ്റുകയോ ചെയ്യത്തില്ല, കാരണം ദൈവം തന്റെ നിയമം ഒരിക്കലും ലംഘിക്കത്തില്ല അല്ലെങ്കിൽ ദൈവം പറഞ്ഞത് ഒരിക്കലും പിൻവലിക്കത്തില്ല (സങ്കീർത്തനങ്ങൾ 89:34). അവന്റെ വചനം എന്നേക്കും നിലനിൽക്കുന്നു (1 പത്രോസ് 1:23). അവന്റെ വചനം ശക്തിയേറിയ ഒരു സുരക്ഷിത

സ്ഥലമാണ് എന്തുകൊണ്ടെന്നാൽ അതുപോലെ നിർമ്മലമായതും തീർച്ചയായതും നിലനിൽക്കുന്നതുമായ വേറെ യാതൊന്നും ഇല്ല.

## ദൈവത്തിന്റെ വചനം ദൈവത്തിന്റെ ശക്തിവാഹകനാകുന്നു

"ഈ കാണുന്ന ലോകത്തിനു ദൃശ്യമായതല്ല കാരണം എന്നു വരുമാറ് ലോകം ദൈവത്തിന്റെ വചനത്താൽ നിർമ്മിക്കപ്പെട്ടു എന്നു നാം വിശ്വാസത്താൽ അറിയുന്നു" (എബ്രായർ 11:3).

"അവൻ അവന്റെ തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തേയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും ആകുന്നു" (എബ്രായർ 1:3).

"ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർവിടുവിക്കുംവരെ തുളച്ചുചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു" (എബ്രായർ 4:12).

വിശ്വാസികളായ നാം, ദൈവം സാധാരണമട്ടിൽ സംസാരിച്ച് ഈ പ്രപഞ്ചത്തിന് ജന്മം നൽകിയ സത്യം അറിഞ്ഞും അംഗീകരിച്ചുമിരിക്കുന്നു. "ഭൗതികജീവിതങ്ങളെ നിർമ്മിച്ചത് ദൈവവചനത്താലാണെന്ന്" നാം മനസ്സിലാക്കിയിരിക്കുന്നു. ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചതും കെട്ടിയുണ്ടാക്കിയതും ആകൃതിയുള്ളതാക്കിയതും പുതുമോടി പിടിപ്പിച്ചതുമെല്ലാം ദൈവം സംസാരിച്ച വചനത്താലാണ്. "ഇപ്പോൾ കാണുന്ന കാര്യങ്ങൾ, കാണുന്ന കാര്യങ്ങളിൽ നിന്നുമല്ല ഉണ്ടാക്കിയത്" - അതായത് കാണുന്ന കാര്യങ്ങൾ കാണാത്ത കാര്യങ്ങളിൽനിന്നുമാണ് ഉണ്ടാക്കിയത് (എബ്രായർ 11:13). പ്രകൃതിപരമായതു വന്നത് ആത്മീകപരമായതിൽ നിന്നും ആണ്. ഇതു ശക്തിയേറിയ ഒരു സത്യം ആണ്, ഇതു നമ്മൾ ഗ്രഹിക്കേണ്ടത് ആവശ്യമാണ്. ദൈവവചനം കാണാൻ പാടില്ലാത്തതായിരുന്നു, ആത്മീകപദാർത്ഥങ്ങൾ ഇന്ന് കാണുന്ന ലോകത്തിന് ജന്മം നൽകി. ദൈവം സംസാരിച്ച വചനങ്ങളാൽ എല്ലാം സൃഷ്ടിച്ചത്

മാത്രമല്ല, എബ്രായർ 1:3 പ്രകാരം എല്ലാറ്റിനെയും വചനത്താൽ പിന്താങ്ങുകയും ചെയ്തു. ഈ പ്രപഞ്ചം മുഴുവനെയും താങ്ങി നിർത്തിയിരിക്കുന്നതും നിയന്ത്രിക്കുന്നതും ക്രമത്തിലും ചിട്ടയിലും വെച്ചിരിക്കുന്നതും ദൈവവചനത്താലാണ്.

ദൈവവചനം മുഴുവനും ദൈവത്തിന്റെ ശക്തിയാണെന്ന് നമ്മൾ അംഗീകരിക്കുമ്പോൾ ഈ സത്യം നമുക്ക് ഗ്രഹിക്കുവാൻ കഴിയും. ഊർജ്ജതന്ത്രത്തിൽ വെളിച്ചത്തിന്റെ പ്രകൃതിയുടെ ഒരു പ്രമാണ ത്തിൽ വിവരിക്കുന്നത് വെളിച്ചത്തിൽ അടങ്ങിയിരിക്കുന്നത് 'ഫോട്ടോൺസ്' എന്നാണ്. ഫോട്ടോൺസ് എന്നു പറയുന്നത് ഊർജ്ജത്തിന്റെ ചെറിയ പൊതിക്കെട്ട് ആണെന്നാണ്. ഈ ഫോട്ടോണുകൾ ഇടുങ്ങിയ ഉന്നത്തിൽ തട്ടുമ്പോൾ, അവയ്ക്ക് ഊർജ്ജം പുറത്തേക്കു വിടുവാൻ കഴിയും. ഇതുപോലെതന്നെ, നമ്മുടെ മനസ്സിൽ മിക്കവാറും നമുക്ക് ഊഹിക്കുവാൻ കഴിയും, ദൈവവചനത്തെ ഊർജ്ജത്തിന്റെ ചെറിയ പൊതിക്കെട്ടുകളായി, അത്യുന്നതനായ ദൈവത്തിന്റെ സർവ്വശക്തമായ ശക്തിയെ അവ യിൽ വഹിക്കുന്നതായി. ഈ ദൈവവചനങ്ങൾക്ക് "ദിവ്യമായ ഊർജ്ജത്തെ" പുറത്തേക്കു വിടുവാൻ കഴിയും, അങ്ങനെ ദൈവ ത്തിന്റെ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്കു കാരണമാകുവാൻ കഴിയും.

## ഇത് വിചിന്തനം ചെയ്യുക

- ദൈവത്തിന് തന്റെ വചനത്തിന്റെ ശക്തിയാൽ ഈ പ്രപ ഞ്ചത്തിനു മുഴുവൻ ജന്മം നൽകാൻ സാധിച്ചെങ്കിൽ, നമ്മുടെ ജീവിതത്തിൽ ഇപ്പോൾ ഇല്ലാത്ത കാര്യങ്ങൾക്ക് ജന്മം നൽകു വാനും ദൈവത്തിനു കഴിയുകയില്ലയോ? എവിടെ രോഗം ഉണ്ടോ, ദൈവത്തിന്റെ വചനത്തിന്റെ ശക്തിയാൽ സൗഖ്യ ത്തിനും ആരോഗ്യത്തിനും ജന്മം നൽകിക്കൊണ്ടുവരാൻ ദൈവത്തിനു കഴിയും. എവിടെ ദാരിദ്ര്യം ഉണ്ടോ, ദൈവ ത്തിന്റെ വചനത്തിന്റെ ശക്തിയാൽ, ഭൗതികധനത്തിന് ജന്മം നൽകിക്കൊണ്ടുവരാൻ ദൈവത്തിനു കഴിയും. സൃഷ്ടിപരമായ ദൈവത്തിന്റെ ശക്തി ദൈവത്തിന്റെ വചനത്തിൽ വസിക്കുന്നു.

അതുകൊണ്ട്, ദൈവവചനത്തിനു സൃഷ്ടിക്കുവാൻ കഴിയും (ജന്മം നൽകുവാൻ), ദൈവം വാഗ്ദത്തം ചെയ്ത കാര്യങ്ങളെ, ഇപ്പോൾ അവ നമ്മുടെ ജീവിതത്തിൽ നിലവിലിരിക്കുന്നില്ലെങ്കിൽപോലും.

- ഈ പ്രപഞ്ചത്തെ സൃഷ്ടിക്കുവാനും, കെട്ടിയുണ്ടാക്കുവാനും ആകൃതിയുള്ളതാക്കുവാനും ദൈവം തന്റെ വചനമാണ് ഉപയോഗിച്ചത്. ദൈവത്തിന് തന്റെ വചനത്താൽ നമ്മുടെ ഇപ്പോഴത്തെ അവസ്ഥയെയും നമ്മുടെ ഭാവിയെയും സൃഷ്ടിക്കുവാനും കെട്ടിയുണ്ടാക്കുവാനും, ആകൃതിയുള്ളതാക്കുവാനും കഴിയത്തില്ലയോ? നമ്മുടെ ഇപ്പോഴത്തെ അവസ്ഥയ്ക്ക് മാറ്റം വരുത്തുവാനും നമ്മുടെ ഭാവി ആകൃതിയുള്ളതാക്കുവാനും ദൈവത്തിന്റെ വചനത്തിന് ശക്തിയുണ്ട്.
- ഈ പ്രപഞ്ചത്തെ മുഴുവൻ താങ്ങിനിർത്തിയിരിക്കുന്നതും നിയന്ത്രിക്കുന്നതും ക്രമത്തിലും ചിട്ടയിലും വെച്ചിരിക്കുന്നതും ദൈവത്തിന്റെ വചനത്താലാണ്. ദൈവത്തിന്റെ വചനത്തിന് നമ്മുടെ ചെറിയ ജീവിതങ്ങളെ താങ്ങി നിർത്തുവാനും നിയന്ത്രിക്കുവാനും ക്രമത്തിലും ചിട്ടയിലും വെക്കുവാനും കഴിയത്തില്ലയോ? ദൈവത്തിന്റെ വചനം, നമ്മുടെ ഈ ലോകത്തിലെ ജീവിതത്തിനാവശ്യമായ കാര്യങ്ങളെ താങ്ങിനിർത്തുവാനും നിയന്ത്രിക്കുവാനും ക്രമത്തിലും ചിട്ടയിലും വെക്കുവാനും മതിയായതും, കൂടുതലുമായ ശക്തിവഹിക്കുന്നുണ്ട്.

## വാഗ്ദത്തങ്ങളിൽ ആശ്രയിച്ചു നിൽക്കുക

"അബ്രാഹാം ദൈവത്തിന്റെ വാഗ്ദത്തത്തിങ്കൽ അവിശ്വാസത്താൽ സംശയിക്കാതെ വിശ്വാസത്തിൽ ശക്തിപ്പെട്ടു ദൈവത്തിന് മഹത്വം കൊടുത്തു. അവൻ (ദൈവം) വാഗ്ദത്തം ചെയ്തത് പ്രവർത്തിപ്പാനും ശക്തൻ എന്നു പൂർണ്ണമായി ഉറച്ചു. അതുകൊണ്ട് അത് അവന് നീതിയായി കണക്കിട്ടു" (റോമർ 4:20-22).

വചനത്തിന്റെ വിശുദ്ധിയും ശക്തിയും ഗ്രഹിക്കുന്നതിലൂടെ അതിൽ ആശ്രയിക്കുവാനുള്ള ശക്തമായ ദൃഢവിശ്വാസം നമുക്ക് ലഭിക്കുന്നു. ദൈവവചനം സത്യം ആകുന്നു, അതുകൊണ്ട് വചനത്തിൽ വാഗ്ദത്തം ചെയ്തിരിക്കുന്നത് നമുക്കു ലഭിക്കും എന്നു പ്രതീക്ഷിക്കാം. ദൈവവചനം മുഴുവനും ശക്തിയാകുന്നു, അതുകൊണ്ട് അവന്റെ വചനം നമ്മിൽ ഉൽപാദിപ്പിക്കുമെന്ന് നമുക്ക് പൂർണ്ണവിശ്വാസമുള്ളവരായിത്തീരാം. അബ്രാഹാമിനെപ്പോലെ, ആശയ്ക്ക് യാതൊരു വഴിയും ഇല്ലെന്നു തോന്നുമ്പോഴും, എല്ലാ മാനുഷകാരണങ്ങൾക്കും എതിരായി നമുക്ക് നിൽക്കാം. കാര്യങ്ങൾക്ക് യാതൊരു ആശയും ഇല്ലെന്നു തോന്നുമ്പോൾ, നമ്മൾ വിശ്വാസത്തിൽ ആശവെക്കും, നമ്മൾ ആയിത്തീരുമെന്ന് ദൈവം പറഞ്ഞതുപോലെ നമ്മൾ ആയിത്തീരും. ദൈവത്തിന്റെ വചനത്തിന്റെ വിശുദ്ധിയും ശക്തിയും നമ്മൾ ഗ്രഹിച്ചതുകൊണ്ട് ഇത് നമുക്ക് ചെയ്യുവാൻ കഴിയും. ദൈവത്തിന്റെ വചനം തോൽക്കുകയില്ല എന്ന് നമുക്ക് അറിയാം.

നമ്മളിൽ ചിലർ ധനപരമായി കഠിനമായ സമയങ്ങൾ അഭിമുഖീകരിക്കുന്നുണ്ടായിരിക്കാം. ഇത് നമ്മുടെ ഭൗതികജീവിതത്തിൽ വരുമ്പോൾ കാര്യങ്ങൾക്ക് എന്നെങ്കിലും മാറ്റം വരുമോയെന്ന് നമ്മൾ അതിശയിച്ചേക്കാം. നമ്മുടെ ഭൗതികമായ എല്ലാ ആവശ്യങ്ങളും നൽകിത്തരാമെന്ന് ദൈവം തന്റെ വാഗ്ദത്തം ചെയ്തിട്ടുണ്ട്. ദൈവം വാഗ്ദത്തം ചെയ്തിട്ടുള്ളത് നാം അറിയുന്നു "എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ട് ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തു തരും" (ഫിലിപ്പിയർ 4:19). നമുക്ക് അറിയാം നമ്മൾ "മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുമ്പോൾ" ഈ ലോകത്തിലെ നമ്മുടെ ജീവിതത്തിനു ആവശ്യമായതെല്ലാം നമുക്കു തരും എന്ന് (മത്തായി 6:33). നമുക്ക് അറിയാം, നമുക്ക് ലഭിച്ചിരിക്കുന്നതിലൂടെ നമ്മൾ ദൈവത്തെ മാനിക്കുമ്പോൾ, നമുക്ക് വർദ്ധനയുണ്ടാകുവാൻ ദൈവം കാരണമാക്കും എന്ന് (സദൃശവാക്യങ്ങൾ 3:9–10; മലാഖി 3:9–11). ഈ വാഗ്ദത്തങ്ങൾ ഓരോന്നും വിശുദ്ധിയും നിറയെ

ദിവ്യമായ ശക്തിയുമാണ് എന്ന് നാം അറിയുമ്പോൾ, നമ്മൾ വിശ്വാസത്തോടെ അവയെ മുറുകെ പിടിക്കും. ഈ വചനങ്ങളിൽ (വാഗ്ദത്തങ്ങളിൽ) മതിയായ ശക്തിയുണ്ടെന്നു നാം അറിയുന്നു, ധനപരമായ അനുഗ്രഹങ്ങൾ നമ്മുടെ ജീവിതത്തിൽ പുറത്തേക്കു വിടുവാനും നമ്മുടെ സാഹചര്യങ്ങൾക്കു മാറ്റം വരുത്തുവാനും സർഗ്ഗശക്തിയുള്ള അത്ഭുതസംഭവം കാരണമാക്കുവാനും. തുടർച്ചയായി നമ്മൾ ദൈവത്തിന്റെ വാഗ്ദത്തത്തിൽ ആശ്രയിച്ചു നിൽക്കുന്നു.

മറ്റു ചിലർ തങ്ങളുടെ ഭാവിക്കുവേണ്ടി ദൈവത്തിങ്കലേക്കു നോക്കുന്നു. കാര്യങ്ങൾ തെളിവില്ലാതെയും തീർച്ചയില്ലാതെയും കാണുമ്പോഴും, ഒരു പക്ഷെ പ്രതീക്ഷയില്ലാതെയും നിരുത്സാഹമായും തോന്നുമ്പോഴും ദൈവത്തിന്റെ വചനം നമ്മുടെ ജീവിതത്തിൽ ആത്മവിശ്വാസവും ഉറപ്പുനൽകലും കൊണ്ടുവരുന്നു. വചനം പറയുന്നു: "ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മക്കായി കൂടി വ്യാപരിക്കുന്നു" (റോമർ 8:28). ദൈവത്തിന് നമ്മളെക്കുറിച്ചുള്ള പദ്ധതി അവൻ അറിയുന്നു, വലിയ സമൃദ്ധിയുടെ പദ്ധതിയും നാം ആശിക്കുന്ന ഭാവിക്കു കൊണ്ടുവരാനിരിക്കുന്ന പദ്ധതിയും (യിരെമ്യാവു 29:11). നമ്മുടെ പാത പ്രകാശിക്കുന്ന വെളിച്ചംപോലെ ആകുന്നു, അത് കൂടുതൽ കൂടുതലായി ജ്വലിച്ചു പ്രകാശിക്കുന്നു (സദൃശവാക്യങ്ങൾ 4:18). അതുകൊണ്ട് കാര്യങ്ങൾ കൂടുതൽ തെളിഞ്ഞതായിത്തീരാൻ നാം പ്രതീക്ഷിക്കുന്നു. നമ്മുടെ പാതകളെ ക്രമപ്പെടുത്തുന്നത് കർത്താവാണെന്ന് നാം അറിയുന്നു (സങ്കീർത്തനങ്ങൾ 37:23-24). ഈ വകയെല്ലാം, അതുപോലെ മറ്റനേകം തിരുവെഴുത്തുകളും നമ്മെ ധീരമായ ധൈര്യത്താലും ആത്മവിശ്വാസത്താലും നിറയ്ക്കുന്നു. തുടർച്ചയായി നാം ദൈവത്തിന്റെ വാഗ്ദത്തത്തിൽ ആശ്രയിച്ചു നിൽക്കുന്നു.

ഇതുപോലെതന്നെ, നമ്മുടെ ജീവിതത്തിലെ പലതരത്തിലുള്ള അനേകം പ്രദേശങ്ങളിലും കർത്താവിന്റെ വാഗ്ദത്തങ്ങളെയും കല്പനകളെയും നമുക്ക് അംഗീകരിക്കുവാൻ കഴിയും. നമ്മുടെ

ജീവിതത്തിലെ എല്ലാ പ്രദേശങ്ങളെയും സംബന്ധിക്കുന്നതായ ദൈവത്തിന്റെ എല്ലാ വചനങ്ങളും വിശുദ്ധവും മുഴുവനും ശക്തിയാണെന്നും നാം അംഗീകരിക്കുന്നു.

- പരിധിയില്ലാത്ത ദൈവത്തിന്റെ വചനത്തിലെ ശക്തിയെയും, നമ്മുടെ ജീവിതത്തിൽ അവ പുറപ്പെടുവിക്കുന്ന സാദ്ധ്യതകളെയും നാം ഗ്രഹിച്ചപ്പോൾ, നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ വചനത്തിന്റെ ശക്തിയെ അനുഭവമാക്കുവാൻ നമ്മൾ എന്തു ചെയ്യണം?
- ഒരു വിശ്വാസിയുടെ ജീവിതത്തിൽ ദൈവത്തിന്റെ വചനത്തിലെ അന്തർലീനമായ ശക്തി പുറപ്പെടുന്നത് എങ്ങനെയാണ്?

തുടർന്നുള്ള അദ്ധ്യായങ്ങളിൽ ഇവയെ ഞങ്ങൾ വിചിന്തനം ചെയ്യാം.

## 3

# ദൈവത്തിന്റെ വചനം: അത്ഭുതത്തിന്റെ വിത്ത്

“അവൻ പിന്നെയും കടൽക്കരെവെച്ച് ഉപദേശിപ്പാൻ തുടങ്ങി. അപ്പോൾ ഏറ്റവും വലിയ പുരുഷാരം അവന്റെ അടുക്കൽ വന്നുകൂടുകകൊണ്ട് അവൻ പടകിൽ കയറി കടലിൽ ഇരുന്നു; പുരുഷാരം ഒക്കെയും കടലരികെ കരയിൽ ആയിരുന്നു. അവൻ ഉപമകളാൽ അവരെ പലതും ഉപദേശിച്ചു, ഉപദേശത്തിൽ അവരോട് പറഞ്ഞത്: കേൾപ്പിൻ, വിതക്കുന്നവൻ വിതപ്പാൻ പുറപ്പെട്ടു. വിതക്കുമ്പോൾ ചിലത് വഴിയരികെ വീണു; പറവകൾ വന്ന് അത് തിന്നുകളഞ്ഞു. മറ്റു ചിലത് പാറസ്ഥലത്ത് ഏറെ മണ്ണില്ലാത്തേടത്തു വീണു; മണ്ണിനു താഴ്ച ഇല്ലായ്കയാൽ ക്ഷണത്തിൽ മുളച്ചുവന്നു. സൂര്യൻ ഉദിച്ചാറെ ചൂടു തട്ടി, വേരില്ലായ്കകൊണ്ട് ഉണങ്ങിപ്പോയി. മറ്റു ചിലത് മുള്ളിനിടയിൽ വീണു; മുള്ള് മുളച്ചു വളർന്നു അതിനെ ഞെരുക്കിക്കളഞ്ഞു; അതു വിളഞ്ഞതുമില്ല. മറ്റുചിലത് നല്ല മണ്ണിൽ വീണിട്ട് മുളച്ചു വളർന്നു ഫലം കൊടുത്തു; മുപ്പതും അറുപതും നൂറും മേനി വിളഞ്ഞു. കേൾപ്പാൻ ചെവി ഉള്ളവൻ കേൾക്കട്ടെ എന്നും അവൻ പറഞ്ഞു. അനന്തരം അവൻ തനിച്ചിരിക്കുമ്പോൾ അവനോട് കൂടെയുള്ളവൻ പന്തിരുവരുമായി ആ ഉപമകളെക്കുറിച്ച് ചോദിച്ചു. പിന്നെ അവൻ അവരോട് പറഞ്ഞത്: ഈ ഉപമ ഗ്രഹിക്കുന്നില്ലയോ? പിന്നെ മറ്റെ ഉപമകൾ ഒക്കെയും എങ്ങനെ ഗ്രഹിക്കും? വിതക്കുന്നവൻ വചനം വിതക്കുന്നു. വചനം വിതച്ചിട്ടു വഴിയരികെ വീണത്, കേട്ട ഉടനെ സാത്താൻ വന്നു ഹൃദയങ്ങളിൽ വിതക്കപ്പെട്ട വചനം എടുത്തുകളയുന്നതാകുന്നു. അങ്ങനെതന്നെ പാറസ്ഥലത്തു വിതച്ചതു വചനം കേട്ട ഉടനെ സന്തോഷത്തോടെ കൈക്കൊള്ളുന്നവർ. എങ്കിലും അവർ ഉള്ളിൽ വേരില്ലാതെ ക്ഷണികന്മാർ ആകുന്നു; വചനം നിമിത്തം

ഉപദ്രവമോ പീഡയോ ഉണ്ടായാൽ ക്ഷണത്തിൽ ഇടറിപ്പോകുന്നു. മുള്ളിനിടയിൽ വിതക്കപ്പെട്ടതോ വചനം കേട്ടിട്ടു ഇഹലോകത്തിന്റെ ചിന്തകളും ധനത്തിന്റെ വഞ്ചനയും മറ്റു വിഷയമോഹങ്ങളും അകത്തുകടന്നു, വചനത്തെ ഞെരുക്കി നിഷ്ഫലമാക്കി തീർക്കുന്നതാകുന്നു. നല്ല മണ്ണിൽ വിതക്കപ്പെട്ടതോ വചനം കേൾക്കയും അംഗീകരിക്കയും ചെയ്യുന്നവർ തന്നേ; അവർ മുപ്പതും അറുപതും നൂറും മേനി വിളയുന്നു" (മർക്കൊസ് 4:1-10, 13-20).

വിതക്കുന്നവന്റെ ഉപമ അതിൽ തന്നെ നിസ്സാരമായതും ഗ്രഹിക്കുവാൻ എളുപ്പമുള്ളതും ആകുന്നു, പ്രത്യേകിച്ച് സുപരിചിതമായവർക്ക്, വായിക്കുന്നതിലൂടെയോ അല്ലെങ്കിൽ അനുഭവിക്കുന്നതിലൂടെയോ, വിത്തു വിതക്കുന്നതും ചെടികളെയും വിളയെയും പരിപാലിക്കുന്നതുമായ പ്രക്രിയയിലൂടെ. ഒരു മനുഷ്യന്റെ ജീവിതത്തിൽ ദൈവത്തിന്റെ വചനത്തിന്റെ പ്രവർത്തനത്തിന്റെ ആഴത്തെയും ശക്തിയേറിയ സത്യങ്ങളെയും കുറിച്ചുള്ള ആശയം പകരുവാനാണ് കർത്താവ് ഈ നിസ്സാരമായ ഉപമ ഉപയോഗിച്ചത്. ദൈവവചനം ജീവനും ചൈതന്യവുമുള്ളതാണെന്ന് നാം അറിയുന്നു (എബ്രായർ 4:12). ദൈവത്തിന്റെ വചനം എങ്ങനെ ചൈതന്യമുള്ളതായിത്തീരുന്നുവെന്ന് ഈ ഉപമ നമുക്ക് വെളിപ്പെടുത്തിത്തരുന്നു. അതുപോലെതന്നെ അതിനെ ചൈതന്യമില്ലാത്തതാക്കുവാൻ അതിനെ വിഘ്നപ്പെടുത്തുന്ന പ്രവൃത്തികളുടെ കാര്യങ്ങളും.

ഈ ഉപമയിലൂടെ പ്രസ്താവിച്ചിരിക്കുന്ന പ്രധാനമായ ചിന്തകളെ നമുക്കു പ്രമുഖമാക്കിക്കാട്ടുകയും സംക്ഷേപിക്കുകയും ചെയ്യാം. ഈ സംക്ഷേപം സമർപ്പിക്കുന്നതോടുകൂടി, സമാന്തരമായ പുസ്തകഭാഗത്തിൽനിന്നും ഞങ്ങൾ വലിച്ചെടുക്കുന്നു, മത്തായി 13:18-23 ഉം ലൂക്കോസ് 8:11-15 ഉം.

- ❖ ദൈവത്തിന്റെ വചനം വിത്തുപോലെയാകുന്നു (മർക്കൊസ് 4:14).
- ❖ ദൈവത്തിന്റെ വചനമാകുന്ന വിത്തു വിതക്കുന്നത് നമ്മുടെ ഹൃദയം എന്ന നിലത്താണ്.

- ❖ ഫലം പുറപ്പെടുവിക്കണം എങ്കിൽ വിത്തിനെ കാത്തുസൂക്ഷിക്കുകയും പരിപാലിക്കുകയും വേണം.
- ❖ വചനം നമ്മൾ ഗ്രഹിക്കണം (ആത്മീയസത്യം ഗ്രഹിക്കണം) വചനം പിശാച് മോഷ്ടിക്കാതെയിരിക്കണമെങ്കിൽ (മത്തായി 13:19).
- ❖ ലോകത്തിൽനിന്നും പിശാചിൽനിന്നും ഉള്ള ഞെരുക്കവും പീഡനവും നേരിടേണ്ടിവരുമ്പോൾ, നിരുത്സാഹരാകാതെ – നമ്മൾ വചനത്തെ മുറുകെപ്പിടിക്കുകയും നമ്മുടെ ഹൃദയത്തിൽ അത് വേരൂന്നുവാൻ അനുവദിക്കുകയും വേണം, അങ്ങനെ അത് ഫലം പുറപ്പെടുവിക്കുവാൻ (മർക്കൊസ് 4:16–17).
- ❖ ഈ ലോകത്തിന്റെ ചിന്തകളിൽനിന്നും നമ്മുടെ ഹൃദയത്തെ നാം കാത്തുസൂക്ഷിക്കണം, ധനത്തിന്റെ കബളിപ്പിക്കലിൽനിന്നും മറ്റുകാര്യങ്ങൾക്കുവേണ്ടിയുള്ള മോഹത്തിൽനിന്നും. അങ്ങനെ നമ്മൾ ചെയ്യുമ്പോൾ വചനത്തിന് ഉല്പാദിപ്പിക്കുവാൻ അനുയോജ്യമായ ഒരു പരിതസ്ഥിതി നമ്മൾ ഉണ്ടാക്കിക്കൊടുക്കുകയാണ് (മർക്കൊസ് 4:19).
- ❖ നമ്മൾ ഗ്രഹിക്കുമ്പോൾ (മത്തായി 13:23), അംഗീകരിക്കുമ്പോൾ (മർക്കൊസ് 4:20), സംഗ്രഹിക്കുമ്പോൾ (ലൂക്കോസ് 8:15) വചനം നമ്മുടെ ഹൃദയങ്ങളിൽ, നമ്മുടെ ജീവിതത്തിൽ നമ്മൾ ഫലം കൊണ്ടുവരുന്നതായിത്തീരും.

## വിത്ത് ദൈവത്തിന്റെ വചനം ആകുന്നു

"ഉപമയുടെ പൊരുളോ: വിത്ത് ദൈവവചനം" (ലൂക്കോസ് 8:11).

"കെടുന്ന ബീജത്താലല്ല കെടാത്തതിനാൽ, ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവവചനത്താൽ തന്നേ, നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു" (1 പത്രോസ് 1:23).

ഒന്നാമത്തേതും അതിപ്രധാനവുമായ അറിവ് ഈ ഉപമയിൽനിന്നും നാം സ്വീകരിക്കുന്നത് ദൈവത്തിന്റെ വചനം വിത്തുപോലെ

ആണെന്നാണ്. നിങ്ങൾ ഒരു വിത്ത് കയ്യിൽ പിടിക്കുമ്പോൾ – ഏതു തരത്തിലുള്ള വിത്തായാലും ശരി – അത് വളരെയധികം നിസ്സാരമായും ജീവനില്ലാത്തതുമായും പ്രത്യക്ഷപ്പെട്ടേക്കാം. നമ്മൾ ഒരിക്കലും തീരുമാനിക്കത്തില്ല, ആ ചെറിയ വിത്ത് മണ്ണിൽ വിതച്ച് മുളയ്ക്കുകയും വേരൂന്നുകയും കാലക്രമേണ വളർന്ന് ഒരു ചെടി യായിത്തീരുകയും അല്ലെങ്കിൽ വലിയ ഒരു മരമായിത്തീരുമെന്നും. ആ ചെറിയ വിത്തിൽത്തന്നെ അതിനെ പൂർണ്ണമായ ഒരു പുതിയ, ചെടിക്കോ മരത്തിനോ ജന്മം നൽകാനുള്ള പ്രാപ്തി ഉണ്ട്. അവി ടെയാകുന്നു, ഒരു അറിവിൽ, ഒരു വിത്തിൽ അടങ്ങിയിരിക്കുന്ന സൃഷ്ടിക്കുന്ന കഴിവുകൊണ്ട് മുമ്പ് ഒരിക്കലും ഇല്ലാതിരുന്ന ഒന്നിന് അത് ജന്മം കൊടുക്കുന്നു. തുടർന്ന്, ആ വിത്ത് അങ്ങനെ തന്നെ യിരുന്നാൽ, ഉദാഹരണമായി, ഒരു വിത്തിന്റെ സഞ്ചിയിലോ, സംഭ രണമുറിയിലോ ഇരുന്നാൽ, അതിന്റെ കഴിവ് പുറപ്പെടുവിക്കുവാൻ അതിനു കഴിയത്തില്ല. വിത്തിൽ അടങ്ങിയിരിക്കുന്ന ശക്തി പുറ ത്തുവിടുന്നത് അത് വിതച്ചു ശരിയായ വിധത്തിൽ അതിനെ പരി പാലിക്കുമ്പോൾ മാത്രം ആണ്.

ദൈവവചനവും അങ്ങനെതന്നെയാണ്. ദൈവം നമ്മളോട് സംസാരിച്ച ഓരോ വചനവും ഓരോ വിത്താണ്. ദൈവം നമുക്കു തന്നി രിക്കുന്ന വചനത്തിൽ, അതിൽ സൃഷ്ടിക്കുന്ന ഒരു ശക്തിയുണ്ട്. ഇത് നമ്മുടെ ഹൃദയത്തിലും മനസ്സിലും നാം ആക്കണം. വേദപു സ്തകത്തെ ഒരു വിത്തിന്റെ സഞ്ചിയായോ, വിത്തു നിറച്ചിരിക്കുന്ന ഒരു സംഭരണമുറിയായോ, കണക്കാക്കാവുന്നതാണ്. ദൈവത്തിന്റെ വചനം ആകുന്ന ഈ വിത്തുകൾ, നമ്മുടെ ഹൃദയത്തിൽ വിതച്ചു പരിപാലിക്കുമ്പോൾ, അവയിൽ അടങ്ങിയിരിക്കുന്ന ദിവ്യശ ക്തിയെ നമ്മുടെ ജീവിതങ്ങളിലേക്ക് അത് പുറത്തേക്ക് വിടും.

ചെടിയുടെ രാജ്യത്തിൽനിന്നും നമ്മുടെ ചിന്തകൾ ദൂരെ നീങ്ങി പ്പോകുകയാണെങ്കിൽ, നമുക്ക് ഒരു സാമ്യം പരിഗണിക്കാം, മാനുഷ ജന്തു രാജ്യത്തിൽനിന്നും. 1 പത്രോസ് 1:23ൽ ദൈവവചനത്തെ വിശേഷിപ്പിച്ചിരിക്കുന്നത് “കെടാത്ത ബീജം” എന്നാണ്. ഈ വാക്യ ത്തിൽ വിത്തിനു പ്രയോഗിച്ചിരിക്കുന്ന ഗ്രീക്ക്വാക്ക് ‘sperma,’

ഇംഗ്ലീഷ് വചനത്തിനു സദൃശമായ ബീജം. ദൈവത്തിന്റെ വചനം ദിവ്യമായ ബീജം ആകുന്നു - ആ ദിവ്യമായ വിത്ത്. എങ്കിലും വിത്ത് എന്നുള്ള വാക്ക് കൃഷിപ്പണിപരമായും സസ്യശാസ്ത്രപരമായും ഉപയോഗിച്ചാലും, ബീജം എന്ന അറിവിൽ ഉപയോഗിച്ചാലും, അന്തർഭവിച്ചിരിക്കുന്ന തത്വം ഒന്നുതന്നെയാണ്. ദൈവത്തിന്റെ വചനത്തിന്, അതിൽത്തന്നേ ഉൽപ്പാദിപ്പിക്കാനുള്ള കഴിവുണ്ട്. അതിന് അതിൽത്തന്നേ ജീവൻ നൽകുന്നതും, സൃഷ്ടിക്കുന്നതും, അത്ഭുതസംഭവം പ്രവർത്തിക്കുന്നതുമായ ശക്തിയുണ്ട്. ദൈവം സംസാരിച്ച ഓരോ വചനങ്ങളും, സൃഷ്ടിക്കുവാൻ കഴിവുള്ള, അത്ഭുതസംഭവം പ്രവർത്തിക്കുന്ന വിത്താണ്.

1 പത്രോസ് 1:23ൽ പറഞ്ഞിരിക്കുന്നതുപോലെ നമ്മൾ വീണ്ടും ജനിച്ചത്, ദൈവവചനമാകുന്ന കെടാത്ത ബീജത്താലാണ്. ദൈവത്തിന്റെ വചനത്തിലെ വിത്തിനെ നമ്മുടെ ഹൃദയത്തിൽ നിറച്ചപ്പോൾ, നമ്മൾ അത് വിശ്വസിച്ചപ്പോൾ, അത് ജീവൻ നൽകുന്ന ശക്തി നമ്മിൽ പുറത്തേക്കുവിട്ടു. ഒരു നിമിഷത്തിൽ, തൽക്ഷണത്തിൽ നമ്മൾ വീണ്ടും ജനിച്ചു. നമ്മൾ പുതിയ സൃഷ്ടികളായിത്തീർന്നു. "അതുകൊണ്ട്, ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയത് കഴിഞ്ഞുപോയി, ഇതാ, അത് പുതുതായിത്തീർന്നിരിക്കുന്നു" (2 കൊരിന്ത്യർ 5:17). ദൈവത്തിന്റെ സൃഷ്ടിക്കുന്ന ഒരു പ്രവൃത്തി നമ്മുടെ ആത്മാക്കളിൽ ഉണ്ടായി (എഫെസ്യർ 2:10). നമ്മളിൽ പൂർത്തിയാക്കപ്പെട്ട ഈ സൃഷ്ടിയുടെ പ്രവൃത്തി, (രക്ഷിക്കപ്പെട്ട അനേകരുടെ ഹൃദയങ്ങളിൽ ഇത് പൂർത്തിയാക്കപ്പെട്ടുകൊണ്ടിരിക്കുന്നു.) നമ്മൾ അനുഭവിക്കുന്ന ഏറ്റവും വലിയ അത്ഭുതം ആണ്. ഇതാകുന്നു വീണ്ടും ജനനത്തിന്റെ അത്ഭുതം - ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടിയായിത്തീരുന്നത്. ഈ സൃഷ്ടിക്കുന്ന അത്ഭുതസംഭവം കൊണ്ടുവന്നത് കെടാത്ത ബീജമായ ദൈവത്തിന്റെ വചനത്തിന്റെ ശക്തിയാലാണ്.

ക്രിസ്തുവിൽ നമ്മെ ഒരു പുതിയ സൃഷ്ടിയാക്കിത്തീർത്തിരിക്കുന്നത് എത്ര ശക്തിയേറിയ ഒരു പ്രവൃത്തിയാണെന്ന് വിചാരി

ക്കുക. സാത്താൻ നമ്മളെ ബന്ധിച്ചിരുന്ന അവന്റെ എല്ലാ ശക്തിയിൽനിന്നും നമ്മുടെ ജീവിതത്തിൽനിന്നും വേർപെടുത്തപ്പെട്ടു. നമ്മെ സാത്താന്റെ ശക്തിയിൽനിന്നും ദൈവത്തിന്റെ സ്വന്തപുത്രന്റെ രാജ്യത്തിലാക്കി (കൊലൊസ്യർ 1:13). നമ്മളെ ദൈവത്തിന്റെ കുടുംബത്തിലേക്കു ദത്തെടുത്തു. നമ്മൾ ദൈവത്താൽ ജനിക്കപ്പെട്ടു, ദിവ്യസ്വഭാവത്തിന് പങ്കാളികളാക്കിത്തീർത്തു. നമ്മളെ ക്രിസ്തുവിൽ ആക്കിത്തീർത്തു, ക്രിസ്തുവിലുള്ള അതിശയകരമായ എല്ലാ അനുഗ്രഹങ്ങളും നമ്മുടേതായിത്തീർന്നു. ഇതൊക്കെയും, ഇതിൽകൂടുതലും, ദൈവത്തിന്റെ വചനമാകുന്ന വിത്ത് അതിന്റെ അത്ഭുതം പ്രവർത്തിക്കുന്ന ശക്തിയെ നമ്മുടെ ജീവിതങ്ങളിലേക്ക് വിട്ടപ്പോൾ, ക്ഷണത്തിൽ നമ്മുടേതായിത്തീർന്നു.

ദൈവത്തിന്റെ വചനമാകുന്ന വിത്ത് നമ്മളിൽ പ്രവർത്തിക്കുവാനുള്ള ഏതെങ്കിലും ശക്തിയോ കഴിവോ നഷ്ടമായോ? വചനത്തിന്റെ, അത്ഭുതപ്രവൃത്തികൾ ചെയ്യുവാൻ കഴിയുന്ന വിത്തിന്, നമ്മുടെ ജീവിതങ്ങളിൽ കൂടുതൽ അത്ഭുതപ്രവൃത്തികൾ കാരണമാക്കുവാൻ കഴിയാതായോ? ഇല്ല, തീർച്ചയായും ഇല്ല. എന്തുകൊണ്ടെന്നാൽ വചനം കെടാത്ത വിത്താണ്. വചനം ജീവിക്കുന്നു, വസിക്കുന്നു, എന്നേക്കും നിലനിൽക്കുന്നു. ദൈവം നമ്മളോട് സംസാരിച്ച എല്ലാ വചനത്തിനും നമ്മുടെ ജീവിതത്തിൽ പുറത്തു കൊണ്ടുവരുവാനുള്ള ശക്തിയുണ്ട്.

### ദൈവത്തിന്റെ വചനം ആസൂത്രണം ചെയ്തിരിക്കുന്നത് ഉൽപ്പാദിപ്പിക്കുവാനാണ്

"മഴയും ഹിമവും ആകാശത്തുനിന്ന് പെയ്യുകയും അവിടേക്കു മടങ്ങാതെ വിതപ്പാൻ വിത്തും തിന്മാൻ ആഹാരവും നൽകത്തക്കവണ്ണം ഭൂമിയെ നനച്ചു ഫലവത്താക്കി വിളയിക്കുന്നതു പോലെ എന്റെ വായിൽനിന്നു പുറപ്പെടുന്ന എന്റെ വചനം ആയിരിക്കും. അത് വെറുതെ എന്റെ അടുക്കലേക്കു മടങ്ങിവരാതെ എനിക്ക് ഇഷ്ടമുള്ളത് നിവർത്തിക്കയും ഞാൻ അയച്ച കാര്യം സാധിപ്പിക്കയും ചെയ്യും" (യെശയ്യാവ് 55:10-11). "ഞങ്ങൾ പ്രസംഗിച്ച ദൈവവചനം

നിങ്ങൾ കേട്ടു, മനുഷ്യന്റെ വചനമായിട്ടല്ല സാക്ഷാൽ ആകുന്നതു പോലെ ദൈവവചനമായിട്ടു തന്നെ കൈക്കൊണ്ടതിനാൽ ഞങ്ങൾ ദൈവത്തെ ഇടവിടാതെ സ്തുതിക്കുന്നു; വിശ്വസിക്കുന്ന നിങ്ങളിൽ അത് വ്യാപരിച്ചുകൊണ്ടിരിക്കുന്നു" (1 തെസ്സലൊനിക്യർ 2:13).

ദൈവം പറഞ്ഞു, ദൈവത്തിന്റെ വായിൽനിന്നും വെളിയിലേക്കു പോകുന്ന വചനം അത് വെറുതെ ദൈവത്തിന്റെയടുക്കലേക്കു മടങ്ങിവരികയില്ല. എന്നാൽ ദൈവത്തിന് സന്തോഷം വരുത്തുന്നതും ദൈവത്തിന്റെ ഉദ്ദിഷ്ടകാര്യവും അത് പൂർത്തിയാക്കും. യെശയ്യാവിന്റെ പുസ്തകത്തിൽനിന്നും എഴുതിയിരിക്കുന്ന 2 വാക്യങ്ങളിൽനിന്നും നമുക്ക് നാലു നിസ്സാര വ്യവകലനങ്ങൾ ഉണ്ടാക്കുവാൻ കഴിയും:

- ദൈവത്തിന്റെ വചനം ആസൂത്രണം ചെയ്തിരിക്കുന്നത് ഉല്പാദിപ്പിക്കുവാനാണ് (അല്ലെങ്കിൽ ആസൂത്രണം ചെയ്തിരിക്കുന്നത് പൂർത്തിയാക്കുവാനാണ്).
- ദൈവത്തിന്റെ വചനം ദൈവത്തിനു സന്തോഷം വരുത്തുന്നത് പൂർത്തിയാക്കും, ദൈവത്തിന്റെ ഉദ്ദിഷ്ടകാര്യങ്ങൾക്കായും.
- ദൈവം തന്റെ ഉദ്ദിഷ്ടകാര്യവും തനിക്കു സന്തോഷം വരുത്തുന്ന കാര്യവും പൂർത്തിയാക്കാൻ ആഗ്രഹിക്കുമ്പോൾ ദൈവം തന്റെ വചനം സംസാരിക്കുന്നു.
- (എന്നാലും, ഈ സന്ദേശത്തിന്റെ ഭാഗം അല്ലെങ്കിലും നമുക്ക് ഇത് വ്യവകലനം ചെയ്യുവാൻ കഴിയും - ദൈവത്തിന്റെ വചനം ദൈവത്തിന്റെ ഉദ്ദിഷ്ടകാര്യവും സന്തോഷം വരുത്തുന്ന കാര്യവും വെളിപ്പെടുത്തുന്നു).

ദൈവം സംസാരിക്കുന്ന വചനങ്ങൾ (ദൈവം സംസാരിച്ച വചനങ്ങൾ) പൊള്ളയായ വചനങ്ങൾ അല്ല. അവ വചനങ്ങൾ ആകുന്നു ദൈവത്തിന്റെ തന്നേ മുഴുവനും സർവ്വശക്തിത്വം. അവയെ ആസൂത്രണം ചെയ്തിരിക്കുന്നത് ഉൽപാദിപ്പിക്കുവാനാണ്. ഒരു വിത്തുപോലെ, ദൈവം സംസാരിച്ച ഓരോ വചനങ്ങളും,

എല്ലാ വചനങ്ങളും, പൊതിഞ്ഞുകെട്ടിയ അമാനുഷ ശക്തിയാണ് അതിന്റെ പൂർത്തീകരണം കൊണ്ടുവരാനായി.

ദൈവം തന്റെ വചനം ആസൂത്രണം ചെയ്തിരിക്കുന്നത് ദൈവത്തിനു സന്തോഷവും ഈ ഭൂമിയിൽ ദൈവത്തിന്റെ ഉദ്ദിഷ്ടകാര്യങ്ങളും ഉൽപാദിപ്പിക്കുന്നതിനാണ്. ദൈവത്തിന്റെ ഉദ്ദിഷ്ടകാര്യങ്ങളിൽ തന്റെ ജനത്തെ അനുഗ്രഹിക്കേണ്ടതുകൊണ്ട് (സങ്കീർത്തനങ്ങൾ 3:8) അവന്റെ വചനം അത് പൂർത്തിയാക്കും. ദൈവത്തിന്റെ ഉദ്ദിഷ്ടകാര്യം തന്റെ ജനത്തെ സൗഖ്യമാക്കണമെന്നാണ് (പുറപ്പാട് 15:26; 23:25). അതുകൊണ്ട്, അവന്റെ വചനം രോഗികൾക്ക് സൗഖ്യം കൊണ്ടുവരും (സങ്കീർത്തനങ്ങൾ 107:20). ദൈവത്തിന്റെ ഉദ്ദിഷ്ടകാര്യം, തന്റെ ജനങ്ങൾ ജ്ഞാനവും, വിവേകവും, തങ്ങളുടെ ജീവിതങ്ങൾക്കു വേണ്ടിയുള്ള ലക്ഷ്യവും സ്വീകരിക്കണമെന്നാണ് (യെശയ്യാവ് 48:17, സങ്കീർത്തനങ്ങൾ 32:8). അതുകൊണ്ട് ദൈവത്തിന്റെ വചനം ദൈവത്തിന്റെ ഉദ്ദിഷ്ടകാര്യം പൂർത്തീകരിക്കും. ദൈവത്തിന്റെ എല്ലാ ഉദ്ദിഷ്ടകാര്യങ്ങളും, രൂപരേഖ നൽകിയതും, ഇച്ഛിക്കുന്നതും, അഭിലഷിക്കുന്നതും അവന്റെ വചനം സകലവും പൂർത്തിയാക്കും.

കർത്താവായ ദൈവം സ്വർഗ്ഗത്തിൽ ആകുന്നു. ദൈവം തന്റെ ഉദ്ദിഷ്ടകാര്യങ്ങളെയും സന്തോഷം വരുത്തുന്ന കാര്യങ്ങളെയും ഈ ഭൂമിയിൽ നിവർത്തിപ്പാൻ ആഗ്രഹിക്കുമ്പോൾ, അവൻ തന്റെ വചനം പുറപ്പെടുവിക്കുന്നു. ദൈവത്തിന്റെ വായിൽനിന്നും അവൻ വചനം സംസാരിക്കുന്നു. ഈ സംസാരിച്ച വചനം ഇപ്പോൾ ഒരു സ്വർഗ്ഗീയവിത്തുപോലെ ആകുന്നു. ഇത് ദൈവത്തിന്റെ ഇഷ്ടം പൂർത്തിയാക്കും. നമ്മൾ, അവന്റെ ജനങ്ങൾ ഇവിടെ ഭൂമിയിൽ ആകുന്നു. അവന്റെ കെടാത്ത വിത്തിന്റെ ശക്തിയിലൂടെ (അവന്റെ ആത്മാവിന്റെ പ്രവർത്തനങ്ങളിലൂടെയും) നമ്മുടെ ജീവിതത്തിലെ ദൈവത്തിന്റെ ഉദ്ദിഷ്ടകാര്യങ്ങളെയും സന്തോഷം വരുത്തുന്ന കാര്യങ്ങളെയും ദൈവം പൂർത്തിയാക്കുന്നു.

ദൈവം തന്റെ വചനം ആസൂത്രണം ചെയ്തിരിക്കുന്നത്, ദൈവത്തിന്റെ ശക്തി, മനുഷ്യജീവിതങ്ങളിലേക്കുള്ള വാഹകനായിട്ടാണ്. അപ്പൊസ്തലനായ പൗലോസ് തെസ്സലൊനിക്യർക്ക് എഴുതിയതുപോലെ, വചനം വിശ്വസിക്കുന്നവരുടെ ജീവിതത്തിൽ, അത് വളരെ ഫലപ്രദമായി, അതിന്റെ ദിവ്യശക്തിയും പ്രവർത്തനങ്ങളും പുറത്തേക്കുവിടുന്നു. തിരുവെഴുത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന എല്ലാ ദൈവവചനവും ദിവ്യമായ ഒരു വിത്താകുന്നു, എല്ലാ വിശ്വാസികളുടെയും ജീവിതത്തിൽ, ദൈവത്തിന്റെ കാര്യങ്ങൾ എല്ലാം പുറപ്പെടുവിക്കുവാനുള്ള കഴിവു ഈ വിത്തിനുണ്ട്. ഓരോ വിത്തും അതിനനുസരിച്ചുള്ളത് പുറപ്പെടുവിക്കുമ്പോൾ (ഉല്പത്തി 1:11–12), ദൈവത്തിന്റെ ഓരോ വചനവും അത് പുറത്തുവിടാൻ ആസൂത്രണം ചെയ്തിരിക്കുന്നത് ഉൽപാദിപ്പിക്കും. സൗഖ്യത്തെ സംബന്ധിക്കുന്ന ഓരോ വചനവും സൗഖ്യത്തെ ഉൽപാദിപ്പിക്കും. അനുഗ്രഹത്തെയും അഭിവൃദ്ധിയെയും സംബന്ധിക്കുന്ന ദൈവത്തിന്റെ വചനം അനുഗ്രഹവും അഭിവൃദ്ധിയും ഉൽപാദിപ്പിക്കും. ദൈവത്തിന്റെ വചനം, ജീവിതത്തെ സംബന്ധിക്കുന്ന ഓരോ പ്രദേശങ്ങളിലും, നമ്മുടെ ജീവിതത്തെ സംബന്ധിക്കുന്ന ആ പ്രദേശങ്ങളിൽ, ഉൽപാദിപ്പിക്കും.

ദയവായി മനസ്സിരുത്തുക: വചനമാകുന്ന വിത്തിനെക്കുറിച്ചുള്ള ഈ സത്യം പ്രസ്താവിക്കുന്നതിലൂടെ, ഞങ്ങൾ നിങ്ങളെ ഓർമ്മപ്പെടുത്തുന്നു, ദൈവത്തിന്റെ വചനം പൂർണ്ണമായി കേൾക്കുകയും അനുസരിക്കുകയും ചെയ്യണം എന്ന ഒരു തത്ത്വം കൂടി ഉണ്ട് – തിരുവെഴുത്തിലെ തിരഞ്ഞെടുത്ത ഭാഗങ്ങൾ മാത്രമല്ല. ജീവനും, ആരോഗ്യവും, അനുഗ്രഹവും, സൗഖ്യവും, ക്ഷേമവും, സുസ്ഥിതിയും വാഗ്ദത്തം നൽകിയിരിക്കുന്നത്, ദൈവത്തിന്റെ മുഴുവൻ ഉപദേശങ്ങളും കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നവർക്കു മാത്രമാണ് (സദൃശവാക്യങ്ങൾ 3:1, 2, 7, 8; 4:20–22).

## മുളപൊട്ടലിന്റെ പ്രക്രിയ

"പിന്നെ അവൻ പറഞ്ഞത്: ദൈവരാജ്യം ഒരു മനുഷ്യൻ മണ്ണിൽ വിത്ത് എറിഞ്ഞശേഷം രാവും പകലും ഉറങ്ങിയും എഴുന്നേറ്റും ഇരിക്കെ അവൻ അറിയാതെ വിത്ത് മുളച്ച് വളരുന്നതുപോലെ ആകുന്നു. ഭൂമി സ്വയമായി മുമ്പെ ഞാറും പിന്നെ കതിരും പിന്നെ കതിരിൽ നിറഞ്ഞ മണിയും ഇങ്ങനെ വിളയുന്നു. ധാന്യം വിളയുമ്പോൾ കൊയ്ത്തായതുകൊണ്ട് അവൻ ഉടനെ അരിവാൾ വെക്കുന്നു (മർക്കൊസ് 4:26–29).

ഈ ഉപമയിൽ, കർത്താവായ യേശു നമുക്ക് വെളിപ്പെടുത്തിയിരിക്കുന്നത്, ദൈവരാജ്യത്തിൽ പ്രവർത്തിക്കുന്ന പൊതുവായ ഒരു തത്ത്വത്തെയാണ്. ഈ 'വിത്തിന്റെ തത്ത്വം' ദൈവരാജ്യത്തിൽ നമ്മുടെ ജീവിതത്തിലെ അനേകമായ, പലതരത്തിലുള്ള വീക്ഷണങ്ങളെ ബാധിക്കുന്നതാണ്. എന്നാൽ, ഇപ്പോൾ നമ്മൾ ദൈവവചനത്തെപ്പറ്റി പഠിക്കുന്നതുകൊണ്ട് എങ്ങനെയാണ് ഈ വിത്തിന്റെ തത്ത്വത്തെ ഈ വിഷയവുമായി ബന്ധിക്കുന്നതെന്ന് നമുക്ക് പരിഗണിക്കാം. ഈ വിശദീകരണത്തിൽനിന്നും പ്രധാനമായ ആശയങ്ങൾ നമുക്ക് ഇങ്ങനെ സംക്ഷേപിക്കാം:

- വിത്തു വിതക്കണം.
- വളർച്ച പ്രത്യക്ഷമാകുന്നതിന്റെ അടയാളത്തിനുമുമ്പെ സമയത്തിന്റെ ഒരു കടന്നുപോകൽ ഉണ്ട്.
- എങ്ങനെയാണെന്ന് നമുക്ക് അറിയാൻ പാടില്ലെങ്കിലും വിത്ത് ഉല്പാദിപ്പിക്കും.
- കൊയ്ത്തുവരുമ്പോൾ, നമ്മൾ അരിവാൾ വെച്ചിട്ട് അതിനെ കൂട്ടിവെക്കണം. (വേറൊരു വിധത്തിൽ കൊയ്ത്ത് കൂട്ടിവെക്കുന്നതിൽ നമുക്ക് ഒരു പങ്കുണ്ട്).

ദൈവത്തിന്റെ വചനമാകുന്ന അത്ഭുതത്തിന്റെ വിത്തിനെക്കുറിച്ച് ഇപ്പോൾ നമ്മൾ പഠിച്ചുകൊണ്ടിരിക്കുന്നത്, ഈ സത്യങ്ങൾ

ഞാൻ ആദ്യമായി ഗ്രഹിക്കാൻ തുടങ്ങിയപ്പോൾ – ഞാൻ വിശ്വസ്തതയോടെ ദൈവവചനമാകുന്ന വിത്ത് എന്റെ ഹൃദയത്തിൽ വിതക്കുവാൻ തുടങ്ങി. എനിക്കു സൗകര്യമായ ഒരു ശിക്ഷണം ഞാൻ വികസിപ്പിച്ചു, ക്രിസ്തീയജീവിതത്തിലെ എല്ലാ പ്രദേശങ്ങളെയും ബാധിക്കുന്നവയിൽ വിത്ത് വിതക്കുവാൻ അത് എന്നെ സഹായിച്ചു – വിശ്വാസം, ദിവ്യമായ ആരോഗ്യം, കുടുംബം, ജ്ഞാനവും വിവേകവും, വിജയവും സമൃദ്ധിയും, ശുശ്രൂഷയും അത്ഭുതങ്ങളും, പ്രാർത്ഥനയും, ധനപരമായി കൊടുക്കുന്നതും. ഇപ്പോൾ, ഈ ദൈവവചനമാകുന്ന വിത്തുകൾ എന്റെ ഹൃദയത്തിൽ വിതക്കപ്പെട്ടത് (ഇപ്പോഴും വിതച്ചുകൊണ്ടിരിക്കുന്നത്), ഒരു രാത്രികൊണ്ട് സമൃദ്ധമായ ഒരു കൊയ്ത്തു കൊണ്ടുവന്നില്ല. സമയത്തിന്റെ ഒരു കടന്നുപോകൽ ഉണ്ടായിരുന്നു, അതുകഴിഞ്ഞ്, എന്റെ ഹൃദയത്തിൽ ഞാൻ വിതച്ച വിത്തുകളുടെ പ്രയോജനവും പരിണതഫലവും ഞാൻ കാണുവാൻ തുടങ്ങി.

ഉദാഹരണമായി, യേശുക്രിസ്തുവിന്റെ അത്ഭുതങ്ങളുടെ വിത്ത് നമുക്ക് വിതക്കുവാൻ കഴിയും, അങ്ങനെ നമ്മുടെ ജീവിതത്തിലും ശുശ്രൂഷയിലും അതുപോലെ അത്ഭുതങ്ങൾ നാം കാണും. തീർച്ചയായും നമ്മുടെ ശുശ്രൂഷയുടെ ഒന്നാമത്തെ ദിവസത്തിൽ, യേശുക്രിസ്തു ചെയ്തതുപോലുള്ള ശക്തിയേറിയ അത്ഭുതങ്ങൾ – കുരുടന്മാരുടെ കണ്ണുതുറപ്പിച്ചതും, മുടന്തുള്ളവരെ നടക്കുമാറാക്കിയതും, അതുപോലെ പലതും നമുക്ക് അനുഭവമാക്കുവാൻ സാധിക്കത്തില്ല. ഇല്ല! ആദ്യമായി നമുക്ക് 'മുപ്പതുമേനി' കൊയ്ത്തുമാത്രമേ അനുഭവമായേക്കൂ. എന്നാൽ നമുക്ക് അറിയാം, വിത്തു മുളച്ചുവരണമെങ്കിൽ സമയത്തിന്റെ ഒരു കടന്നുപോകൽ ആവശ്യമാണെന്ന്. കൊയ്ത്തിന്റെ സമയം പെട്ടെന്നു വരും എന്നറിഞ്ഞുകൊണ്ട് നമ്മുടെ ഹൃദയത്തിൽ വചനം വിതക്കുന്നത് നാം തുടരുന്നു. അപ്പോൾ, വചനം വിതക്കുന്നത് നാം തുടരുമ്പോൾ, വചനം ഉല്പാദിപ്പിക്കുന്ന, വളരെയധികം ഐശ്വര്യമുള്ളതും ധാരാളവുമായ കൊയ്ത്തിൽ നമുക്ക് ആനന്ദിക്കുവാൻ കഴിയും.

ഇപ്പോൾ, ഞങ്ങൾക്ക് പൂർണ്ണമായി വിവരിക്കുവാൻ കഴികയില്ല, നമ്മുടെ ഹൃദയത്തിൽ വിതക്കപ്പെടുന്ന ദൈവവചനത്തിലെ വിത്തുകൾ, എങ്ങനെയാണ്, നമ്മുടെ ജീവിതത്തിൽ, ആ വചനം ഫലം പുറപ്പെടുവിക്കുവാൻ കാരണമാകുന്നതെന്ന്. ഉദാഹരണമായി, ഞങ്ങൾക്ക് പൂർണ്ണമായി വിവരിക്കുവാൻ കഴിയത്തില്ല, വിജയത്തെയും സമൃദ്ധിയെയും സംബന്ധിക്കുന്നതായ വചനത്തിന്റെ വിത്ത് ഒരു വ്യക്തി വിതക്കുമ്പോൾ, എങ്ങനെയാണ്, അവർ ചെയ്യുന്നതിൽ ഒക്കെയും വിജയവും സമൃദ്ധിയും അനുഭവമാക്കുവാൻ കാരണമാകുന്നതെന്ന്. അതുപോലെതന്നെ, ഞങ്ങൾക്കു മുഴുവനായി വിവരിക്കുവാൻ കഴിയുകയില്ല. സൗഖ്യത്തിന്റെയും ആരോഗ്യത്തിന്റെയും, ദൈവത്തിന്റെ വചനത്തിന്റെ വിത്ത് ഒരുവൻ വിതക്കുമ്പോൾ, എങ്ങനെയാണ്, ദൈവത്തിന്റെ ശക്തി ഏതു തരത്തിലുള്ള ദീനങ്ങളെയും രോഗങ്ങളെയും സുഖപ്പെടുത്തി നല്ല ആരോഗ്യത്തോടെയിരിക്കുന്നത് അനുഭവമാക്കുന്നതെന്ന്. ഞങ്ങൾക്ക് ഇതുമാത്രം പറയുവാൻ കഴിയും, വചനം ഒരു വിത്തുപോലെ ആകുന്നു, വിത്ത് ഫലം ഉല്പാദിപ്പിക്കും. എങ്ങനെ ആണെന്ന് നമുക്ക് അറിയാൻ വയ്യാതിരുന്നാൽപ്പോലും. വചനം നല്ല നിലത്ത് വിതക്കപ്പെടുമ്പോൾ, പരിപാലിക്കപ്പെടുമ്പോൾ, ഏത് ഉൽപാദിപ്പിക്കുവാനായി അത് ആസൂത്രണം ചെയ്തുവോ, അത് ഉല്പാദിപ്പിക്കും.

## നിങ്ങൾ ദൈവത്തിന്റെ പൂന്തോട്ടം ആകുന്നു

ഈ സന്ദേശം ഞങ്ങൾ നിങ്ങൾക്കു സമ്മാനിക്കുന്നതിന്റെ ഉദ്ദേശ്യം, ദൈവത്തിന്റെ വചനത്തിൽനിന്നും വേറെ താൽപ്പര്യമുള്ള തത്ത്വങ്ങളെ നിങ്ങളെ അറിയിക്കുവാനോ, പഠിപ്പിക്കുവാനോ അല്ല. ഞങ്ങളുടെ ആഗ്രഹം ഇതാണ്, നിങ്ങളുടെ ജീവിതത്തിൽ ഈ സത്യത്തിന്റെ വിലയും പ്രാധാന്യവും, രണ്ടും, പ്രയോജനപ്പെടുത്തുന്നത് നിങ്ങൾ തിരിച്ചറിയുകയും ഗ്രഹിക്കുകയും വേണം എന്നാണ്. ദൈവത്തിന്റെ വചനത്തിൽ ദൈവം തന്റെ രാജ്യത്തിന്റെ തത്ത്വങ്ങളെ വെളിപ്പെടുത്തിയിട്ടുണ്ട്. ഈ പുസ്തകത്തിൽ, അവയിൽ ഒന്ന്, നാം പരിശോധിച്ചു. നമ്മുടെ ജീവിതത്തിൽ വിശ്വാസപ്ര

കാരം നടന്ന് ഈ തത്ത്വങ്ങളെ പ്രയോജനപ്പെടുത്തേണ്ടത് ഇപ്പോൾ നമ്മുടെ ചുമതലയാണ്.

നിങ്ങൾ ദൈവത്തിന്റെ പൂന്തോട്ടമാണ്. നിങ്ങളുടെ സ്വന്തഹൃദയത്തിലും ജീവിതത്തിലും ദൈവം ആഗ്രഹിക്കുന്ന ദൈവത്തിന്റെ വിത്തുകൾ വിതക്കേണ്ടതിനു ദൈവം നിങ്ങൾക്കു തന്നിട്ടുണ്ട്. അനുഗ്രഹത്തിന്റെയും, സമൃദ്ധിയുടെയും, സമാധാനത്തിന്റെയും, സ്നേഹത്തിന്റെയും, വിശുദ്ധിയുടെയും, നിർമ്മലതയുടെയും, ശക്തിയുടെയും, നിങ്ങളുടെ ജീവിതത്തിൽ ഉല്പാദിപ്പിക്കുവാൻ, ഈ വക എല്ലാക്കാര്യങ്ങളും, അതിനെക്കാളും അധികമായതുമായ, വിത്തുകളും ഉണ്ട്. നിങ്ങളുടെ ഹൃദയത്തിൽ ദൈവവചനമാകുന്ന വിത്ത് വിതക്കേണ്ടതിനു നിങ്ങളുടെ ശിക്ഷണം നിങ്ങൾ വികസിപ്പിക്കുമോ? ദൈവത്തിന്റെ വചനത്തിന്റെ ശക്തിയിലൂടെ, ദൈവത്തിന്റെ ഉദ്ദിഷ്ടകാര്യവും ദൈവത്തിനു സന്തോഷം വരുത്തുന്ന കാര്യവും നിങ്ങളുടെ ജീവിതത്തിൽ പൂർത്തീകരിക്കുവാൻ നിങ്ങൾ ദൈവത്തെ അനുവദിക്കുമോ?

ദൈവത്തിന്റെ വചനത്തിലെ വിത്ത് എങ്ങനെയാണ് നമ്മുടെ ഹൃദയത്തിൽ വിതക്കുന്നത്? വിത്ത് എങ്ങനെയാണ് നാം പരിപാലിക്കുന്നത്? കൊയ്ത്തിൽ നമ്മൾ എങ്ങനെയാണ് ശേഖരിക്കുന്നത്? ദൈവത്തിന്റെ വചനത്തിൽ ധ്യാനിക്കുന്ന പ്രക്രിയയിലൂടെയാണ് ഇത് ചെയ്യുന്നത്. തുടർന്നുള്ള അദ്ധ്യായത്തിൽ ഇത് നമുക്ക് പരിഗണിക്കാം.

# 4

# ദൈവത്തിന്റെ വചനത്തിൽ ധ്യാനിക്കുന്നത്

ആദ്യത്തെ രണ്ട് അദ്ധ്യായങ്ങളിൽ, ദൈവവചനം നമ്മുടെ വിശ്വാസത്തിന്റെ ഉത്ഭവസ്ഥാനവും അടിസ്ഥാനവും ആണെന്ന് ഞങ്ങൾ ഉറപ്പിച്ചു പറഞ്ഞു. ദൈവത്തിന്റെ വചനത്തിന്റെ വിശുദ്ധിയും ശക്തിയും നമ്മൾ പരിശോധിച്ചു. ദൈവവചനം മുഴുവനും ദൈവത്തിന്റെ ശക്തിയാണെന്നും ഈ ശക്തി നമ്മുടെ ജീവിതങ്ങളിലേക്ക് പുറത്തുവിടാൻ കഴിയുമെന്നും ഉള്ള സത്യം ഞങ്ങൾ സമർപ്പിച്ചു. കഴിഞ്ഞ അദ്ധ്യായത്തിൽ, ദൈവവചനം ഒരു വിത്തുപോലെ ആണെന്നും, അത് നമ്മുടെ ഹൃദയത്തിൽ വിതച്ചു പരിപാലിക്കുമ്പോൾ, അത് നമ്മുടെ ജീവിതത്തിൽ രൂപാന്തരീകരണത്തിന്റെ ശക്തി പുറത്തുവിടുമെന്നും നമ്മൾ വിസ്തരിച്ചു പ്രതിപാദിച്ചു. നമ്മൾ ഇപ്പോൾ ഒരു ചുവട് മുമ്പോട്ടു എടുക്കുകയാണ്, ദൈവത്തിന്റെ വചനത്തിൽ ധ്യാനിക്കുന്നതിന്റെ ശിക്ഷണം ആരായുന്നതിന്. ദൈവത്തിന്റെ വചനത്തിലെ വിത്ത് നമ്മുടെ ഹൃദയങ്ങളിൽ വിതച്ചു പരിപാലിക്കുന്ന പ്രക്രിയയാണ് ധ്യാനം.

സാധാരണയായി, ധ്യാനം എന്ന വാക്ക് നാം പ്രസ്താവിക്കുമ്പോൾ ജനങ്ങൾ പരിഗണിക്കുന്നത്, കിഴക്കുദിക്കിൽനിന്നുള്ള ഗുരുവിന്റെയോ യോഗിയുടെയോ നിഗൂഢമായ പ്രവർത്തിക്കൽ എന്നാണ്. ഒരുപക്ഷെ, ഇതുകൊണ്ടാകുന്നു, സഭ പൊതുവായി, ധ്യാനത്തിന്റെ പ്രവർത്തിക്കൽ എടുത്തുപറയാത്തത്. അനേകം സംസ്ക്കാരങ്ങൾ, ലോകത്തിനു ചുറ്റിൽനിന്നും, ധ്യാനത്തിന്റെ പ്രക്രിയയ്ക്കു, അതിന്റെ സ്വന്തമായ മാറ്റങ്ങൾ ഉള്ളപ്പോൾ, ഞങ്ങളുടെ ലക്ഷ്യം, ധ്യാനത്തോടുള്ള വേദപ്രമാണപരമായ പ്രവേശത്തിന്റെ വിവേകം നിങ്ങൾക്ക് സമർപ്പിക്കുക എന്നതാണ്. നിങ്ങൾ ഇതിന്റെ പ്രാധാന്യം ഗ്രഹിക്കുവാനും, നിങ്ങളുടെ വിശ്വാസത്തിന്റെ

നടപ്പിൽ, ഈ ശിക്ഷണം വികസിപ്പിച്ചു നിങ്ങളെ ഉത്തേജിപ്പിക്കുവാനും ഞങ്ങൾ ആഗ്രഹിക്കുന്നു.

## ധ്യാനം വേദപ്രമാണപരമായ ഒരു ശിക്ഷണം

"വൈകുന്നേരത്ത് യിസഹാക് ധ്യാനിപ്പാൻ വെളിമ്പ്രദേശത്ത് പോയിരുന്നു" (ഉല്പത്തി 24:63).

"ഈ ന്യായപ്രമാണപുസ്തകത്തിലുള്ളത് നിന്റെ വായിൽനിന്നു നീങ്ങിപ്പോകരുത്. അതിൽ എഴുതിയിരിക്കുന്നതുപോലെ ഒക്കെയും പ്രമാണിച്ചു നടക്കേണ്ടതിനു നീ രാവും പകലും അത് ധ്യാനിച്ചുകൊണ്ടിരിക്കേണം; എന്നാൽ നിന്റെ പ്രവൃത്തി സാധിക്കും; നീ കൃതാർത്ഥനായും ഇരിക്കും" (യോശുവ 1:8).

വേദപുസ്തകത്തിൽ ധ്യാനം എന്ന വാക്ക് ആദ്യമായി പ്രസ്താവിച്ചിരിക്കുന്നത്, അബ്രാഹാമിനു വാഗ്ദത്തം ചെയ്ത മകൻ, യിസഹാക്കിനെ ബന്ധിപ്പിച്ചാണ്. യിസഹാക്ക് എങ്ങനെയാണ് ധ്യാനിച്ചതെന്നും എന്തിനാണ് ധ്യാനിച്ചതെന്നും ഒരു പക്ഷെ വിജ്ഞാനപരമായിട്ടില്ലെങ്കിലും, പുരാതന സമയങ്ങളിൽ തന്നെ ധ്യാനം തിരുവെഴുത്തിൽ പ്രവർത്തിച്ചിരുന്നു എന്നുള്ളത് അറിയുന്നത് രസകരമാണ്. യിസഹാക്ക് ധ്യാനിപ്പാൻ വെളിമ്പ്രദേശത്തുപോയി, ഇത് നമ്മളോട് പറയുന്നത്, ഒരുവൻ സാധാരണയായി, ധ്യാനിക്കുവാൻ ശരിയായ അന്തരീക്ഷം സൃഷ്ടിക്കുവാൻ, ശ്രദ്ധ പതറിപ്പോകുന്ന എല്ലാ സംഗതിയെയും തടസ്സപ്പെടുത്തലിനെയും രൂപപ്പെടുത്തണമെന്നാണ്.

ധ്യാനത്തെ സംബന്ധിക്കുന്ന ഏറ്റവും അറിയപ്പെടുന്ന വാക്യം യോശുവ 1ൽ ആണ്. ദൈവം യിസ്രായേൽ മക്കൾക്കു തന്റെ "നിയമം" തന്റെ ദാസനായ മോശെയിലൂടെ കൊടുത്തു. ദൈവത്തിന്റെ നിയമം അവർക്ക് ലഭിച്ചതിലൂടെ അവർ എത്രമാത്രം വിശേഷാവകാശമുള്ള ജനങ്ങളായിത്തീർന്നുവെന്നു മോശെ അവരെ അധികം ബലിഷ്ഠമാക്കിത്തീർപ്പിച്ചു. ഉദാഹരണമായി മോശെ യിസ്രായേലിനോട് സംസാരിച്ച ഈ വചനങ്ങൾ പരിഗണിക്കുക.

"നിങ്ങൾ കൈവശമാക്കുവാൻ ചെല്ലുന്ന ദേശത്ത് നിങ്ങൾ അനുസരിച്ചു നടപ്പാനായി എന്റെ ദൈവമായ യഹോവ എന്നോട് കല്പിച്ചതുപോലെ ഞാൻ നിങ്ങളോട് ചട്ടങ്ങളും വിധികളും ഉപദേശിച്ചിരിക്കുന്നു. അവയെ പ്രമാണിച്ചു നടപ്പിൻ; ഇത് തന്നെയല്ലോ ജാതികളുടെ ദൃഷ്ടിയിൽ നിങ്ങളുടെ ജ്ഞാനവും വിവേകവും ആയിരിക്കുന്നത്. അവർ ഈ കല്പനകളൊക്കെയും കേട്ടിട്ട്: ഈ ശ്രേഷ്ഠ ജാതി ജ്ഞാനവും വിവേകവും ഉള്ള ജനം തന്നേ എന്നു പറയും. നമ്മുടെ ദൈവമായ യഹോവയോട് നാം വിളിച്ചപേക്ഷിക്കുമ്പോഴൊക്കെയും അവൻ നമുക്ക് അടുത്തിരിക്കുന്നതുപോലെ ദൈവം ഇത്ര അടുത്തിരിക്കുന്ന ശ്രേഷ്ഠജാതി ഏതുള്ളൂ? ഞാൻ ഇന്ന് നിങ്ങളുടെ മുമ്പിൽ വെക്കുന്ന ഈ സകല ന്യായപ്രമാണവും പോലെ ഇത്ര നീതിയുള്ള ചട്ടങ്ങളും വിധികളും ഉള്ള ശ്രേഷ്ഠ ജാതി ഏതുള്ളൂ?" (ആവർത്തനപുസ്തകം 4:5-8).

ഇതു കൂടാതെ, ദൈവം തുടർച്ചയായി തന്റെ ജനങ്ങളെ ഓർമ്മിപ്പിച്ചു, തന്റെ വചനം അവരുടെ ഹൃദയത്തിൽ സൂക്ഷിക്കണമെന്നും അവയെ തുടർച്ചയായി അനുസരിക്കണമെന്നും ദൈവം ആഗ്രഹിക്കുന്നുവെന്ന്. വീണ്ടും വീണ്ടും ഈ പ്രസ്താവന നമ്മൾ വായിച്ചു; "ഇന്ന് ഞാൻ നിന്നോട് കല്പിക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കണം" എന്നും "ആകയാൽ നിങ്ങൾ എന്റെ ഈ വചനങ്ങളെ നിങ്ങളുടെ ഹൃദയത്തിലും മനസ്സിലും സംഗ്രഹിച്ചു നിങ്ങളുടെ കൈമേൽ അടയാളമായി കെട്ടുകയും അവ നിങ്ങളുടെ കണ്ണുകൾക്ക് മദ്ധ്യേ പട്ടമായിരിക്കയും വേണം" എന്നും (ആവർത്തനപുസ്തകം 6:6; 11:18). ഇതേ നിർദ്ദേശങ്ങൾ യോശുവായോടും ആവർത്തിച്ചുപറഞ്ഞു, ഇപ്പോൾ അവൻ യിസ്രായേൽ ജനങ്ങളുടെ നായകൻ ആയിരുന്നു. മോശെ കല്പിച്ചിട്ടുള്ള ന്യായപ്രമാണമൊക്കെയും അനുസരിച്ചു നടക്കേണ്ടതിനു നല്ല ഉറപ്പും ധൈര്യവും ഉള്ളവനായിരിക്ക എന്നു പറഞ്ഞുകൊണ്ട് ദൈവം യോശുവയെ ഭരമേല്പിക്കുകയായിരുന്നു (യോശുവ 1:7). ദൈവത്തിന്റെ വചനം ഹൃദയത്തിൽ ഇരിക്കേണ്ടതിനും ജാഗ്രത

യോടെ സൂക്ഷ്മനിരീക്ഷണം ചെയ്യേണ്ടതിനും ദൈവം മോശെക്കു പ്രവർത്തനസമ്പ്രദായങ്ങളും ശിക്ഷണവും സമർപ്പിച്ചു കൊടുത്തു. ദൈവം യോശുവയോട് പറഞ്ഞു “ഈ ന്യായപ്രമാണപുസ്തക ത്തിലുള്ളത് നിന്റെ വായിൽനിന്നു നീങ്ങിപ്പോകരുത്; അതിൽ എഴുതിയിരിക്കുന്നതുപോലെ ഒക്കെയും പ്രമാണിച്ചുനടക്കേണ്ട തിനു നീ രാവും പകലും അത് ധ്യാനിച്ചുകൊണ്ടിരിക്കേണം” (യോശുവ 1:8).

ദൈവം ആണ്, ദൈവത്തിന്റെ വചനത്തിൽ രാവും പകലും ധ്യാനിക്കണം എന്നുള്ള നിർദ്ദേശം യോശുവക്കു കൊടുത്തെന്ന റിയുന്നത് രസകരമായി ശ്രദ്ധിക്കാവുന്നതാണ്. അതുകൊണ്ട് വച നത്തിൽ ധ്യാനിക്കുക എന്നത് ഒരു ശിക്ഷണം ആണ്, അത് നിർദ്ദേ ശിച്ചതും പ്രോത്സാഹിപ്പിച്ചതും ദൈവം തന്നെയാണ്. ഇത് ഒരു ശിക്ഷണം ആണ്, നമ്മൾ അത് നിരന്തരാഭ്യാസം നടത്തണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്.

## പ്രക്രിയ ശ്രദ്ധിക്കുക

- ന്യായപ്രമാണപുസ്തകത്തിലെ വചനങ്ങൾ അവന്റെ സംസാ രത്തിന്റെ ഭാഗമായിരിക്കണം (“ഈ ന്യായപ്രമാണപുസ്തക ത്തിൽ ഉള്ളത് നിന്റെ വായിൽനിന്നു നീങ്ങിപ്പോകരുത്.”)
- അവൻ തുടർച്ചയായി വചനത്തിൽ ധ്യാനിക്കണമായിരുന്നു (“നീ രാവും പകലും അതു ധ്യാനിച്ചുകൊണ്ടിരിക്കണം.”)

തിരുവെഴുത്തിൽ നമുക്കു തന്നിരിക്കുന്ന ഒരു ശിക്ഷണം ആണ് ധ്യാനം. അത്, ദൈവത്തിന്റെ വചനം നമ്മുടെ ഹൃദയങ്ങളിലും (ആത്മാവിൽ) പ്രാണനിലും (മനസ്സിൽ) വെയ്ക്കുവാൻ നമ്മെ സഹായിക്കുന്നു. ധ്യാനത്തെപ്പറ്റി ധാരാളമായ മറ്റു പ്രസ്താവങ്ങളും ഉണ്ട്, മുഖ്യമായി സങ്കീർത്തനങ്ങളിൽ. തിരുവെഴുത്തിലെ നല്ലതു പോലെ അറിയാവുന്ന ഒരു ഭാഗമാണ് ഒന്നാം സങ്കീർത്തനം. ഇത് ഒരു നീതിമാനായ മനുഷ്യന്റെ ശിക്ഷണത്തെക്കുറിച്ചു നമ്മളെ പഠി പ്പിക്കുന്നു. അതു പറയുന്നത്, അങ്ങനെയുള്ള മനുഷ്യൻ “ദുഷ്ടന്മാരുടെ

ആലോചനപ്രകാരം നടക്കത്തില്ലെന്നും, പാപികളുടെ വഴി അനുഗമിക്കത്തില്ലെന്നും, പരിഹാസികളുടെ പ്രവർത്തനങ്ങളിൽ പങ്കുകൊള്ളുകയില്ലെന്നുമാണ്." "എന്നാൽ അവന്റെ സന്തോഷം യഹോവയുടെ ന്യായപ്രമാണത്തിലാണ്, അവന്റെ ന്യായപ്രമാണത്തിൽ രാവും പകലും അവൻ ധ്യാനിക്കുന്നു" (സങ്കീർത്തനങ്ങൾ 1:2). അവന്റെ ധാർമ്മികരോഷത്തിന്റെ ശിക്ഷണങ്ങളും തുടർച്ചയായുള്ള വചനത്തിലെ ധ്യാനവും അവനെ ഫലസമൃദ്ധമാക്കുവാൻ സഹായിക്കുന്നു, അവൻ ചെയ്യുന്നതിലൊക്കെയും പുഷ്ടി പ്രാപിക്കുകയും സമ്പന്നത പ്രാപിക്കുകയും ചെയ്യുന്നു (സങ്കീർത്തനങ്ങൾ 1:3).

തിരുവെഴുത്തുപ്രകാരമുള്ള ധ്യാനം ദൈവത്തിന്റെ വചനത്തിൽ ധ്യാനിക്കുന്നതുവരെ പരിമിതപ്പെടുത്തിയിട്ടില്ല. മറ്റു വിഷയങ്ങളിലും ചിന്താവിഷയങ്ങളിലും നമ്മൾ ധ്യാനിക്കേണ്ടത് നമുക്കു കാണാം. ഉദാഹരണമായി, ദൈവത്തിൽതന്നെ നമുക്ക് ധ്യാനിക്കുവാൻ കഴിയും. ദൈവം, അവന്റെ സ്വഭാവഗുണം, അവന്റെ ധർമ്മം ഇവയൊക്കെ നമ്മുടെ ധ്യാനത്തിന്റെ ശ്രദ്ധാകേന്ദ്രമായിത്തീരുന്നു. ദാവീദ്, യിസ്രായേലിന്റെ മധുരസങ്കീർത്തനക്കാരൻ പറഞ്ഞു: "എന്റെ കിടക്കയിൽ നിന്നെ ഓർക്കയും ഞാൻ രാത്രിയാമങ്ങളിൽ നിന്നെ ധ്യാനിക്കയും ചെയ്യുമ്പോൾ" (സങ്കീർത്തനങ്ങൾ 63:5). വേറൊരു സങ്കീർത്തനക്കാരൻ എഴുതി: "എന്റെ ധ്യാനം അവനു പ്രസാദകരമായിരിക്കട്ടെ; ഞാൻ യഹോവയിൽ സന്തോഷിക്കും" (സങ്കീർത്തനങ്ങൾ 104:34).

ദൈവം നമ്മുടെ ജീവിതത്തിൽ ചെയ്ത അത്ഭുതകാര്യങ്ങളെക്കുറിച്ചും നമ്മൾ ധ്യാനിക്കും. ദാവീദ് പറഞ്ഞു: "ഞാൻ പണ്ടത്തെ നാളുകളെ ഓർക്കുന്നു; നിന്റെ സകലപ്രവൃത്തികളെയും ഞാൻ ധ്യാനിക്കുന്നു" (സങ്കീർത്തനങ്ങൾ 143:5). ആസാഫ്, യിസ്രായേലിന്റെ വേറൊരു സങ്കീർത്തനക്കാരൻ എഴുതി: "ഞാൻ നിന്റെ സകല പ്രവൃത്തിയെയുംകുറിച്ച് ധ്യാനിക്കും; നിന്റെ ക്രിയകളെക്കുറിച്ച് ഞാൻ ചിന്തിക്കും" (സങ്കീർത്തനങ്ങൾ 77:12). ജ്ഞാനത്തെക്കുറിച്ചും വിവേകത്തെക്കുറിച്ചുമുള്ള കാര്യങ്ങളും നമ്മൾ

ആലോചിച്ചുനോക്കുകയും ധ്യാനിക്കുകയും ചെയ്യും. സങ്കീർത്തനക്കാരൻ എഴുതി: "സകലജാതികളുമായുള്ളോരേ, ഇതു കേൾപ്പിൻ; സകല ഭൂവാസികളുമായുള്ളോരേ, ചെവിക്കൊൾവിൻ. സാമാന്യജനവും ശ്രേഷ്ഠജനവും ധനവാന്മാരും ദരിദ്രന്മാരും തന്നെ. എന്റെ വായ് ജ്ഞാനം പ്രസ്താവിക്കും; എന്റെ ഹൃദയത്തിലെ ധ്യാനം വിവേകം തന്നെ ആയിരിക്കും" (സങ്കീർത്തനങ്ങൾ 49:1-3).

## ധ്യാനം - വേദപുസ്തകപരമായ സമീപനം

ധ്യാനം തിരുവെഴുത്തുപ്രകാരമുള്ള ഒരു പ്രവൃത്തി ആണെന്നും അത് തീർച്ചയായും പ്രചോദിപ്പിക്കുന്നത് ദൈവം തന്നെയാണെന്നുമുള്ള സത്യം നമ്മൾ ഗ്രഹിച്ചു. ദൈവത്തിന്റെ വചനം നമ്മുടെ ഹൃദയങ്ങളിൽ നിക്ഷേപിക്കുന്നതിന്റെ രീതി ഇതാണെന്നും നമ്മുടെ അടുത്ത കർമ്മവിഷയകത്വം എങ്ങനെയാണ് ധ്യാനിക്കുന്നതെന്ന് പഠിക്കുന്നതുമാണ്.

പഴയനിയമത്തിലെ ധ്യാനം എന്ന വാക്കിന് പ്രധാനമായ എബ്രായഭാഷയിലെ രണ്ടു വാക്കുകൾ ഉപയോഗിച്ചിരിക്കുന്നു. എബ്രായഭാഷയിലെ വാക്ക് 'ഹാഗാ'യുടെ അർത്ഥം, പ്രതിഫലിപ്പിക്കുക, നിനയ്ക്കുക, ആലോചിച്ചുനോക്കുക, ഞരങ്ങുക, മുറുമുറുക്കുക, മന്ത്രിക്കുക, പിറുപിറുക്കുക, നെടുവീർപ്പിടുന്നതുപോലെ അനക്കമില്ലാത്ത ശബ്ദമുണ്ടാക്കുക, ഒരുവൻ വാക്കുകൾ ആവർത്തിക്കുന്നതുപോലെ ചിലതിനെപ്പറ്റി ചിന്തിക്കുക എന്നൊക്കെയാണ്. മറ്റെ എബ്രായവാക്ക് 'സിയാച്ച്' മുഖ്യമായി ഉപയോഗിച്ചിരിക്കുന്നത് മുഖ്യമായും 119-ാം സങ്കീർത്തനത്തിലാണ്. വീണ്ടും അതിന്റെ അർത്ഥം 'ആലോചിച്ചു നോക്കുക' അതായത് നേർവിപരീതമായി, തന്നോടുതന്നെ, ആയതുകൊണ്ട് ശബ്ദമുയർത്തി, പരമമായ, സല്ലപിക്കുക, ആവലാതിപ്പെടുക, പ്രസ്താവിക്കുക, അത്യഗാധമായി ആലോചിക്കുക, പ്രാർത്ഥിക്കുക, സംസാരിക്കുക, വർത്തമാനം പറയുക. ആത്മാവ് നിറഞ്ഞ ജീവിതം വേദപുസ്തകം ആദ്യത്തെ വാക്കിനെപ്പറ്റി തുടർന്നുള്ള അഭിപ്രായം വഹിക്കുന്നു. ഇത് പറയുന്നത് 'ഹാഗാ' സൂചിപ്പിക്കുന്നത് ചിലത് പ്രശാന്തമായ,

അനുരൂപമല്ലാത്ത ഇംഗ്ലീഷ് 'ധ്യാനം,' ഇത് ഒരു മാനസികമായ അഭ്യാസം മാത്രം ആയിരിക്കുമെന്നാണ്. എബ്രായചിന്തയിൽ, തിരുവെഴുത്തിൽ ധ്യാനിക്കുക എന്നത് പ്രശാന്തമായി ആവർത്തിക്കുക എന്നാണ്, മൃദുവായ, മുരളുന്ന ശബ്ദത്തിൽ, അതോടൊപ്പം പുറമെയുള്ള ശ്രദ്ധ പതറിപ്പിക്കുന്ന സംഗതികൾ നിശ്ശേഷം ത്യജിച്ചുകൊണ്ട്. ഈ പാരമ്പര്യത്തിൽനിന്നും, യഹൂദന്മാരുടെ വിശേഷജ്ഞാനം ആർജ്ജിക്കുന്ന ഒരു പ്രാർത്ഥന 'ഡാവെനിങ്ങ്' വരുന്നു, അതായത് മൂലഗ്രന്ഥം ആവർത്തിക്കുക, പ്രാർത്ഥന അതിശ്രദ്ധയോടെ പ്രാർത്ഥിക്കുക, ദൈവവുമായുള്ള ആശയവിനിമയത്തിൽ ഇല്ലാതായിത്തീരുക, തലകുനിക്കുമ്പോഴും, മുമ്പോട്ടും പുറകോട്ടും ചാഞ്ചാടുമ്പോഴും. നിശ്ചയമായി, ഈ ശക്തിപരമായ ധ്യാനവും പ്രാർത്ഥനയും ദാവീദിന്റെ സമയത്തേക്കു തിരിച്ചുപോകുന്നു.

ധ്യാനം അത്യന്താപേക്ഷിതമായി മനുഷ്യാത്മാവ് ദേഹിയിൽ എത്തിച്ചേരുന്ന പ്രവർത്തനമാണ് (ചിന്തയുടെ ആസ്ഥാനം, ബുദ്ധിശക്തി, സങ്കല്പശക്തി, വികാരം കൊള്ളുന്ന മനോഗതി), ഭൗതികശരീരത്തെ ബാധിക്കുന്നു. ബോധനത്തിന്റെ ഉദ്ദേശ്യങ്ങൾക്കുവേണ്ടി മൂന്നു വാക്കുകൾ ഉപയോഗിച്ചുകൊണ്ട്, ധ്യാനത്തിന്റെ പ്രക്രിയ ചുരുക്കിപ്പറയുവാൻ ഞങ്ങൾ താൽപര്യപ്പെടുന്നു - ചിന്തനം, മനസ്സിൽകാണൽ, കുറ്റസമ്മതം. ഓരോ സമയവും, ധ്യാനിക്കുമ്പോൾ, ഈ പ്രക്രിയയിൽ ഒന്നിലോ, അതിലധികമോ കാര്യങ്ങളിൽ ഉൾപ്പെട്ടിരിക്കും. ഒരാൾ, ഒരു പ്രത്യേക ചിന്താവിഷയത്തിൽ ആഴമേറിയ ചിന്തനത്തിലായിരിക്കാം, അല്ലെങ്കിൽ ഒരു പ്രത്യേക വിഷയത്തിൽ ചിന്തിക്കുകയും, മനസ്സിൽ കാണുകയും ആവാം അല്ലെങ്കിൽ കുറ്റസമ്മതത്തിൽ ഉൾപ്പെട്ടിരിക്കാം. ഇവ ഓരോന്നിനെപ്പറ്റിയും വിശദമായി നമുക്ക് പരിഗണിക്കാം.

## ചിന്തനം - നിങ്ങളിൽ തന്നെ ചിന്തിക്കുന്നത്

"ഞാൻ പണ്ടത്തെ നാളുകളെ ഓർക്കുന്നു; നിന്റെ സകല പ്രവൃത്തികളെയും ഞാൻ ധ്യാനിക്കുന്നു" (സങ്കീർത്തനങ്ങൾ 143:5).

ധ്യാനത്തിന്റെ ഈ ദർശനം നമ്മുടെ ചിന്തകളും ബുദ്ധിശക്തിയുമായി ഉടമ്പടി ചെയ്യുന്നു. ഒരു പ്രത്യേക വിഷയത്തെപ്പറ്റി നമ്മൾ അത്യഗാധമായി ആലോചിക്കുകയും, ആലോചിച്ചു നോക്കുകയും, ആഴമായി ചിന്തിക്കുകയും ചെയ്യുന്നു. ഉദാഹരണമായി, വചനത്തിൽനിന്ന് ഒരു പ്രത്യേക വിഷയത്തെക്കുറിച്ചാണ് നമ്മൾ ചിന്തനം ചെയ്യുന്നതെങ്കിൽ, ദിവ്യമായ സൗഖ്യത്തിനായി, തിരുവെഴുത്തിലെ വാക്യമായി യെശയ്യാവ് 53:4 നമ്മൾ തിരഞ്ഞെടുത്തു, ചിന്തനയിലിരിക്കുമ്പോൾ ഈ വാക്യത്തിന്റെ അർത്ഥം നമ്മൾ പരിഗണിക്കുന്നു, ഇതിന്റെ ഫലവും ഉൾപ്പെടുത്തലും. യേശു നമ്മുടെ രോഗങ്ങളെ വഹിച്ചുവെന്നും നമ്മുടെ വേദനകളെ ചുമന്നു എന്നും നമ്മൾ അംഗീകരിക്കുന്നു. യേശു നമുക്ക് പകരമായി ഇത് ചെയ്തു, അതുകൊണ്ട് നമ്മൾ വീണ്ടും അവയെ വഹിക്കേണ്ട ആവശ്യം ഇല്ല. നമ്മളിൽത്തന്നെ നമ്മൾ അത് ഗ്രഹിക്കുകയും കാരണമാക്കുകയും ചെയ്യുന്നു. നമ്മുടെ ദൈനംദിന ജീവിതത്തിൽ അതിന്റെ ഉപയോഗത്തെക്കുറിച്ച് നാം ചിന്തിക്കുന്നു. നേരത്തെ നമ്മളിൽ ഉണ്ടായിരുന്ന തെറ്റായ തോന്നലും ആശയവും നമ്മൾ പരിശോധിക്കുകയും അവയെ ഉപേക്ഷിക്കാൻ തുടങ്ങുകയും ചെയ്യുന്നു.

ദൈവത്തിന്റെ ആത്മാവ് നമ്മിൽ ആനന്ദിക്കുന്നുവെന്നും ദൈവത്തിന്റെ വചനത്തിൽ ആഴമായി ചിന്തനം ചെയ്യാൻ സമയം ചെലവഴിക്കുമെന്നും നമ്മൾ വിശ്വസിക്കുന്നു. പലപ്പോഴും നമ്മൾ നമ്മളെത്തന്നെ ശ്രദ്ധപതറിപ്പിക്കുന്ന സംഗതികളിൽനിന്നും വേറിട്ടു നിർത്തുമ്പോൾ, നമ്മുടെ മനസ്സിന്റെ ശ്രദ്ധ വചനത്തിൽ വെക്കുമ്പോൾ, ചിന്തനയിൽ വെക്കുമ്പോൾ, ദൈവത്തിന്റെ ആത്മാവ് സൗമ്യതയോടെ നമ്മെ താങ്ങി നമ്മുടെ ചിന്തകളുടെ പ്രക്രിയയിൽ, മുന്നോട്ടു നടത്തും. ദൈവത്തിന്റെ ആത്മാവ് നമ്മുടെ ചിന്തകളിൽ നമ്മെ പ്രചോദിപ്പിക്കുകയും വഴി കാട്ടുകയും ചെയ്യും, നമ്മുടെ മനസ്സിൽ പുതിയ ആശയങ്ങളും, ഉൾക്കാഴ്ചകളും നട്ടുപിടിപ്പിക്കുന്നതിലൂടെ. എങ്ങനെയാണ് തിരുവെഴുത്തു കൊണ്ടു

വരുന്നതിന് പഴയമനുഷ്യരെ പ്രചോദിപ്പിച്ചത് വിവരിക്കുന്നതിൽ, അപ്പൊസ്തലനായ പത്രോസ് പറഞ്ഞു: "പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് സംസാരിച്ചതത്രേ" (2 പത്രോസ് 1:21). വൈൻസ് നിഘണ്ടുവിൽ, തുടർന്നുകൊടുത്തിരിക്കുന്നത് പഴയനിയമ പ്രവാചകന്മാരെക്കുറിച്ചുള്ള അഭിപ്രായമാണ്. അതു പറയുന്നത്, അവർ മുന്നോട്ടു ജനിച്ചെന്നും അല്ലെങ്കിൽ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പ്രേരിപ്പിക്കപ്പെട്ടുവെന്നും, അവരുടെ സ്വന്ത ഇഷ്ടപ്രകാരം അല്ല അവർ പ്രവർത്തിച്ചതെന്നും, അല്ലെങ്കിൽ അവരുടെ വെറും വിചാരങ്ങളാൽ അല്ല അവർ പ്രവർത്തിച്ചതെന്നും, എന്നാൽ വാക്കുകളിൽ കൂടെ ദൈവത്തിന്റെ മനസ്സ് അഭ്യസിപ്പിച്ചു - ഉണ്ടാക്കിക്കൊടുത്തതും ശുശ്രൂഷ ചെയ്തതും ദൈവംതന്നെ.

പ്രവാചകന്മാർ അവരുടെ വിവേകത്തിന് അപ്പുറമായിട്ടുള്ള കാര്യങ്ങളാണ് സംസാരിച്ചത്, വളരെയധികമായി, അതുകൊണ്ട് അവർക്ക് അന്വേഷിക്കേണ്ടിവന്നു "അവരിലുള്ള ക്രിസ്തുവിൻ ആത്മാവ് ക്രിസ്തുവിന് വരേണ്ടിയ കഷ്ടങ്ങളെയും പിൻവരുന്ന മഹിമയെയും മുമ്പിൽകൂട്ടി സാക്ഷീകരിച്ചപ്പോൾ സൂചിപ്പിച്ച സമയം ഏതോ എങ്ങനെയുള്ളതോ എന്നു പ്രവാചകന്മാർ ആരാഞ്ഞുനോക്കി" (1 പത്രോസ് 1:11). ഇതേ രീതിയിൽത്തന്നെ പരിശുദ്ധാത്മാവ് വചനത്തിലുള്ള നമ്മുടെ ചിന്തനയുടെ സമയത്ത് നമ്മുടെ ചിന്തകളെ മുന്നോട്ടു വഹിക്കും. പരിശുദ്ധാത്മാവ് നമ്മുടെ ആദ്ധ്യാത്മിക ഗുരു ആണ്. യേശു പറഞ്ഞു, യേശു സംസാരിക്കുന്ന കാര്യങ്ങൾ കേട്ടിട്ട് പരിശുദ്ധാത്മാവ് നമ്മോടു സംസാരിക്കുമെന്ന് (യോഹന്നാൻ 16:12-15). ഇത് സാധാരണമായി സംഭവിക്കുന്നത് വചനത്തിലുള്ള നമ്മുടെ ചിന്തനക്കായി, നമ്മൾ നമ്മളേത്തന്നെ, നമ്മുടെ ശ്രദ്ധ പതറിപ്പോകുന്ന സംഗതികളിൽനിന്ന് വിട്ടുനിൽക്കുമ്പോഴാണ്. ഇത് ഭയങ്കരമായ ഒരു അനുഭവം ആണ്, നമ്മൾ വചനത്തിന്റെ ആഴമായ ചിന്തനത്തിലായിരിക്കുമ്പോൾ, മധുരമായ പരിശുദ്ധാത്മാവാകുന്ന "കർത്താവിന്റെ കരം" സൗമ്യതയോടെ

നമ്മുടെമേൽ താണിറങ്ങി നമ്മുടെ ചിന്തകളിൽ നമ്മെ മുന്നോട്ടു വഹിക്കുവാൻ തുടങ്ങുന്നു. മിക്കവാറും കർത്താവിന്റെ സാന്നിദ്ധ്യം വളരെ ശക്തമായിത്തീരുന്നു, ആനന്ദത്തിന്റെയും നന്ദിപറയുന്ന തിന്റെയും കണ്ണുനീർ ഒഴുകുവാൻ തുടങ്ങും, ആശ്ചര്യപ്പെടുത്തുന്ന വെളിപ്പെടുത്തലും വിവേകവും അവൻ നമുക്ക് പകർന്നുതരുമ്പോൾ.

ചിന്തനം നമ്മുടെ ചിന്തനങ്ങളെ സ്വാധീനം ചെലുത്തുന്നു. ദൈവത്തിന്റെ വചനത്താൽ രൂപാന്തരപ്പെട്ട ഒരു മനസ്സിനെ ഇത് ഉല്പാദിപ്പിക്കുന്നു. തിരുവെഴുത്തുകൾ നമ്മുടെ മനസ്സുകളെ രൂപാ ന്തരപ്പെടുത്തുന്നത് നമ്മെ പഠിപ്പിക്കുന്നു (റോമർ 12:2). നമ്മുടെ മനസ്സുകളിലെ ആത്മാവിനെ (മനഃസ്ഥിതി) രൂപാന്തരപ്പെടുത്തു വാനുള്ള നിർദ്ദേശങ്ങൾ നമുക്ക് നൽകപ്പെട്ടിരിക്കുന്നു (എഫെ സ്യർ 4:23). ഒരു വ്യക്തി തന്റെ മനസ്സ് ദൈവത്തിന്റെ മുഴുവൻ ഉപ ദേശത്തിനും (ദൈവത്തിന്റെ എല്ലാ വചനങ്ങൾക്കും) രൂപാന്തര പ്പെടുത്തുമ്പോൾ, “ദൈവത്തിന്റെ നന്മയും പ്രസാദവും പൂർണ്ണത യുമുള്ള ഹിതം ഇന്നതെന്ന് തിരിച്ചറിയുവാൻ കഴിയും” (റോമർ 12:2). ദൈവത്തിന്റെ വചനത്തിൽ ശിക്ഷണത്തോടുകൂടി നിരന്ത രാഭ്യാസത്തിൽ ധ്യാനിക്കുകയും ചിന്തനം ചെയ്യുകയും ചെയ്യു മ്പോൾ, നല്ലതും തെറ്റും തിരിച്ചറിയുവാൻ നമ്മുടെ “ബുദ്ധിയെ നമ്മൾ അഭ്യസിപ്പിക്കുന്നു” (എബ്രായർ 5:14).

## മനസ്സിൽ കാണൽ – നിങ്ങളുടെ “മനസ്സിന്റെ കണ്ണു കൊണ്ട്” കാണുന്നത്

“അതിന്റെ ശേഷം അബ്രാമിനു ദർശനത്തിൽ യഹോവയുടെ അരുളപ്പാട് ഉണ്ടായതെന്തെന്നാൽ: അബ്രാമേ, ഭയപ്പെടേണ്ടാ; ഞാൻ നിന്റെ പരിചയും നിന്റെ അതിമഹത്തായ പ്രതിഫലവും ആകുന്നു. അതിന് അബ്രാം: കർത്താവായ യഹോവേ, നീ എനിക്ക് എന്തു തരും? ഞാൻ മക്കളില്ലാത്തവനായി നടക്കുന്നുവല്ലോ; എന്റെ അവകാശി ദമ്മേശെക്കുകാരനായ ഈ എല്യേസർ അത്രേ എന്നു പറഞ്ഞു. നീ എനിക്ക് സന്തതിയെ തന്നിട്ടില്ല, എന്റെ വീട്ടിൽ ജനിച്ച ദാസൻ എന്റെ അവകാശിയാകുന്നു എന്നും അബ്രാം പറഞ്ഞു.

അവൻ നിന്റെ അവകാശിയാകയില്ല; നിന്റെ ഉദരത്തിൽനിന്നു പുറപ്പെടുന്നവൻ തന്നെ നിന്റെ അവകാശിയാകും, എന്ന് അവനു യഹോവയുടെ അരുളപ്പാടുണ്ടായി. പിന്നെ അവൻ അവനെ പുറത്തു കൊണ്ടുചെന്നു: നീ ആകാശത്തേക്ക് നോക്കുക; നക്ഷത്രങ്ങളെ എണ്ണുവാൻ കഴിയുമെങ്കിൽ എണ്ണുക എന്നു കല്പിച്ചു. നിന്റെ സന്തതി ഇങ്ങനെ ആകും എന്നും അവനോട് കല്പിച്ചു. അവൻ യഹോവയിൽ വിശ്വസിച്ചു; അത് അവൻ അവനു നീതിയായി കണക്കിട്ടു" (ഉല്പത്തി 15:1–6).

അബ്രാമിനെ വലിയ ഒരു ജാതിയുടെ പിതാവാക്കും എന്നു ദൈവം ആദ്യം വാഗ്ദത്തം ചെയ്ത സമയം മുതൽ അനേക വർഷങ്ങൾ കടന്നുപോയി. എന്നിട്ടും സാറയും അബ്രാമും മക്കളില്ലാത്തവരായിരുന്നു, ഇത് വ്യക്തമായി അവരെ സംബന്ധിക്കുന്ന ഒരു വിഷയമായിരുന്നു. ഈ സമയത്ത് ദൈവം അബ്രാമിനോട് സംസാരിച്ചു തന്റെ ഒന്നാമത്തെ വാഗ്ദത്തത്തെ വീണ്ടും ഉറപ്പിക്കുവാൻ. ദൈവം ചെയ്തത് എന്താണെന്ന് നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഒരു രാത്രിയിൽ ദൈവം അബ്രാമിനെ അവന്റെ വീടിന്റെ വെളിയിലേക്കു നയിച്ചു, നക്ഷത്രങ്ങൾ നിറഞ്ഞ ആകാശത്തേക്കു നോക്കുവാൻ അവനു നിർദ്ദേശം കൊടുത്തു, അവനോട് ചോദിച്ചു നക്ഷത്രങ്ങളെ എണ്ണുവാൻ കഴിയുമോയെന്ന്. അപ്പോൾ ദൈവം അബ്രാമിനോട് പറഞ്ഞു "നിന്റെ സന്തതി ഇങ്ങനെ ആകും" എന്ന്. ഇതിന്റെ ഉദ്ദേശ്യം ദൈവം അബ്രാമിന് ദൈവത്തിന്റെ വാഗ്ദത്തത്തിന്റെ ഒരു മനസ്സിനെ സംബന്ധിച്ച ചിത്രം കൊടുക്കുകയായിരുന്നു. ദൈവത്തിന്റെ വാഗ്ദത്തത്തിന്റെ പൂർത്തീകരണത്തിന്റെ ഒരു ചിത്രം അബ്രാമിനു ലഭിച്ചു. ദൈവത്തിന്റെ വാഗ്ദത്തത്തിന്റെ പൂർത്തീകരണം എങ്ങനെ ആയിരിക്കുമെന്നു അബ്രാമിന് തന്റെ മനസ്സിന്റെ കണ്ണുകൊണ്ടു കാണുവാൻ സാധിച്ചു. പിന്നീട്, ദൈവം അബ്രാമിനോട് ഇതുംകൂടെ പറഞ്ഞു, "നിന്റെ സന്തതിയെ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽക്കരയിലെ മണൽപോലെയും അത്യന്തം വർദ്ധിപ്പിക്കും" (ഉല്പത്തി 22:17).

മനസ്സിൽകാണൽ വേറൊരു പ്രധാനപ്പെട്ട പ്രക്രിയയാണ് ധ്യാനത്തിന്റെ പ്രവൃത്തി. ദൈവവചനം നമുക്ക് എന്താണ് ആശയം പകരുന്നതെന്ന് നമ്മുടെ ഭാവനയുടെ ശക്തികൊണ്ട് നമുക്ക് 'കാണുവാൻ' കഴിയുന്നു. ഉദാഹരണമായി, നമുക്ക് രോഗം ആണെങ്കിൽ നമ്മൾതന്നെ കാണുന്നു, സുഖമാകുമ്പോഴും. വചനം നമ്മളെക്കുറിച്ചു പറയുന്നത് എല്ലാം നമ്മൾ നമ്മളെത്തന്നെ കാണുന്നു, ഉണ്ടായിരിക്കലും പ്രവർത്തിക്കലും. മനസ്സിൽകാണൽ ധ്യാനത്തിന്റെ പ്രക്രിയയുടെ ഒരു ഭാഗമാണ്, അത് നമ്മുടെ ഭാവനക്ക് ഉറപ്പുവരുത്തുന്നു.

സഭ, പൊതുവായി മനസ്സിൽക്കാണലിന്റെ ശക്തിയുടെ പടച്ചമയത്തെ അവഗണിച്ചു. മറുവശത്ത് ലോകം സ്ഥിരമായി നമ്മുടെ ഭാവനയ്ക്കു സ്വാധീനം ചെലുത്തുന്നു, ചിന്തിപ്പിക്കുന്ന ടിവി വാണിജ്യവിഷയകമായതിലൂടെയും, അച്ചടിച്ച പരസ്യങ്ങളിലൂടെയും അങ്ങനെ മറ്റും മറ്റും. ഭാവന നമ്മളിലുള്ള പ്രധാനപ്പെട്ട ഒന്നാണ്. നമ്മുടെ ഭാവന നമ്മുടെ പെരുമാറ്റത്തിനും നമ്മൾ എടുക്കുന്ന തീരുമാനങ്ങൾക്കും സ്വാധീനം ചെലുത്തുന്നു. നമ്മുടെ ജീവിതത്തിന്റെ വീക്ഷണത്തിലും നമ്മുടെ സ്വയംമതിക്കുന്നത് തീരുമാനിക്കുന്നതിലും അവ സ്വാധീനം ചെലുത്തുന്നു. അനേകം ആളുകൾ ഞങ്ങളുടെ മോശപ്പെട്ട സ്വയമാനസികകല്പനയാൽ കഷ്ടപ്പെടുന്നു (അല്ലെങ്കിൽ മോശമായ ഒരു സ്വയഭാവന) അല്ലെങ്കിൽ ഒരു സ്വയമാനസികകല്പന അത് അവരെ ജനങ്ങളോടുള്ള ഭയത്താലും, അറിയാത്തതിനെക്കുറിച്ചുള്ള ഭയത്താലും, അപകടസാദ്ധ്യത എടുക്കുന്ന ഭയത്താലും ബന്ധിച്ചിരിക്കുന്നു, അല്ലെങ്കിൽ ഒരു സ്വയമാനസികകല്പന അത് അവരെ അപകർഷതാബോധം കൊണ്ടു നിറച്ചിരിക്കുന്നു, അങ്ങനെ മറ്റുപലതും. എന്നാൽ നമ്മൾ ദൈവത്തിന്റെ വചനത്തിൽ ധ്യാനിച്ചു മനസ്സിൽ കാണാൻ തുടങ്ങുമ്പോൾ (അല്ലെങ്കിൽ ഭാവനയിൽ), നമ്മൾ തന്നേ, നമ്മൾ ആരാണെന്ന് ദൈവം പറയുമ്പോൾ, നമ്മുടെ സ്വയമാനസികകല്പന മാറുവാൻ തുടങ്ങുന്നു. അതുപോലെതന്നെ നമ്മുടെ സ്വയമാനസികകല്പന മാത്ര

മല്ല, നമ്മുടെ ജീവിതത്തിന്റെ മുഴുവൻ വീക്ഷണവും നമ്മുടെ ചുറ്റു പാടുമുള്ള പരിതഃസ്ഥിതിയും മാറുവാൻ തുടങ്ങുന്നു.

പഴയനിയമം, സംഖ്യാപുസ്തകം 13-ാം അദ്ധ്യായത്തിൽ സുപരിചിതമായ ഒരു സംഭവം ഉണ്ട്, അത് ഇവിടെ നല്ല ഒരു വിശദീകരണത്തിന് പ്രയോജനപ്പെടുന്നു. കനാൻദേശം അവർക്ക് അവകാശമായി കൊടുക്കാമെന്ന വാഗ്ദത്തത്തിലൂടെ, മിസ്രയീമിലെ അടിമത്തത്തിൽനിന്നും ദൈവം യിസ്രായേൽ ജനത്തെ നയിച്ചു. വാഗ്ദത്ത നാട്ടിൽ പ്രവേശിക്കുന്നതിനുള്ള ഒരുക്കത്തിൽ ദൈവം മോശയോടു നിർദ്ദേശിച്ചു, 12 പേരെ, ഓരോ ഗോത്രത്തിൽനിന്നും ഓരോ നായകനെ, ദേശം ഒറ്റുനോക്കേണ്ടതിനു അയയ്ക്കുവാൻ. ആ 12 പേർ 40 ദിവസം ദേശത്തിലൂടെ അന്വേഷിച്ചു നടന്നു. പിന്നെ അവർ മടങ്ങിവന്നു അവരുടെ വൃത്താന്തമറിയിച്ചു. ദേശം ഫലപുഷ്ടിയുള്ളതാണെന്ന് എല്ലാവരും സമ്മതിച്ചു. എന്നാൽ അവരിൽ പത്തുപേർ ദേശത്തിൽ വസിച്ചിരുന്ന മല്ലന്മാരെ കണ്ടു ഭയപ്പെട്ടു പോയി. അവർ പറഞ്ഞു “ജനങ്ങൾക്കെതിരെ പോകുവാൻ ഞങ്ങൾക്കു കഴിയത്തില്ല കാരണം അവർ നമ്മളെക്കാളും ബലവാന്മാരാകുന്നു. തങ്ങൾ ഒറ്റുനോക്കിയ ദേശത്തെക്കുറിച്ച് അവർ യിസ്രായേൽ മക്കളോട് ദുർവ്വർത്തമാനമായി പറഞ്ഞതെന്തെന്നാൽ: ഞങ്ങൾ സഞ്ചരിച്ച് ഒറ്റുനോക്കിയ ദേശം നിവാസികളെ തിന്നുകളയുന്ന ദേശം ആകുന്നു; ഞങ്ങൾ അവിടെ കണ്ട ജനം ഒക്കെയും അതികായന്മാർ; അവിടെ ഞങ്ങൾ മല്ലന്മാരുടെ സന്തതികളായ അനാക്യമല്ലന്മാരെയും കണ്ടു; ഞങ്ങൾക്കുതന്നെ ഞങ്ങൾ വെട്ടുക്കിളികളെപ്പോലെ തോന്നി; അവരുടെ കാഴ്ചക്കും ഞങ്ങൾ അങ്ങനെതന്നെ ആയിരുന്നു” (സംഖ്യാപുസ്തകം 13:31-33). രണ്ടു പേർ മാത്രം വന്നു അനുകൂലമായ ഒരു വൃത്താന്തമറിയിച്ചു. “നാം ചെന്ന് അത് കൈവശമാക്കുക; അതു ജയിപ്പാൻ നമുക്കു കഴിയും” എന്നു പറഞ്ഞു (സംഖ്യാപുസ്തകം 13:30). ഈ 12 പേരും ഒരേ മല്ലന്മാരെയാണ് കണ്ടത്, എന്നാൽ ഓരോരുത്തരും പ്രതികരിച്ചത് വ്യത്യസ്തമായിട്ടായിരുന്നു. രണ്ടു പേർക്ക് വളരെ ഉറപ്പായിരുന്നു

എന്തുകൊണ്ടെന്നാൽ ദൈവം അവരോടുകൂടെയുണ്ടെന്നുള്ളത് അവർ ഓർത്തു (സംഖ്യാപുസ്തകം 14:6–9). മറ്റെ 10 പേർ അവരുടെ നിഷേധരൂപമായ ഭാവനക്ക് പ്രാധാന്യം കൊടുത്ത് അവരെക്കുറിച്ച് കൂടുതൽ നല്ലത് കാണുവാനിടയായി. അവർ കണ്ടത് അവരുടെ മനസ്സിന്റെ കണ്ണുകൊണ്ടായിരുന്നു, അതാണ് അവരെ ക്ഷീണിപ്പിച്ചത്. മല്ലന്മാരുടെ മുമ്പിൽ അവർ തങ്ങളെത്തന്നെ ചെറിയ വെട്ടുക്കിളിയായി ചിത്രമെടുത്തു. ഇത് ഭയംകൊണ്ട് അവരെ നിറയ്ക്കുകയും ദൈവത്തിലുള്ള അവരുടെ ദൃഢവിശ്വാസം നശിക്കുകയും ചെയ്തു. ദുഃഖകരമെന്നു പറയട്ടെ, അനേകം ക്രിസ്ത്യാനികൾ തങ്ങളുടെ ജീവിതത്തിലെ സന്ദർഭങ്ങളിൽ ഈ 10 മനുഷ്യരെപ്പോലെയാണ്. അവർ തങ്ങളുടെ മനസ്സിന്റെ കണ്ണുകൊണ്ട് കാണുന്നത് - അവരുടെ ഭാവന - വിശ്വാസജീവിതം നയിക്കുന്നതിനും ദൈവത്തിന്റെ ഐശ്വര്യമായ അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിനും അവർക്ക് തടസ്സം വരുത്തുന്നു. എന്നാൽ, ധ്യാനത്തിന്റെ ശിക്ഷണത്തിലൂടെ, നമ്മുടെ ഭാവനയുടെ ഭിത്തികളിൽ നമുക്ക് പുതിയ ചിത്രങ്ങളുടെ ചായം തേയ്ക്കുവാൻ കഴിയും.

ഇത് അവധാനം ചെയ്യാൻ രസകരമാണ്, എന്തെന്നാൽ, തിരുവെഴുത്തിൽ അനേകയിടങ്ങളിൽ, വിശേഷാൽ പഴയനിയമത്തിൽ, നമ്മൾ കാണുന്നതിൽ ദൈവം ഇടപെടുന്നു. പഴയനിയമത്തിൽ ദൈവം തന്റെ ഉടമ്പടിരേഖ ജനങ്ങൾക്ക് കൊടുത്തു, ഒരു അടിയന്തിരനിയമം, അത് പറയുന്നത്, “അതുകൊണ്ട് എന്റെ ഈ വചനങ്ങളെ നിങ്ങളുടെ ഹൃദയത്തിലും മനസ്സിലും വെക്കണം, അവയെ നിങ്ങളുടെ കൈമേൽ അടയാളമായി കെട്ടണം, അവ നിന്റെ കണ്ണുകൾക്ക് മദ്ധ്യേ പട്ടമായിരിക്കണം” (ആവർത്തനപുസ്തകം 11:18; 6:8, പുറപ്പാട് 13:9, 16). ഒരു സ്ഥാനത്ത് ജനങ്ങൾ യഥാർത്ഥമായി ഇത് പ്രവർത്തിക്കുവാൻ തുടങ്ങി, തിരുവെഴുത്തിന്റെ ഭാഗങ്ങൾ അവരുടെ ഇടതുകൈമേൽ കെട്ടിക്കൊണ്ട്, അതുപോലെ അവരുടെ നെറ്റിക്കു ചുറ്റും. ‘സൈൻ’ എന്ന വാക്കിന്റെ ഒരു അർത്ഥം ദൃശ്യമായ വിശദീകരണം എന്നാണ്. ദൈവത്തിന്റെ വചനത്തിന്റെ

ദൃശ്യമായ ഒരു ഓർമ്മിപ്പിക്കൽ തന്റെ ജനത്തിനു വേണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. അതുപോലെ തന്റെ ജനത്തിനു ദൈവം ചെയ്ത കാര്യങ്ങളും. അവർ എന്താണ് കണ്ടത് അതിനെ സ്വാധീനിക്കുവാൻ ദൈവം ആഗ്രഹിച്ചു എന്തുകൊണ്ടെന്നാൽ അവർ എന്താണ് കണ്ടത് അത് അവരുടെ ഓർമ്മശക്തിക്കു പ്രാരംഭമിടും (ഓർമ്മശക്തി = നമ്മുടെ ഭാവനയുടെ കതക്) അത് നമ്മെ കഴിഞ്ഞതിലേക്ക് യാത്രചെയ്യുവാൻ സമ്മതിക്കുന്നു, കർത്താവിന്റെ പ്രവൃത്തികളെ ഓർത്തുനോക്കുന്നതിന്. എന്നാൽ, പുതിയനിയമത്തിൽ അതുപോലെയുള്ള ഒരു പ്രവർത്തനം ഇല്ല, നമ്മൾ വ്യക്തിപരമായി വിചാരിക്കുന്നത്, ദൈവത്തിന്റെ വചനം നമ്മുടെ ഭാവനയുടെ ഭിത്തികളിൽ അച്ചടിക്കണമെന്ന്, അങ്ങനെ നമുക്ക് തുടർച്ചയായി കാണുവാനും ദൈവത്തിന്റെ വിലയേറിയ വാഗ്ദത്തങ്ങളെ ഓർമ്മിപ്പിക്കുവാനും സാധിക്കും. സുപരിചിതമായ ഒരു പഴയനിയമ ഭാഗത്ത് ദൈവം പറയുന്നത് “എന്റെ മകനേ, എന്റെ വചനങ്ങൾക്ക് ശ്രദ്ധ തരിക; എന്റെ മൊഴികൾക്ക് നിന്റെ ചെവി ചായിക്ക. അവ നിന്റെ ദൃഷ്ടിയിൽനിന്ന് മാറിപ്പോകരുത്” (സദൃശവാക്യങ്ങൾ 4:20–21). ഒരു പ്രാവശ്യംകൂടി ഒരു ബോധനം നമ്മൾ കണ്ടുപിടിക്കുന്നു. അത് തുടർച്ചയായി ദൈവത്തിന്റെ വചനം ‘കാണേണ്ടതിന്റെ’ പ്രാധാന്യം നിർവഹിക്കുന്നു. ഒരു അറിവിൽ നാം ഇത് വിശ്വസിക്കുന്നു, നമ്മൾ നിനയ്ക്കുന്നത് ഇത് നിർവഹിക്കുന്നു, മനസ്സിൽ കാണുന്നു, നമ്മുടെ മനസ്സിൽ വരക്കുന്നു.

## കുറ്റസമ്മതം – ദൈവം എന്തുപറഞ്ഞു അത് പറയുന്നത്

“ഈ ന്യായപ്രമാണപുസ്തകത്തിലുള്ളത് നിന്റെ വായിൽനിന്ന് നീങ്ങിപ്പോകരുത്; അതിൽ എഴുതിയിരിക്കുന്നതുപോലെ ഒക്കെയും പ്രമാണിച്ചു നടക്കേണ്ടതിന് നീ രാവും പകലും അത് ധ്യാനിച്ചുകൊണ്ടിരിക്കണം; എന്നാൽ നിന്റെ പ്രവൃത്തി സാധിക്കും; നീ കൃതാർത്ഥനായും ഇരിക്കും” (യോശുവ 1:8).

ഇവിടെ, ദൈവം യോശുവയോട് നിർദ്ദേശിക്കുന്നത് “രാവും പകലും ധ്യാനിക്കുവാനാണ്.” ശ്രദ്ധിക്കുക, ഇങ്ങനെ പറഞ്ഞാണ്

ദൈവം തുടങ്ങിയത്, “ഈ ന്യായപ്രമാണ പുസ്തകത്തിലുള്ളത് നിന്റെ വായിൽനിന്ന് നീങ്ങിപ്പോകരുത്.” വേറെ വാക്കുകളിൽ, ദൈവം യോശുവയോട് പറയുകയായിരുന്നു, ന്യായപ്രമാണപുസ്തകത്തിൽ അടങ്ങിയിരിക്കുന്ന വചനം തുടർച്ചയായി അവന്റെ സംസാരത്തിന്റെ ഒരു ഭാഗമായിരിക്കണമെന്ന്. അതുകൊണ്ട്, ധ്യാനത്തിന്റെ പ്രക്രിയയുടെ ഒരു ഭാഗമായി, തിരുവെഴുത്തിലെ വചനങ്ങൾ “നമ്മുടെ വായിൽ” ഇരിപ്പാൻ നമ്മൾ അനുവദിക്കണം, അതായത് തിരുവെഴുത്തിലെ വചനങ്ങൾ നമ്മൾ സംസാരിക്കണം/ആവർത്തിച്ചു പറയണം/കാണാപ്പാഠം ചൊല്ലണം. നമ്മുടെ പഠനത്തിന്റെ ആദ്യഭാഗത്ത് വിവരിച്ചിരിക്കുന്നതുപോലെ, ഇതായിരുന്നു എബ്രായജനങ്ങളുടെ പ്രവർത്തനം. ധ്യാനത്തിന്റെ സമയത്ത് അവർ സാവകാശമായി തിരുവെഴുത്തിലെ വചനം ഒരു മൃദുവായതും, സംഗീതോപകരണത്തിന്റെ ശബ്ദത്തിലും, കുമ്പിടുമ്പോഴും മുമ്പോട്ടും പുറകോട്ടും ആടുമ്പോഴും, തങ്ങളുടെ ശ്രദ്ധ പതറിക്കുന്ന സംഗതികളെ നിശ്ശേഷം തള്ളിപ്പുറത്താക്കി.

പുതിയ നിയമത്തിൽ “ഏറ്റുപറയുക,” “കുറ്റസമ്മതം” എന്നീ വാക്കുകളെ നമുക്ക് പരിചയപ്പെടുത്തിത്തന്നിരിക്കുന്നു. ക്രിസ്തീയ വിശ്വാസത്തിലെ അതിപ്രധാനമായ രണ്ടു വാക്കുകളാണിവ. രക്ഷ യാഥാർത്ഥ്യമായിത്തീരുന്നത് “നമ്മുടെ വായകൊണ്ട് കർത്താവായ യേശുവിനെ ഏറ്റുപറയുകയും ദൈവം യേശുവിനെ മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേൽപിച്ചു എന്നു ഹൃദയം കൊണ്ടു വിശ്വസിക്കുകയും ചെയ്യുമ്പോൾ” മാത്രം ആണ് (റോമർ 10:9). തുടർന്ന്, നമ്മുടെ പാപങ്ങളെ നമ്മൾ ഏറ്റുപറയുന്നതിനെക്കുറിച്ച് പുതിയ നിയമം നമ്മളെ പഠിപ്പിക്കുന്നുണ്ട് (1 യോഹന്നാൻ 1:9). അതുപോലെ നമ്മുടെ വിശ്വാസം ഏറ്റുപറയുന്നതിനെക്കുറിച്ചും (എബ്രായർ 3:1). ധ്യാനത്തിന്റെ മൂന്നാമത്തെ ഈ പ്രവൃത്തി വിവരിക്കുന്നതിന് ‘ഏറ്റുപറച്ചിൽ’ എന്ന വാക്ക് നമ്മൾ തിരഞ്ഞെടുത്തു എന്തുകൊണ്ടെന്നാൽ, ദൈവം നമുക്ക് നിർദ്ദേശം തന്നപ്പോൾ, ദൈവത്തിന്റെ വചനം ആവർത്തിച്ചു പറയുവാനും, കാണാപ്പാഠം

ചൊല്ലുവാനും സംസാരിക്കുവാനും, ഇതിന്റെ ഫലം, തന്റെ വചനം ഏറ്റുപറയുവാൻ ദൈവം നമ്മെ നിർദ്ദേശിക്കുന്നു. ദൈവം നമ്മോടു പറയുന്നു "അതേ കാര്യം തന്നെ സംസാരിക്കുവാൻ," "ദൈവ ത്തിന്റെ വചനം പറയുന്നത് സംസാരിക്കാൻ," നമ്മുടെ വചനം ദൈവത്തിന്റെ വചനത്തോട് "തുല്യമായിരിക്കുക."

വചനത്തിൽ ധ്യാനിക്കുന്നു എന്ന് നമുക്കു പറയാം, പ്രത്യേകിച്ച് യെശയ്യാവ് 53:4ലും മത്തായി 8:17ലും പറഞ്ഞിരിക്കുന്ന തിരുവെ ഴുത്തിൽ. ഈ വാക്യങ്ങൾ, ക്രിസ്തു കുരിശിൽ കൈമാറ്റം ചെയ്ത പ്രവൃത്തിയിലൂടെ, എങ്ങനെയാണ് നമുക്ക് സൗഖ്യം ഉണ്ടാക്കി ത്തന്നതെന്നുള്ളതിനോട് ബന്ധപ്പെട്ടിരിക്കുന്നു. ഈ വാക്യങ്ങൾ എന്താണ് അർത്ഥമാക്കുന്നതെന്നും എങ്ങനെയാണ് നമ്മുടെ ജീവി തത്തിൽ പ്രയോജനപ്പെടുത്തുന്നുവെന്നും നമ്മൾ **ധ്യാനിക്കുന്നു.** ഈ തിരുവെഴുത്തുകൾ നമ്മുടെ ജീവിതത്തിൽ സത്യം ആണെ ന്നുള്ളത് നമ്മൾ **മനസ്സിൽ കാണുന്നു.** നമ്മൾ 'സങ്കൽപിക്കുക യും,' രോഗത്തിൽനിന്നും സ്വതന്ത്രരായതും, എല്ലാ വേദനയും സൗഖ്യമായതും, നമ്മൾ മുഴുവനായും പൂർണ്ണമായും ആരോഗ്യ മുള്ളവരായതും നമ്മൾ തന്നെ കാണുന്നു. നമ്മുടെ ധ്യാനത്തിന്റെ ഭാഗമായി ഈ വാക്യങ്ങൾ നമ്മൾ **ഏറ്റുപറയുന്നു.** മൃദുവായതും എന്നാൽ കേൾക്കത്തക്കതുമായ സ്വരത്തിൽ നമ്മൾ പറയുന്നു "തീർച്ചയായും യേശു എന്റെ രോഗങ്ങളെ വഹിച്ചു എന്നും എന്റെ വേദനകളെ ചുമന്നു എന്നും." യേശു തന്നെത്താൻ എന്റെ അകൃ ത്യങ്ങളെ എടുത്തു, എന്റെ രോഗങ്ങളെ വഹിച്ചു. ഇത് വീണ്ടും അനേകം പ്രാവശ്യം നമ്മൾ ആവർത്തിച്ചു പറയുന്നു. ഈ തിരു വെഴുത്തുകൾ എന്താണ് അർത്ഥമാക്കുന്നതെന്ന് നമ്മൾ നമ്മളോടു തന്നെ പറയുവാൻ നമ്മൾ ആഗ്രഹിക്കും. എന്റെ സ്വയമായ ധ്യാന ത്തിന്റെ സമയങ്ങളിൽ, ചില സമയങ്ങളിൽ ഞാൻ വചനം എന്നോ ടുതന്നെ സംസാരിക്കും. മറ്റു സമയങ്ങളിൽ, തിരുവെഴുത്തിലെ വചനങ്ങൾ പ്രാർത്ഥനയിൽ ഞാൻ ദൈവത്തോട് ഏറ്റുപറയും. ഉദാഹരണമായി, നമ്മൾ ഈ വചനങ്ങളിൽ ധ്യാനിക്കുമ്പോൾ, നമ്മൾ പ്രാർത്ഥിക്കുകയും പറയുകയും ചെയ്യുന്നു, "പിതാവേ,

അങ്ങയുടെ വചനത്തിനായി ഞാൻ നന്ദി പറയുന്നു. പിതാവേ നന്ദി, ഈ വചനപ്രകാരം, തീർച്ചയായും യേശു എന്റെ രോഗങ്ങളെ വഹിച്ചു, എന്റെ വേദനകളെ ചുമന്നു. യേശു എന്റെ എല്ലാ അകൃത്യങ്ങളെയും എടുത്ത് എന്റെ രോഗങ്ങളെ വഹിച്ചു. പിതാവേ നന്ദി, അതുകൊണ്ട് ഇനിയും എന്റെ ശരീരത്തിൽ രോഗങ്ങളെയും വ്യാധികളെയും വഹിക്കേണ്ട ആവശ്യം ഇല്ല."

ഈ രീതിയിൽ വചനം ധ്യാനിക്കുന്നതുകൊണ്ട് നമ്മുടെ ജീവിതത്തിൽ ഭയങ്കരമായ ഫലം ഉണ്ട്. നമ്മുടെ അകത്തെ മനുഷ്യനിൽ ഇത് ദൈവവചനം ദൃഢമാക്കുന്നു. നമ്മുടെ വിശ്വാസം പണിയപ്പെടുന്നു എന്തുകൊണ്ടെന്നാൽ ദൈവവചനം കേൾക്കുന്നതിലൂടെ വിശ്വാസം വരുന്നു (റോമർ 10:17). ഈ രീതിയിൽ നമ്മൾ വചനം ഏറ്റുപറയുമ്പോൾ, വചനം കേൾക്കുന്നതിന്റെ പ്രയോജനം നമ്മളിൽ ഉണ്ടാകുന്നു. വിശ്വാസപ്രകാരം വചനം ഏറ്റുപറയുന്നത് പരിശീലിക്കുമ്പോൾ അത് തീർച്ചയായും നമ്മുടെ സംസാരരീതിക്ക് മാറ്റം വരുത്തും. എന്നാൽ ദൈവത്തിന്റെ വചനം തുടർച്ചയായി നമ്മുടെ വായിൽ സൂക്ഷിക്കുവാൻ ദൈവം നമ്മെ നിർദ്ദേശിക്കുമ്പോൾ, അത് സൂചിപ്പിക്കുന്നത്, ദൈവത്തിന്റെ വചനത്തോട് എതിർത്തുപറയുന്നത് എന്തുതന്നെ ആയിരുന്നാലും അത് നമ്മൾ സംസാരിക്കുന്നതിന്റെ ഒരു ഭാഗം ആയിരിക്കത്തില്ല.

(ദയവായി കുറിക്കുക: പുതിയ നിയമത്തിൽ ഏറ്റുപറച്ചിലിന്റെ വേറെ അനേകം വശങ്ങളെപ്പറ്റി പഠിപ്പിക്കുന്നുണ്ട്. അത് ഞങ്ങൾ ഇവിടെ എഴുതി അറിയിക്കുന്നില്ല.)

## വചനം നിന്റെ സമീപത്തുണ്ട്

"ഞാൻ ഇന്ന് നിന്നോട് ആജ്ഞാപിക്കുന്ന ഈ കല്പന നിനക്ക് പ്രയാസമുള്ളതല്ല, ദൂരമായുള്ളതുമല്ല. ഞങ്ങൾ കേട്ട് അനുസരിക്കേണ്ടതിന് ആർ സ്വർഗ്ഗത്തിൽ കയറി കൊണ്ടുവന്നു തരും എന്നു പറയത്തക്കവണ്ണം അത് സ്വർഗ്ഗത്തിലല്ല; ഞങ്ങൾ കേട്ട് അനുസരിക്കേണ്ടതിന് ആർ സമുദ്രം കടന്നു കൊണ്ടുവന്നുതരും എന്നു പറയത്തക്കവണ്ണം അത് സമുദ്രത്തിനക്കരെയുമല്ല; നീ അനുസരിപ്പാൻ

തക്കവണ്ണം വചനം നിനക്ക് ഏറ്റവും സമീപത്ത്, നിന്റെ വായിലും നിന്റെ ഹൃദയത്തിലും തന്നേ ഇരിക്കുന്നു" (ആവർത്തനപുസ്തകം 30:11-14).

ദൈവത്തിന്റെ വചനം നമ്മുടെ ഹൃദയത്തിൽ നിക്ഷേപിക്കുവാൻ നാം അദ്ധ്വാനിച്ചിട്ടുണ്ടെങ്കിൽ, വചനം എല്ലായ്പ്പോഴും നമുക്ക് "വളരെ അടുത്തുതന്നെ" ഉണ്ട്. ഹൃദയം ഒരു വലിയ കലവറ പോലെയാണ്, അവിടെ നമുക്ക് ദൈവവചനം സൂക്ഷിച്ചുവെക്കാവുന്നതാണ്. ദൈവവചനത്തിൽ ധ്യാനിപ്പാൻ നമ്മളെത്തന്നെ നാം ശിക്ഷണത്തിൽ ആക്കുമ്പോഴും, ദൈവവചനം നമ്മുടെ ഹൃദയത്തിൽ നിക്ഷേപിക്കുമ്പോഴും, അപ്പോൾ എവിടെയാണെങ്കിലും, ഏതു സമയത്താണെങ്കിലും നമുക്ക് ദൈവവചനത്തോട് ഒരുക്കപ്പെട്ട പ്രവേശനം ഉണ്ട്. നമ്മുടെ വായിലെ വചനത്താൽ, നമ്മുടെ ഹൃദയത്തിൽ നിക്ഷേപിക്കപ്പെട്ട വചനങ്ങളെ നമുക്ക് വലിച്ചെടുക്കുവാൻ സാധിക്കും. അവിടെ നമ്മൾ നിക്ഷേപിച്ചത് നമ്മൾ പുറത്തേക്ക് സംസാരിക്കുന്നു. വചനം നമ്മുടെ വായയെയും ഹൃദയത്തെയും കൈവശപ്പെടുത്തുമ്പോൾ, ഇത് നമുക്ക് "വളരെ അടുത്ത്" ആയിത്തീരുന്നു. ഇത് നമ്മൾ എവിടെ ആയിരുന്നാലും ഏതു സമയത്തായിരുന്നാലും, ദൈവവചനത്തിൽ ധ്യാനിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നു. മാതൃകാപരമായി, ശല്യം ഒന്നും ഇല്ലാത്ത, ശാന്തമായ ഒരു സ്ഥലം ആണ് നമ്മൾ ആഗ്രഹിക്കുന്നത്, അവിടെ ഇരുന്നു വേദപുസ്തകം നമ്മുടെ മുമ്പിൽ തുറന്നുവെച്ചുകൊണ്ട് നമുക്ക് ധ്യാനിക്കുവാൻ കഴിയും. എന്നാൽ, ദൈവവചനം നമ്മുടെ ഹൃദയത്തിൽ നമ്മൾ നിക്ഷേപിച്ചുവച്ചിട്ടുണ്ടെങ്കിൽ, അപ്പോൾ, തിരക്കേറിയ ഒരു വീഥിയിൽക്കൂടി നടക്കുമ്പോഴും പെരുവഴിയിൽക്കൂടെ വാഹനമോടിക്കുമ്പോഴും നമുക്ക് ദൈവവചനത്തിൽ ധ്യാനിക്കുവാൻ കഴിയും. അനേകം അവസരങ്ങളിൽ, ഞാൻ കിടന്നപ്പോഴും, കടകളുള്ള പൊതുനിരത്തിൽക്കൂടി നടന്നപ്പോഴും, വാഹനമോടിച്ചു ജോലിക്കു പോയപ്പോഴും, ഞാൻ ദൈവവചനത്തിൽ ധ്യാനിച്ചിരുന്നു. തിരുവെഴുത്തിലെ ഒരു പ്രധാനഭാഗത്ത് ഞാൻ എന്റെ ശ്രദ്ധ കേന്ദ്രീകരിച്ചു, ഒരു പക്ഷെ അനേകം തിരുവെഴുത്തുകളിൽ, അല്ലെ

ങ്കിൽ തിരുവെഴുത്തിൽ ആശയം പകർന്നിരിക്കുന്ന ഒരു പ്രത്യേക ചിന്താവിഷയത്തിൽ. ഞാൻ ധ്യാനിക്കുന്ന സമയത്ത് ഏതെങ്കിലും ചേർച്ചയുള്ള, മൂന്നിലുമുള്ള ഒരു വീക്ഷണം - ചിന്തനം, മനസ്സിൽ കാണൽ, ഏറ്റുപറച്ചിൽ - ഞാൻ ഉപയോഗിക്കുന്നു.

## ധ്യാനത്തിങ്കൽ വേദപുസ്തകപരമായ ഉദ്ദേശ്യം

“ദൈവമേ നീ എന്റെ ദൈവം; അതികാലത്തേ ഞാൻ നിന്നെ അന്വേഷിക്കും; വെള്ളമില്ലാതെ ഉണങ്ങിവരണ്ട ദേശത്ത് എന്റെ ഉള്ളം നിനക്കായി ദാഹിക്കുന്നു; എന്റെ ദേഹം നിനക്കായി കാംക്ഷിക്കുന്നു. അങ്ങനെ നിന്റെ ബലവും മഹത്വവും കാണേണ്ടതിനു ഞാൻ വിശുദ്ധമന്ദിരത്തിൽ നിന്നെ നോക്കിയിരിക്കുന്നു. നിന്റെ ദയ ജീവനെക്കാൾ നല്ലതാകുന്നു; എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും. എന്റെ ജീവകാലം ഒക്കെയും ഞാൻ അങ്ങനെ നിന്നെ വാഴ്ത്തും; നിന്റെ നാമത്തിൽ ഞാൻ എന്റെ കൈകളെ മലർത്തും. എന്റെ കിടക്കയിൽ നിന്നെ ഓർക്കയും ഞാൻ രാത്രിയാമങ്ങളിൽ നിന്നെ ധ്യാനിക്കയും ചെയ്യുമ്പോൾ എന്റെ പ്രാണനു മജ്ജയും മേദസ്സും കൊണ്ടെന്നപോലെ തൃപ്തി വരുന്നു; എന്റെ വായ് സന്തോഷമുള്ള അധരങ്ങളാൽ നിന്നെ സ്തുതിക്കുന്നു” (സങ്കീർത്തനങ്ങൾ 63:1–6).

തിരുവെഴുത്തുപ്രകാരമുള്ള ധ്യാനം ഒന്നാമതായി ദൈവവുമായിട്ടുള്ള ഒരു അടുത്ത ആശയവിനിമയത്തിന്റെ സമയമാണ്. സങ്കീർത്തനക്കാരൻ, മുകളിൽ കൊടുത്തിരിക്കുന്ന പുസ്തകഭാഗത്ത് പ്രകാശിപ്പിച്ചിരിക്കുന്നത് അവന്റെ ദൈവത്തിനുവേണ്ടിയുള്ള തീക്ഷ്ണമായ ആഗ്രഹത്തെയാണ്. ദൈവത്തിനുവേണ്ടിയുള്ള അവന്റെ ആഗ്രഹം ദൈവത്തെ അഭയസ്ഥാനത്തിൽ അന്വേഷിക്കുന്നതിന് അവനെ ഉണർന്നു പ്രവർത്തിക്കുമാറാക്കുകയും ദൈവത്തെ ഉയർത്തിയ കൈകളോടും സന്തോഷമുള്ള അധരത്തോടുംകൂടെ സ്തുതിക്കുവാൻ അവനെ പ്രചോദിപ്പിച്ചു. ദൈവത്തിൽ ധ്യാനിക്കുന്നതിനു രാത്രിയുടെ ഏകാന്തതയിൽ ഇത് അവനെ ഉണർന്നു പ്രവർത്തിക്കുമാറാക്കി. ഇതുപോലെതന്നെ

ദൈവത്തോട് അടുത്ത സ്നേഹബന്ധത്തിനുവേണ്ടി നമ്മുടെ ഹൃദയത്തിൽനിന്നുമുള്ള തീക്ഷ്ണമായ ആഗ്രഹം, നമ്മുടെ വിചാരങ്ങളെയും സംസാരങ്ങളെയും ദൈവത്തിൽ കേന്ദ്രീകരിക്കുവാൻ നമ്മൾ അനുവദിക്കുന്നു. വചനത്തിൽ നമ്മൾ ആഴമായി ധ്യാനിക്കുവാൻ തുടങ്ങുമ്പോൾ, നമ്മുടെ ബുദ്ധിശക്തിക്കനുസരിച്ച് വചനത്തെ കേവലം വിശകലനം ചെയ്യുന്നതിൽനിന്നു നമ്മൾ ദൂരെ മാറിപ്പോകുകയും ദൈവവുമായിട്ട് ആശയവിനിമയം നടത്തുന്ന സമയത്തേക്ക് അടുത്തുവരുകയും ചെയ്യും. വചനം "ആത്മാവും ജീവനും," "ചൈതന്യമുള്ളതും ഊർജ്ജസ്വലമായതും" ആയിത്തീരുന്നു. ഇത്, ഈ സമയത്ത് ദൈവം നമ്മളോട് നേരിട്ട് സംസാരിക്കുന്ന വചനമായിത്തീരുന്നു. ഇത് ഒരു സമയമായിത്തീരുന്നു, അവിടെ ദൈവം നമ്മുടെയുള്ളിൽ ആഴമായി ഒരു പ്രവൃത്തി ചെയ്യുന്നു, ദൈവത്തിന്റെ ഊർജ്ജസ്വലമായ വചനത്തിലൂടെ നമ്മുടെയുള്ളിൽ മാറ്റമുണ്ടാക്കുന്നു. ഈ സമയത്ത്, ദൈവം നമ്മളുടെ ഹൃദയങ്ങളിൽ ചെയ്യുന്നതും സംസാരിക്കുന്നതുമായതെല്ലാം, അതിന് ഉത്തരം പറയുവാൻ നമുക്ക് സാധിക്കും. ദൈവത്തിന്റെ വചനത്തിന്റെ അടിസ്ഥാനത്തിൽ ദൈവത്തിലും ദൈവത്തോടും നമുക്ക് അനുതാപവും, വിശ്വാസവും, സന്തോഷവും, സ്തുതിയും, കൃതജ്ഞതയും പ്രകടിപ്പിക്കുവാൻ കഴിയും. ഒന്നുകിൽ ഉള്ളിൽനിന്നുമുള്ള ആഴമായ പ്രാർത്ഥനയിലൂടെയും, അല്ലെങ്കിൽ പതുക്കെ പറയുന്ന വാക്കുകളിലൂടെയും, അല്ലെങ്കിൽ ശക്തമായ, സത്യം ചെയ്തു പറയുന്ന ഏറ്റുപറച്ചിലിലൂടെയും, നമ്മൾ, നമ്മളുടെ ചിന്തകളും, ശക്തിമത്തായി വികാരം കൊള്ളുന്നതും, ആഗ്രഹങ്ങളും, കുറ്റംചുമത്തലും ദൈവത്തിന് ഏല്പിച്ചുകൊടുക്കുന്നു. മാധുര്യമേറിയ ആശയവിനിമയത്തിന്റെ സമയമാണ് ഇത്.

## ധ്യാനത്തിന്റെ പ്രയോജനം

"ഞങ്ങൾ ജഡത്തിൽ സഞ്ചരിക്കുന്നവർ എങ്കിലും ജഡപ്രകാരം പോരാടുന്നില്ല. ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡികങ്ങൾ അല്ല, കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവ

തന്നേ. അവയാൽ ഞങ്ങൾ സങ്കല്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിനു വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചുകളഞ്ഞു, ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായിട്ടു പിടിച്ചടക്കി" (2 കൊരിന്ത്യർ 10:3-5).

ഒരു നല്ല ശതമാനം വെല്ലുവിളി ക്രിസ്ത്യാനികളോട് പോരാടിക്കൊണ്ടിരിക്കുന്നതാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഇവയെല്ലാം, "കോട്ടകളും" "തർക്കങ്ങളും," "ദൈവത്തിന്റെ പരിജ്ഞാനത്തിന് വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും," "ഏതു വിചാരവും" ആണ്. ഇവ ഓരോന്നിനെപ്പറ്റിയും വിശദീകരിക്കുവാൻ ഞങ്ങൾ ശ്രമിക്കുന്നില്ലെങ്കിലും, ഞങ്ങൾ ഇവിടെ അഭിപ്രായപ്പെടുവാൻ ആഗ്രഹിക്കുന്നത്, ഈ സംഘട്ടനത്തിന്റെ എല്ലാ പ്രദേശവും, ക്രിസ്ത്യാനികളുടെ മനസ്സിന്റെ പരിസരപ്രദേശത്തുള്ള സംഗതികളെക്കുറിച്ചാണ്. ക്രിസ്ത്യാനിയുടെ മനസ്സ് ഒരു യുദ്ധക്കളം ആണ്. വിജയകരമായ ഒരു യുദ്ധം നടത്തുന്നതിന് ദൈവം നമുക്ക് ആയുധങ്ങൾ തന്നിട്ടുണ്ട്, ഈ സംഘട്ടനത്തിന്റെ ഓരോ പ്രദേശത്തും വിജയം അനുഭവമാക്കുവാൻ നമുക്ക് കഴിയും. എന്നാൽ വിഷമപ്രശ്നം ഇതാണ്, വിശ്വാസത്തിൽ ജനിച്ച അനേകം മനുഷ്യരും കോട്ടകളും, സങ്കല്പങ്ങളും, വിവാദങ്ങളും, ദൈവത്തിന്റെ പരിജ്ഞാനത്തിന് വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചകളും (എഴുതപ്പെട്ട ദൈവവചനത്തിൽ ഇത് നമുക്ക് നല്കപ്പെട്ടിരിക്കുന്നു), ഇവയിൽതന്നേ വീണ്ടും തുടർന്നുകൊണ്ടിരിക്കുന്നു. തൽഫലമായി അനേകരും തോൽവിയിലും അവരുടെ ജീവിതത്തിലെ പല പ്രദേശങ്ങളിലും അടിമത്തത്തിലും തുടർന്നുകൊണ്ടിരിക്കുന്നു.

വചനത്തിൽ ഉള്ള ധ്യാനം, ഒരു ക്രിസ്ത്യാനിയെ അഭിമുഖീകരിക്കുന്ന പല തരത്തിലുള്ള വെല്ലുവിളികളെയെല്ലാം ശമിപ്പിക്കുവാനുള്ളതല്ല എന്നിരുന്നാലും, ഇത് വളരെ പ്രധാനപ്പെട്ട ഒരു ശിക്ഷണം ആണ്, ക്രിസ്ത്യാനിയുടെ മനസ്സിലെ, മുകളിൽ കൊടുത്തിരിക്കുന്ന എല്ലാ പോരാട്ടങ്ങളുടെയും പ്രദേശങ്ങളെ കൈകാര്യം ചെയ്യുന്നതിന് നമ്മളെ സഹായിക്കുന്നു. വചനത്തിലെ ധ്യാനം

ശിക്ഷണപരമായ പരിശീലനത്തോടുകൂടിയതാണെങ്കിൽ അതിലൂടെ കോട്ടകളെ “ഇടിച്ചുതകർക്കാൻ” കഴിയും. ദൈവവചനത്തിൽ ധ്യാനിക്കുന്നതായ ഒരു വ്യക്തിക്കു സങ്കല്പശക്തികളും, യുക്തിവിചാരങ്ങളും, ചിന്തകളും, അടിമയാക്കപ്പെട്ടതും, ദൈവത്തിന്റെ പരിജ്ഞാനത്തിലേക്ക് കൊണ്ടുവരാൻ എളുപ്പമാണെന്ന് കണ്ടുപിടിക്കുവാൻ കഴിയും (ദൈവവചനം).

വിശ്വാസപ്രകാരം നടത്തുന്ന വചനധ്യാനം, പുതുക്കപ്പെട്ട മനസ്സിനും, പുതുക്കപ്പെട്ട സംസാരത്തിനും പുതുക്കപ്പെട്ട വിശ്വാസത്തിനും ഫലം തരുന്നു. നമ്മുടെ ചിന്തയുടെ രീതികൾ, നമ്മുടെ സ്വയരൂപകല്പന, നമ്മുടെ സ്വയമതിപ്പ്, നമ്മുടെ ശിരോവസ്ത്രം, ഇവയെല്ലാം നമ്മുടെ മനസ്സിന്റെ അവസ്ഥയെ ആശ്രയിച്ചിരിക്കുന്നത്, മാറുവാൻ തുടങ്ങും. നമ്മുടെ ജീവിതത്തെപ്പറ്റിയും ഭാവിയെപ്പറ്റിയും നമ്മൾ ഉറപ്പുള്ളവരും ആത്മവിശ്വാസമുള്ളവരും പ്രത്യാശയുള്ളവരും ആയിത്തീരും. ദർശനം ഇല്ലാത്ത ഒരുകൂട്ടം ആളുകളെപ്പോലെ നമ്മൾ ഉയർത്തപ്പെടും. ആത്മവിശ്വാസവും ആക്രമണസ്വഭാവമുള്ള സ്വപ്നം കാണുന്നവരെപ്പോലെ. നമ്മൾ പുതുക്കപ്പെട്ട ഒരു ശബ്ദകോശത്തോടെ സംസാരിക്കുവാൻ തുടങ്ങും. ദാരിദ്ര്യം, തോൽവി, സ്വയഅലിവ് എന്നിവയെക്കുറിച്ചുള്ള സംഭാഷണത്തിൽ കുതിച്ചുചാടുന്നതിന് പകരം നമ്മൾ ദൈവത്തിലുള്ള ആഴമായ വിശ്വാസത്തെക്കുറിച്ച് സംസാരിക്കുന്നു. ധ്യാനത്തിലൂടെ തുടർച്ചയായി വചനം നമ്മുടെ ഹൃദയങ്ങളിൽ വിതക്കപ്പെടുകയും നനയ്ക്കപ്പെടുകയും ചെയ്യുമ്പോൾ, നമ്മളിൽ ആവേശകരമായ ദൈവത്തിലുള്ള വിശ്വാസം ഉത്പാദിപ്പിക്കപ്പെടുന്നു.

## ധ്യാനത്തിന്റെ ഫലങ്ങൾ

“ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നിൽക്കാതെയും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച് അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ. അവൻ ആറ്റരികത്ത് നട്ടിരിക്കുന്നതും തക്കകാലത്ത് ഫലം

കായ്ക്കുന്നതും ഇല വാടാത്തതുമായ വൃക്ഷം പോലെ ഇരിക്കും; അവൻ ചെയ്യുന്നതൊക്കെയും സാധിക്കും" (സങ്കീർത്തനങ്ങൾ 1:1-3).

ദൈവത്തിന്റെ വചനം അത്ഭുതത്തിന്റെ വിത്താകുന്നു. ഇതിന് ഉല്പാദിപ്പിക്കുവാനുള്ള സമർത്ഥമായ ശക്തിയുണ്ട്. വചനത്തിലെ വിത്ത് നമ്മുടെ ഹൃദയങ്ങളിൽ വിതക്കപ്പെടുമ്പോൾ ദൈവത്തിന്റെ നല്ല സന്തോഷം നമ്മുടെ ജീവിതങ്ങളിൽ പൂർത്തിയാക്കപ്പെടുന്നു. ധ്യാനത്തിന്റെ പ്രക്രിയയിലൂടെയാണ് ദൈവത്തിന്റെ വചനത്തിലെ വിത്ത് നമ്മുടെ ഹൃദയങ്ങളിൽ വിതക്കപ്പെടുന്നതും പരിപാലിക്കപ്പെടുന്നതും. വിത്ത് മുളക്കുകയും അതിന്റെ തക്കസമയത്ത് ഫലം ഉല്പാദിപ്പിക്കുകയും ചെയ്യും. വിശ്വാസപ്രകാരം നടക്കുന്ന ധ്യാനത്തിന്റെ പരിശീലനം, അതുകൊണ്ട്, ദൈവത്തിന്റെ വാഗ്ദത്തങ്ങൾ സത്യമായി പ്രകടിപ്പിക്കുന്നതിന്റെ പ്രക്രിയയ്ക്കുള്ള, പ്രധാനപ്പെട്ട ഒരു കൊളുത്താണിത്.

ദൈവത്തിന്റെ വചനത്തിന് നമ്മുടെ ജീവിതങ്ങളിൽ ഉല്പാദിപ്പിക്കുവാൻ കഴിയുന്ന കുറച്ചു ഫലങ്ങളെ പരിഗണിക്കുക. വചനം കെടാത്ത ബീജമാകുന്നു, അതും ആത്മാവിന്റെ പ്രവൃത്തിയും കൂടിചേർന്നു നമ്മുടെ ജീവിതങ്ങളിൽ വീണ്ടും ജനനത്തിനു കാരണമാകുന്നു (1 പത്രൊസ് 1:23). വചനം മരുന്നുപോലെയാണ്, നമ്മുടെ ശരീരത്തിലെ എല്ലാ ഭാഗങ്ങളെയും സൗഖ്യമാക്കുവാൻ അതിനു കഴിയും (സദൃശവാക്യങ്ങൾ 4:20-22; സങ്കീർത്തനങ്ങൾ 107:20). ദൈവത്തിന്റെ വചനത്തിന്റെ പ്രവേശനം, ഉൾക്കാഴ്ചയും, വിവേകവും, ജ്ഞാനവും കൊണ്ടുവരുന്നു (സങ്കീർത്തനങ്ങൾ 119:98-100, 130). വചനം അഭിവൃദ്ധിക്കും വിജയത്തിനും കാരണമാകുന്നു (യോശുവ 1:8; സങ്കീർത്തനങ്ങൾ 1:3). വചനം ആത്മീയവളർച്ചക്കും പക്വതക്കും കാരണമാകുന്നു (അപ്പൊ. പ്ര. 20:32). ദൈവം തന്റെ വചനത്തിലൂടെ അനേകം അനുഗ്രഹങ്ങൾ നമുക്ക് തന്നിട്ടുണ്ട്. വചനത്തിലെ ധ്യാനത്തിലൂടെ ഈ വിത്തുകൾ നമ്മൾ വിതക്കുകയും പരിപാലിക്കുകയും ചെയ്യുകയാണെങ്കിൽ ഇവയെല്ലാം നമ്മുടെ ജീവിതങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുവാൻ കഴിയും.

ദൈവികമായ ഒരു ജീവിതം ജീവിക്കുന്ന ഒരു മനുഷ്യൻ, വിശ്വാസപ്രകാരം ദൈവവചനത്തിൽ ധ്യാനിച്ചാൽ അവൻ ആറ്ററികത്ത് നട്ടിരിക്കുന്ന വൃക്ഷം പോലെയിരിക്കും. അവന്റെ വേര് ഘടിപ്പിച്ചിരിക്കുന്നത് തുടർച്ചയായി എത്തിച്ചുകൊടുത്തുകൊണ്ടിരിക്കുന്ന പോഷകാഹാരത്തിലേക്കും ഉന്മേഷദായകത്വത്തിലേക്കുമാണ്. ഇതാണ് സംഭവിക്കുന്നത്, നമ്മൾ വിശ്വാസപ്രകാരം വചനത്തിൽ ധ്യാനിക്കുമ്പോൾ. അവസാനമില്ലാത്ത പോഷകാഹാരവും ഉന്മേഷദായകവും എത്തിച്ചുകൊടുക്കുന്നതിലൂടെ നമ്മുടെ ആത്മാവിന്റെ "വേരുകൾ" അനുഗ്രഹിക്കപ്പെടുന്നു. നമ്മുടെ ജീവിതം ഫലപുഷ്ടിയുള്ളതും ഉല്പാദനശക്തിയുള്ളതുമായിത്തീരുന്നു.

## ധ്യാനത്തിന്റെ ശിക്ഷണം വികസിപ്പിക്കുന്നത്

### ഓരോ ദിവസവുമുള്ള ശിക്ഷണം

"നിന്റെ ന്യായപ്രമാണം എനിക്ക് എത്രയോ പ്രിയം; ഇടവിടാതെ അത് എന്റെ ധ്യാനമാകുന്നു" (സങ്കീർത്തനങ്ങൾ 119:97).

ദിവസവും ദൈവത്തിന്റെ വചനത്തിൽ ധ്യാനിക്കുന്ന ശിക്ഷണം വികസിപ്പിക്കുവാൻ ഞങ്ങൾ നിങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. ഇത് ഒരു ശീലമായിരിക്കട്ടെ, ഒരു ദൈവികശീലമായാൽപ്പോലും. വചനത്തിൽ ധ്യാനിക്കുന്നത് ഒരു ശിക്ഷണം ആണ്, ഇത് അർത്ഥമാക്കുന്നത്, ഇങ്ങനെ ചെയ്യുവാൻ നമുക്ക് തോന്നാത്ത സമയത്തുപോലും നമ്മൾ ഇത് ചെയ്യുന്നു അല്ലെങ്കിൽ ഇത് ചെയ്യുവാൻ നമുക്ക് വളരെ തിരക്കാണെന്നു തോന്നുമ്പോൾ പോലും; വേറൊരു വശത്ത്, നിർമ്മലമായ ദൈവവചനപ്രമോദത്തിൽ നമ്മൾ ഇത് ചെയ്യണം. നമ്മൾ ദൈവത്തെ സ്നേഹിക്കുന്നു, അതുകൊണ്ട് അവന്റെ വചനം നമ്മൾ പരിപോഷിപ്പിക്കുന്നു. ഇത് സമയങ്ങളിലേക്ക് നമ്മളെ നീക്കുന്നു, അവിടെ നമ്മൾ ദൈവവചനത്തിന് ധ്യാനത്തിലൂടെ, വിഭജിക്കാൻ പാടില്ലാത്ത ശ്രദ്ധ കൊടുക്കുന്നു.

## പ്രത്യേക ആവശ്യത്തിന്റെ സമയങ്ങളിൽ

“പ്രഭുക്കന്മാരും ഇരുന്ന് എനിക്ക് വിരോധമായി സംഭാഷിക്കുന്നു; എങ്കിലും അടിയൻ നിന്റെ ചട്ടങ്ങളെ ധ്യാനിക്കുന്നു. നിന്റെ സാക്ഷ്യങ്ങൾ എന്റെ പ്രമോദവും എന്റെ ആലോചനക്കാരും ആകുന്നു. അഹങ്കാരികൾ എന്നെ വെറുതെ മറിച്ചിട്ടിരിക്കയാൽ ലജ്ജിച്ചുപോകട്ടെ; ഞാനോ നിന്റെ കല്പനകളെ ധ്യാനിക്കുന്നു” (സങ്കീർത്തനങ്ങൾ 119:23-24, 78).

ഞാൻ അഭിമുഖീകരിക്കപ്പെടേണ്ടി വന്നിട്ടുള്ള പല തരത്തിലുള്ള പോരാട്ടങ്ങളും, വെല്ലുവിളികളും, ചോദ്യങ്ങളും, അസ്വസ്ഥതകളും എന്റെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്, തുടർന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇങ്ങനെയുള്ള സമയങ്ങളിൽ, ആത്മാവിൽ പ്രാർത്ഥിക്കുന്നതുകൂടാതെ ആ സമയത്തെ പ്രത്യേക കാരണങ്ങളെ കാണിക്കുന്ന തിരുവെഴുത്തുകളെ ഞാൻ ധ്യാനിക്കുവാൻ ശ്രമിക്കുമായിരുന്നു. എന്റെ മനസ്സു ചോദ്യങ്ങളെക്കൊണ്ടും തീർച്ചയല്ലാത്ത കാര്യങ്ങളെക്കൊണ്ടും സമ്മിശ്രമാകുമായിരുന്നു. ആ വിഷയത്തെക്കുറിച്ച്, ദൈവത്തിന്റെ വിചാരങ്ങൾ വെളിപ്പെടുത്തിയിരിക്കുന്ന തിരുവെഴുത്തിലേക്ക് ഞാൻ പോകുമായിരുന്നു. ഞാൻ അവയിൽ ധ്യാനിക്കുമായിരുന്നു. ഇത് എന്റെ ഹൃദയത്തിൽ സമാധാനവും, ശാന്തിയും, ഉറപ്പുനൽകലും കൊണ്ടുവരുമായിരുന്നു. വേറെ സമയങ്ങളിൽ, ഞാൻ പ്രത്യേകമായ ഒരു വെല്ലുവിളി നേരിടുന്നുണ്ടായിരിക്കാം, അപ്പോൾ കർത്താവിൽനിന്നും വിശേഷമായ ശക്തിയും പ്രോത്സാഹനവും എനിക്ക് ആവശ്യമാണെന്ന് അറിയാം. അങ്ങനെയുള്ള സമയങ്ങളിൽ ഞാൻ വീണ്ടും തിരുവെഴുത്തിലേക്ക് തിരിയും, ആ സന്ദർഭത്തിന് അനുയോജ്യമായതിലേക്ക്, എന്നിട്ട് ഞാൻ അതിൽ ധ്യാനിക്കും. തിരുവെഴുത്തുകൾ ദൃഢവിശ്വാസത്തിന്റെയും ശക്തിയുടെയും ഉറവിടം ആയിത്തീരുന്നു. ഈ അനുഗ്രഹങ്ങൾ നമുക്കെല്ലാവർക്കും പ്രയോജനപ്പെടുത്തുവാൻ കഴിയും.

## പ്രയോജനാപേക്ഷാപൂർവ്വകമായ ഒരു അഭ്യാസം

"തിരുവചനം ധ്യാനിക്കേണ്ടതിന് എന്റെ കണ്ണ് യാമങ്ങളെ നോക്കിക്കൊണ്ടിരിക്കുന്നു" (സങ്കീർത്തനങ്ങൾ 119:148).

വചനത്തിൽ ധ്യാനിക്കുന്നത് അർത്ഥമില്ലാത്ത ഒരു അഭ്യാസം അല്ല, അതുമല്ല, ആഴമേറിയ ആത്മീയത മാത്രവും അല്ല. ഇത് നമുക്കെല്ലാവർക്കും പരിശീലിക്കുവാനുള്ളതാണ്. ഒരു ലോകത്തിൽ (ക്രിസ്തീയ ലോകത്തിൽ പോലും) കൂടുതൽ ഇഷ്ടപ്പെടുന്നത്, പെട്ടെന്നു ദൃഢമായി ഉറപ്പിക്കുന്നതും, തൽക്ഷണമുണ്ടാകുന്ന അതിശയങ്ങളും അങ്ങനെ മറ്റു പലതും, ഒരു വികസിപ്പിക്കുന്ന ആത്മീയ ശിക്ഷണത്തിന്റെ വിഷയം, ജനഹിതമായിട്ടുള്ള ഒന്നായിരിക്കയില്ല. നമ്മൾ, എന്തുകൊണ്ടെന്നാൽ, ആത്മീയകാര്യങ്ങളിൽ, നമ്മളെത്തന്നെ പ്രോത്സാഹിപ്പിക്കുവാൻ അഭ്യസിക്കുന്നു (1 തിമൊഥെയൊസ് 4:7). അഭ്യാസം ഒരു ശിക്ഷണം ആണ്. ചില സമയങ്ങളിൽ, ശിക്ഷണം (സ്വയശിക്ഷണം) എളുപ്പമുള്ള ഒരു സംഗതി ആയിരിക്കുകയില്ല. ചില സമർപ്പണം പോലും ആവശ്യമാണ്. എന്നാൽ ശിക്ഷണത്തിന്റെ പ്രതിഫലം വളരെ വിലയേറിയതും നിലനിൽക്കുന്നതുമാണ്. ചിലപ്പോൾ നിങ്ങൾ വചനത്തിൽ ധ്യാനിച്ചു സന്തോഷിച്ചു, അങ്ങനെ ചെയ്യുന്നതുകൊണ്ട്, വിലയേറിയ പ്രതിഫലം കൊയ്തെടുക്കുന്നവരായിരിക്കാം.

# ബൈബിൾ കോളേജ്

എല്ലാ ജനങ്ങളുടെയും സഭ, ബൈബിൾ കോളേജ്, പൗരോഹിത്യ പരിശീലന കേന്ദ്രം ഇവ ആരംഭിച്ചത് 2005 ആഗസ്റ്റുമാസത്തിലാണ്. വിശ്വസ്തരും കഴിവും ഉള്ള പുരുഷന്മാരെയും സ്ത്രീകളെയും പരിശീലിപ്പിച്ചു ഒരുക്കി ഇൻഡ്യയുടെ പല ഭാഗങ്ങളിലേക്കും ലോകത്തിലെ മറ്റു രാജ്യങ്ങളിലേക്കും അയയ്ക്കുക എന്നതാണ് ബൈബിൾ കോളേജിന്റെ ചുമതല. അതുപോലെ യേശുക്രിസ്തുവിനുവേണ്ടി ഗ്രാമങ്ങളിലും പട്ടണങ്ങളിലും നഗരങ്ങളിലും രാജ്യങ്ങളിലും സ്വാധീനം വരുത്തുവാനും.

**2 പരിപാടികൾ ആണ് ഇവിടെ നടത്തുന്നത്.**

→ രണ്ടുവർഷത്തെ ബൈബിൾ കോളേജ് പരിപാടി കുട്ടികൾക്കു മുഴുവൻ സമയവും. പൗരോഹിത്യ ശുശ്രൂഷയ്ക്കായി സർവ്വകലാശാല സംബന്ധമായി മേന്മയോടുകൂടി ആത്മീകമായും പ്രവർത്തനപരമായും പരിശീലനം നൽകപ്പെടുന്നു. പഠനം പൂർത്തിയാക്കുന്ന കുട്ടികൾക്ക് തിയോളജിയിലും ക്രിസ്ത്യൻ മിനിസ്ട്രിയിലും ഡിപ്ലോമ ലഭിക്കുന്നു.

→ ബൈബിൾ കോളേജിലെ പഠിത്തം പൂർത്തിയാക്കിയവർ ആഗ്രഹിക്കുന്നുവെങ്കിൽ അവർക്കു പ്രവർത്തനപരമായ പരിശീലനം കൊടുക്കുന്നു. ഒരു വർഷമോ രണ്ടു വർഷമോ പരിശീലനം ലഭിച്ചവർക്ക് പ്രവർത്തനപരമായ പരിശീലനത്തിന്റെ സർട്ടിഫിക്കറ്റു കൊടുക്കുന്നു. എത്ര നാളാണ് പരിശീലനം ലഭിച്ചു എന്നുള്ളത് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നു.

ഇംഗ്ലീഷിലാണ് ക്ലാസ്സുകൾ നടത്തുന്നത്. ദൈവവചനത്തിൽ നല്ല പരിശീലനം നേടിയവരും അഭിഷിക്തരുമായ അദ്ധ്യാപകരാണ് കോളേജിലുള്ളത്. കോളേജിലെ എല്ലാ അദ്ധ്യാപകരുടെയും കുട്ടികളുടെയും ഉപയോഗത്തിനായി ഏ.പി.സി. സ്റ്റഡി സെന്ററും ലൈബ്രറിയും ഉണ്ട്.

# പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് ജനനം കൊടുക്കുന്നത്

നിങ്ങളെ വിളിക്കുന്നതിൽ വിട്ടു വീഴ്ച ചെയ്യരുതു

സത്യസന്ധത

എല്ലാ ഉദ്ദേശ്യത്തിനും ഒരു സമയം

നിങ്ങളുടെ ജീവിതത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റുന്നതു

ഉണർവ്വ് ഒരു സഭ ഉണർവിൽ

സ്വർഗ്ഗം സത്യമായും വിളിക്കപ്പെട്ട സ്ഥലം

ജോലിയെക്കുറിച്ചു വേദപുസ്തകപരമായ നിലപാട്

വ്യക്തിപരമായും തലമുറയായും ഉള്ള അടിമത്തങ്ങൾ വേർപ്പെടുത്തുന്നത്

മാറ്റം

ദൈവസാന്നിദ്ധ്യം

ദൈവത്തിന്റെ വചനം

നമ്മൾ പ്രത്യേകമായവരാണ്

പ്രത്യാശ നഷ്ടപ്പെടുത്തരുത്

ശുദ്ധീകരിക്കുന്നവന്റെ തീ

ദൈവരാജ്യം

തുറന്ന സ്വർഗ്ഗങ്ങൾ

വിശുദ്ധന്മാരെ ഒരുക്കുന്നത്

ചുമതലപ്പെടുത്തലിന്റെ ശക്തി

# എല്ലാ ജനങ്ങളുടെയും സഭയെക്കുറിച്ച്

ബാംഗ്ലൂർ നഗരത്തിൽ ഉപ്പായും വെളിച്ചമായും ഇരിക്കുവാനും ഇൻഡ്യാരാജ്യത്തിലും ലോകത്തിലെ എല്ലാ രാജ്യങ്ങളിലും ശബ്ദ മായിരിക്കുവാനുമാണ് എല്ലാ ജനങ്ങളുടെയും സഭയുടെ ദർശനം.

പരിശുദ്ധാത്മാവിന്റെ പൂർണ്ണ അഭിഷേകത്തിലും പൂർണ്ണ നട ത്തിപ്പിലും സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കുവാനും പ്രബോധിപ്പിക്കുവാനും പഠിപ്പിക്കുവാനും ഉപദേശിക്കുവാനുമാണ് സഭ ചുമതലപ്പെട്ടിരിക്കുന്നത്. ശക്തിയോടും പരിശുദ്ധാത്മാവോടും ബഹുനിശ്ചയത്തോടും സത്യവചനത്തെ പ്രസംഗിക്കുന്നതിന് തുല്യമായി വേറെ യാതൊന്നും ഇന്നത്തെ ആധുനിക യുഗത്തിൽ ഇല്ലെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത് (1 തെസ്സലൊനികൃർ 1:5) ഞങ്ങളുടെ ചിന്താവിഷയം യേശുവാണ്. ഞങ്ങളുടെ സന്തുഷ്ടി ദൈവവചനമാണ്. ഞങ്ങളുടെ പ്രമാണം പരിശുദ്ധാത്മ ശക്തി യാണ്. ഞങ്ങളുടെ ശക്തിമത്തായ വികാരം ജനങ്ങളാണ്. ഞങ്ങ ളുടെ ലക്ഷ്യം ക്രിസ്തുവിനെപ്പോലെയുള്ള പക്വതയാണ്. ഞങ്ങ ളുടെ സ്വന്തമായി ഞങ്ങൾ പ്രസംഗിക്കത്തില്ല. എന്നാൽ യേശുവി നുവേണ്ടി കർത്താവായ യേശുക്രിസ്തുവും ഞങ്ങളും നിങ്ങളുടെ ശുശ്രൂഷക്കാരായിരിക്കുന്നു. ഞങ്ങൾ യേശുവിനെ പ്രസംഗിക്കു ന്നു. എല്ലാവർക്കും താക്കീതു കൊടുത്ത് എല്ലാ ജ്ഞാനത്തോ ടെയും പഠിപ്പിക്കുന്നത് യേശുക്രിസ്തുവിൽ എല്ലാവരെയും പരി പൂർണ്ണരാക്കിത്തീർക്കണം എന്നാണ്. (യേശുവിനെപ്പോലെ പക്വ ത) (2 കൊരിന്ത്യർ 4:5, കൊലൊസ്യർ 1:28).

ഈ പുസ്തകം വായിച്ച് നിങ്ങൾ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഈ പുസ്തകം നിങ്ങൾക്കുവേ ണ്ടിയുള്ള ഞങ്ങളുടെ ഒരു ‘സമ്മാനം’ ആണ്. ഇത് സൗജന്യം ആണ്.

നിങ്ങളെപ്പോലെയുള്ള ആയിരങ്ങൾക്കു ഈ പുസ്തകം സൗജന്യമായി കൊടുത്തുകൊണ്ടിരിക്കുന്നു. അനേകരോടു ദൈവ വചനം അറിയിക്കുവാൻ ധനപരമായി നിങ്ങൾ ഞങ്ങളുടെ ഒരു പങ്കാളി ആകണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. തുടർച്ചയായുള്ള നിങ്ങളുടെ ധനസഹായം അനേകരെ ദൈവവചനം അറിയിക്കു വാൻ സാധിക്കും. കർത്താവു നയിക്കുന്നതനുസരിച്ചു എല്ലാ ജന ങ്ങളുടെയും സഭയിലെ ഒരു പങ്കാളിയാകുക. നിങ്ങളുടെ സംഭാവ നകൾ ചെക്ക് / ഡ്രാഫ്റ്റ് / മണിഓർഡർ ആയി "എല്ലാ ജനങ്ങളു ടെയും സഭ ബാംഗ്ലൂർ" ലേക്കു അയച്ചുതരിക. നിങ്ങൾ ഞങ്ങൾക്കു എഴുതുമ്പോൾ വേറെ പുസ്തകങ്ങളും ആവശ്യപ്പെടുക. ഈ പുസ്തകം നിങ്ങൾക്കു എത്രമാത്രം പ്രയോജനം ആയെന്നും നിങ്ങളുടെ പ്രാർത്ഥനാവശ്യങ്ങളും അഭിപ്രായങ്ങളും അറിയിക്കുക.

**സമ്പർക്ക വിവരം:**

**All Peoples Church & World Outreach**
2nd Floor, No 7M, 2nd Block,
HRBR Layout, Kalyan Nagar,
Bangalore - 560 043

Phone: +91 - 80 - 65970617
Email : contact@apcwo.org
Website : www.apcwo.org

# ഇൻഡ്യയിൽ എല്ലാ ജനങ്ങളുടെയും സഭയുള്ള സ്ഥലങ്ങൾ

താഴെ കൊടുത്തിരിക്കുന്ന ഇടങ്ങളിൽ എല്ലാ ജനങ്ങളുടെയും സഭയുണ്ട്.

എല്ലാ ജനങ്ങളുടെയും സഭ – ബാംഗ്ലൂർ (കർണ്ണാടക)

എല്ലാ ജനങ്ങളുടെയും സഭ – തൊക്കോട്ട്, മാംഗ്ലൂർ (കർണ്ണാടക)

എല്ലാ ജനങ്ങളുടെയും സഭ – കല്യാൺ, മുംബൈ (മഹാരാഷ്ട്ര)

എല്ലാ ജനങ്ങളുടെയും സഭ – വിശാഖപട്ടണം (ആന്ധ്രാപ്രദേശ്)

എല്ലാ ജനങ്ങളുടെയും സഭ – തേജ്പൂർ (ആസ്സാം)

എല്ലാ ജനങ്ങളുടെയും സഭ – ബെർഹാംപൂർ (ഒറീസ്സാ)

എല്ലാ ജനങ്ങളുടെയും സഭ – നാഗ്പൂർ (മഹാരാഷ്ട്ര)

പുതിയ സഭകൾ ഇൻഡ്യയുടെ പലയിടങ്ങളിലും സ്ഥാപിച്ചു കൊണ്ടിരിക്കുന്നു. എല്ലാ ജനങ്ങളുടെയും സഭകളുടെ ഇടങ്ങളും, നിലവിലുള്ള ലിസ്റ്റും ബന്ധപ്പെടുവാനുള്ള വിവരങ്ങളും അറിയേണ്ടതിന് ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക.

www.apcwo.org or
send an email to contact@apcwo.org

# നിങ്ങളെ സ്നേഹിക്കുന്ന ദൈവത്തെ നിങ്ങൾക്ക് അറിയാമോ?

2010 വർഷങ്ങൾക്കു മുമ്പ് ദൈവം ഒരു മനുഷ്യനായി ഈ ഭൂമിയിൽ വന്നു. അവന്റെ പേരാണ് യേശു. പാപംകൂടാതെ പരിപൂർണ്ണമായ ഒരു ജീവിതം യേശു ജീവിച്ചു. യേശു ജഡത്തിൽ ദൈവമായിരുന്നതുകൊണ്ട് യേശു ചെയ്യുകയും പറയുകയും ചെയ്ത എല്ലാ കാര്യങ്ങളിലൂടെയും ദൈവത്തെ നമുക്ക് വെളിപ്പെടുത്തിത്തന്നു. യേശു സംസാരിച്ച എല്ലാ വചനങ്ങളും ദൈവത്തിന്റെ വചനങ്ങളായിരുന്നു. യേശു ചെയ്ത എല്ലാക്കാര്യങ്ങളും ദൈവത്തിന്റെ പ്രവൃത്തികൾ ആയിരുന്നു. ഒത്തിരി അത്ഭുതങ്ങൾ യേശു ഭൂമിയിൽ പ്രകടിപ്പിച്ചു. രോഗികളെയും കഷ്ടം അനുഭവിക്കുന്നവരെയും യേശു സൗഖ്യമാക്കി. യേശു കുരുട്ടുകണ്ണുകളെ തുറന്നു. ചെകിടരെ കേൾക്കുമാറാക്കി. മുടന്തരെ നടക്കുമാറാക്കി. എല്ലാവിധ വ്യാധികളെയും രോഗങ്ങളെയും സൗഖ്യമാക്കി. അത്ഭുതകരമായി, അഞ്ച് അപ്പം കൊണ്ട് അനേകായിരങ്ങളുടെ വിശപ്പടക്കി. കൊടുങ്കാറ്റിനെ ശാസിച്ചമർത്തി. അങ്ങനെ മറ്റനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചു.

ഈ പ്രവൃത്തികൾ എല്ലാം നമുക്ക് വെളിപ്പെടുത്തിക്കാണിക്കുന്നത് ദൈവം ഏറ്റവും നല്ല ഒരു ദൈവം ആണെന്നാണ്. ജനങ്ങൾ എല്ലായ്പ്പോഴും സുഖമായിട്ടും ആരോഗ്യമായിട്ടും സന്തോഷമായിട്ടും തികഞ്ഞവരായിട്ടും ഇരിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. ജനങ്ങളുടെ എല്ലാ ആവശ്യങ്ങളും നൽകി കൊടുക്കുവാൻ ദൈവം ആഗ്രഹിക്കുന്നു.

എന്തുകൊണ്ടാണ് ദൈവം ഒരു മനുഷ്യനായി ഈ ഭൂമിയിൽ വരുവാൻ തീരുമാനമെടുത്തത്? എന്തുകൊണ്ടാണ് യേശു വന്നത്?

നമ്മൾ എല്ലാവരും പാപം ചെയ്യുകയും നമ്മെ സൃഷ്ടിച്ച ദൈവത്തിന്റെ മുമ്പാകെ ദൈവത്തിനു സ്വീകാര്യമല്ലാത്ത അനേകം കാര്യങ്ങൾ ചെയ്യുകയും ചെയ്തു. പാപത്തിന് അതിന്റേതായ അനന്തരഫലങ്ങൾ ഉണ്ട്. നമുക്കും ദൈവത്തിനും മുമ്പാകെ മാറ്റപ്പെടുത്താൻ വയ്യാത്ത വലിയ ഒരു മതിലാണ് പാപം. പാപം ദൈവത്തിൽനിന്നും നമ്മെ വേർതിരിക്കുന്നു. നമ്മെ സൃഷ്ടിച്ച ദൈവത്തെ നാം അറിയുന്നതിനും ദൈവവുമായി ഒരു ഉത്തമബന്ധം സ്ഥാപിക്കുന്നതിനും പാപം നമ്മെ തടസ്സപ്പെടുത്തുന്നു. അതുകൊണ്ട് നമ്മൾ അനേകരും ഈ ശൂന്യത മറ്റനേകം കാര്യങ്ങളെക്കൊണ്ട് നികത്തിക്കുന്നു.

നമ്മുടെ പാപങ്ങളുടെ മറ്റൊരു പരിണിതഫലം ദൈവത്തിൽനിന്നും നിത്യമായ ഒരു വേർപിരിയൽ ആണ്. ദൈവത്തിന്റെ കോടതിയിൽ പാപത്തിനുള്ള ശിക്ഷ മരണം ആണ്. മരണം, നരകത്തിൽ, ദൈവവുമായിട്ടുള്ള നിത്യമായ വേർപെടുത്തൽ ആണ്.

എന്നാൽ, നമുക്ക് പാപത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിക്കാമെന്നും ദൈവവുമായിട്ടുള്ള ബന്ധം പുനഃസ്ഥാപിക്കാം എന്നും ഒരു സുവാർത്താദൂതുണ്ട്. വേദപുസ്തകം പറയുന്നു, "പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ" (റോമർ 6:23). യേശു ക്രൂശിൽ മരിച്ചതിലൂടെ സർവ്വലോകത്തിന്റെയും പാപത്തിന്റെ വില കൊടുത്തു. മൂന്നു ദിവസം കഴിഞ്ഞു യേശു കല്ലറയിൽനിന്നും ഉയിർത്തെഴുന്നേറ്റു, ജീവിച്ചിരിക്കുന്നു എന്ന് അനേകർക്ക് കാണിച്ചുകൊടുത്തു, എന്നിട്ട് സ്വർഗ്ഗത്തിലേക്കു തിരിച്ചുപോയി.

ദൈവം സ്നേഹവും കരുണയും ഉള്ള ഒരു ദൈവമാണ്. ഒരു വ്യക്തിപോലും നരകത്തിൽ പോകുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. എല്ലാ മാനവവർഗ്ഗത്തിനും, പാപത്തിൽനിന്നും, അതിന്റെ പരിണിതഫലത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിക്കുന്നതിന് ഒരു വഴി

ഒരുക്കുവാനാണ് ദൈവം വന്നത്. ദൈവം പാപികളെ രക്ഷിപ്പാനാണ് വന്നത് - എന്നെയും നിങ്ങളെയും പാപത്തിൽനിന്നും നിത്യമരണത്തിൽനിന്നും രക്ഷിക്കുവാൻ.

ഈ പാപമോചനം സൗജന്യമായി ലഭിക്കുവാൻ, ഒരേ ഒരു കാര്യം ചെയ്യുവാനാണ് വേദപുസ്തകം നമ്മളോട് പറയുന്നത് - കർത്താവായ യേശുക്രിസ്തു കാൽവരിക്രൂശിൽ ചെയ്തത് അംഗീകരിക്കുകയും അവനിൽ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കയും ചെയ്യണം എന്നുള്ളതാണ്.

“അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമംമൂലം പാപമോചനം ലഭിക്കും” (അപ്പൊ. പ്ര. 10:43).

“യേശുവിനെ കർത്താവ് എന്നു വായകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും” (റോമർ 10:9).

നിങ്ങളും കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുകയാണെങ്കിൽ നിങ്ങൾക്കും പാപമോചനവും പാപങ്ങളുടെ കഴുകലും പ്രാപിക്കാം.

താഴെ കൊടുത്തിരിക്കുന്ന ലളിതമായ പ്രാർത്ഥന, കർത്താവായ യേശുക്രിസ്തുവിലും യേശു കാൽവരിക്രൂശിൽ നിങ്ങൾക്കുവേണ്ടി എന്തുചെയ്തു എന്നു വിശ്വസിക്കുന്നതിനുമായി ഒരു തീരുമാനമെടുക്കുവാൻ നിങ്ങളെ സഹായിക്കും.

യേശു കാൽവരിക്രൂശിൽ നിങ്ങൾക്കുവേണ്ടി എന്താണ് ചെയ്തതെന്നും നിങ്ങളുടെ പാപങ്ങൾ മോചിക്കപ്പെടുവാനും കഴുകൽ പ്രാപിക്കുവാനും ഉള്ള നിങ്ങളുടെ സ്വീകാരം പ്രകടിപ്പിക്കുവാനും ഈ പ്രാർത്ഥന നിങ്ങളെ സഹായിക്കും. ഈ പ്രാർത്ഥന നിങ്ങൾക്ക് ഒരു മാർഗ്ഗദർശനം മാത്രം ആണ്. നിങ്ങളുടെ സ്വന്തവാക്കുകളിലും നിങ്ങൾക്കു പ്രാർത്ഥിക്കാം.

പ്രിയകർത്താവായ യേശുവേ, ഇന്ന്, നീ എനിക്കുവേണ്ടി ക്രൂശിൽ ചെയ്തതു ഞാൻ മനസ്സിലാക്കിയിരിക്കുന്നു. നീ എനിക്കുവേണ്ടി മരിച്ചു. എനിക്കു പാപമോചനം ലഭിക്കുവാൻ നിന്റെ **വിലയേറിയ രക്തം ചൊരിഞ്ഞു** എന്റെ പാപങ്ങൾക്കു നീ **പ്രായശ്ചിത്തം** കൊടുത്തു. വേദപുസ്തകം പറയുന്നു, ആരെല്ലാം നിന്നിൽ വിശ്വസിക്കുന്നുവോ അവരുടെ പാപങ്ങൾക്കു മോചനം ലഭിക്കുമെന്ന്.

ഇന്ന്, നിന്നിൽ വിശ്വസിക്കുവാനും, നീ എനിക്കു വേണ്ടി ചെയ്തത്, എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതും മൂന്നാംദിവസം ഉയിർത്തെഴുന്നേറ്റതും, അംഗീകരിക്കുവാനും ഞാൻ തീരുമാനം എടുക്കുന്നു. എന്റെ നല്ല പ്രവൃത്തികളാലോ, മറ്റു മനുഷ്യരാലോ എനിക്കു രക്ഷിക്കപ്പെടുവാൻ കഴിയത്തില്ലെന്നു ഞാൻ അറിയുന്നു. എന്റെ പാപങ്ങൾക്കു പാപമോചനം പ്രാപിക്കുവാൻ എനിക്കു കഴിയത്തില്ല.

ഇന്ന്, എന്റെ ഹൃദയത്തിൽ ഞാൻ വിശ്വസിച്ചു എന്റെ വായ കൊണ്ട് ഞാൻ ഏറ്റുപറയുന്നു, നീ എനിക്കുവേണ്ടി മരിച്ചു എന്നും എന്റെ പാപങ്ങൾക്കുവേണ്ടി പ്രായശ്ചിത്തം കൊടുത്തു എന്നും നീ മരിച്ചവരിൽനിന്നും വീണ്ടും ഉയിർത്തെഴുന്നേറ്റു എന്നും. നിന്നിലുള്ള വിശ്വാസത്താൽ പാപമോചനവും പാപങ്ങളുടെ കഴുകലും ഞാൻ സ്വീകരിക്കുന്നു.

യേശുവേ നന്ദി. നിന്നെ സ്നേഹിക്കുവാനും നിന്നെ കൂടുതൽ അറിയുവാനും നിന്നോടു വിശ്വസ്തനായിരിക്കുവാനും എന്നെ സഹായിക്കേണമേ. ആമേൻ.

# Notes

## Notes

നമ്മുടെ ക്രിസ്തീയനടപ്പിൽ, നമ്മുടെ മുഴുവൻ ക്രിസ്തീയ അനുഭവങ്ങളുടെയും ധാർമ്മികഗുണം നിർണ്ണയിക്കുന്ന ഏറ്റവും അതിപ്രധാനമായ ഒരു മൂലതത്ത്വം ഉണ്ട്, അതാണ് ദൈവവചനം. നമ്മൾ വിജയത്തിൽ നടന്നാലും ഇല്ലെങ്കിലും, നമ്മൾ യഥാർത്ഥമായി അനുഭവിക്കുന്ന അനുഗ്രഹങ്ങളുടെ അളവ് വളരെയധികം സ്വാധീനിക്കുന്നത്, നമ്മുടെ ദൈനംദിന ജീവിതത്തിൽ നമ്മൾ സ്വീകരിക്കുന്നതും, വിശ്വാസപ്രകാരം സമർത്ഥിപ്പിക്കുകയും ചെയ്യുന്ന, ദൈവവചനത്തിന്റെ അളവനുസരിച്ചായിരിക്കും.

ആദ്യം, തിരുവെഴുത്തുകൾ ജീവനില്ലാത്തതായി തോന്നുന്നതും, ക്രമമില്ലാത്ത ഒരു വായനക്കാരന് മുഷിപ്പായി തോന്നുന്നതും സത്യം ആണ്. എന്നാൽ അതിന്റെ അന്തർലീനമായ ശക്തിയുടെ വിവേകം ലഭിച്ചവർക്കും ദൈവത്തിന്റെ ജനങ്ങളുടെ ജീവിതത്തിൽ വേണ്ടതിന്, ദൈവവചനം ദൈവം തന്നെ ഏല്പിച്ചിരിക്കുന്ന സ്ഥലം ഗ്രഹിച്ചവർക്കും, വചനം ജീവൻ ആകുന്നു. തിരുവെഴുത്ത് പറയുന്നപ്രകാരം അവരുടെ ഇപ്പോഴത്തേതും ഭാവിയിലേതും മുഴുവൻ അവർ അതിൽ ആശ്രയിച്ചു. അവർക്ക് കാണുവാനോ, തൊടുവാനോ, കേൾക്കുവാനോ, മണക്കുവാനോ, രുചിക്കുവാനോ കഴിയാത്തപ്പോഴും അവർക്ക് 'അറിയാമായിരുന്നു' എന്തുകൊണ്ടെന്നാൽ വചനം അവരിൽ പൂർണ്ണവിശ്വാസമുള്ള വാഗ്ദാനവും ശക്തിയേറിയതും ഇളക്കാൻ കഴിയാത്തതുമായ ദൃഢവിശ്വാസം അവരിൽ ഉൽപാദിപ്പിച്ചുവെന്ന്. ഞങ്ങളുടെ ഹൃദയത്തിന്റെ ആഗ്രഹം ഇതാണ്, ഈ പുസ്തകത്തിന്റെ മാദ്ധ്യമത്തിലൂടെ ഞങ്ങൾക്ക് എത്തിച്ചേരാൻ കഴിയുന്ന ഓരോരുത്തരോടുമുളുള വിശേഷഭാഗ്യം, കർത്താവിനോടുകൂടെയുള്ള അവരുടെ നടപ്പിൽ, അവരെയും ഈ പൂർണ്ണവിശ്വാസമുള്ള വാഗ്ദാനത്തിൽ കൊണ്ടുവരണം. വചനത്തിൽ നിങ്ങൾ ഇതുവരെ വിവേകത്തിന്റെ കുറച്ച് അളവ് പ്രാപിച്ചിട്ടുണ്ടെങ്കിൽ, ഞങ്ങൾ ആഗ്രഹിക്കുന്നത് നിങ്ങൾ കൂടുതലായി ശക്തീകരിക്കപ്പെടുകയും പ്രചോദിപ്പിക്കപ്പെടുകയും ചെയ്യും എന്നാണ്.

**അഷീഷ് റായിച്ചൂർ**